# വടക്കേവിള ഗ്രാമപഞ്ചായത്ത്



# വികസനരേഖ

**1996**

# വടക്കേവിള ഗ്രാമപഞ്ചായത്ത്

ഒൻപതാം പദ്ധതി ജനകീയ പദ്ധതി

ജനകീയാസൂത്രണം

അധികാരം ജനങ്ങളിലേക്ക്

## വികസന റിപ്പോർട്ട്

# പഞ്ചായത്തിലെ പഴയ സാരഥികൾ



ശ്രീ. ജി.ഡി. നായർ
(15-8-53 to 31-12-62)



ശ്രീ. ഒ. മാധവൻ
(1-1-64 to 31-8-79
1-10-79 to 30-9-84)



ശ്രീ. പി. ശശിധരൻപിള്ള
(9-11-81 to 3-9-83)



ശ്രീ. എ. യൂനുസ്കുഞ്ഞ്
(23-9-83 to 30-9-84
8-2-88 to 12-3-91)



ശ്രീ. പി. ബാലചന്ദ്രൻ
(13-3-91 to 7-2-94)



ശ്രീ. എ. അബ്ദുൽ
റഹുമാൻകോയ
(7-2-94 to 30-9-95)

"സ്വാതന്ത്ര്യം തീർച്ചയായും സമൂഹത്തിന്റെ അടിത്തട്ടിൽ നിന്നാണ് ഉരുത്തിരിയേണ്ടത്. അങ്ങനെ വരുമ്പോൾ ഓരോ ഗ്രാമവും പൂർണ്ണ അധികാരങ്ങളുള്ള ഒരു റിപ്പബ്ലിക് അഥവാ ഒരു പഞ്ചായത്ത് ആയിരിക്കും. ഓരോ പഞ്ചായത്തും സ്വയം പര്യാപ്തമാകേണ്ടതും സ്വന്തം കാര്യങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷി ആർജ്ജിക്കേണ്ടതുമാണ്. ലോകം മുഴുവൻ എതിർത്താലും അതിനെ പ്രതിരോധിക്കാൻ പഞ്ചായത്തുകൾക്ക് അവകാശമുണ്ടായിരിക്കും."

—മഹാത്മാഗാന്ധി

23

## എഡിറ്റോറിയൽ ബോർഡ്


എം. ഭാസ്ക്കരൻ

വിൽസൻ ആൻറണി

കുഞ്ഞുമോൻ. വി

വിശ്വനാഥൻ. കെ

അനിൽകുമാർ. കെ

പട്ടത്താനം സുനിൽ

ശ്യാംലാൽ. എസ്സ്

അയത്തിൽ സോമൻ

കുമാരൻ. വി

എ. ചന്ദ്രശേഖരൻ

ഇ. താജുദ്ദീൻ



Printed at
JANAYUGAM PRESS, Kollam

Page Set-up by
QUILON BLOCKS, Kollam

# ഗ്രാമ പഞ്ചായത്ത് സാരഥികൾ



ആർ. ഷൈലജ
പ്രസിഡൻറ്



എം. നൗഷാദ്
വൈസ് പ്രസിഡൻറ്



ഗ്രേസി തോമസ്
സെക്രട്ടറി



വി. ജയ ചന്ദ്രൻപിള
സ്റ്റാൻറിംഗ് കമ്മിറ്
ചെയർമാൻ



എസ്. വിജയൻ



ആർ. ഗോപാലകൃഷ്ണപിള്ള



തങ്കമണി ബാലചന്ദ്രൻ



ബീനാകൃഷ്ണൻ



ബൈജുകുമാർ



മെഹബൂബ് എൽ.എം.



ബേബിജ്യോതിർമയി



ഭാനുമതി അമ്മ



ഐ. ഷാജഹാൻ



സന്തോഷ് ബാബു



അബ്ദുൽ റഹ്മാൻകോയ



അനിൽകുമാർ

# ഉള്ളടക്കം

ആമുഖം

പഞ്ചായത്ത് പൊതുവിവരണം

സാമൂഹിക സാംസ്കാരിക ചരിത്രം

ഗ്രാമപഞ്ചായത്തിന്റെ ചരിത്രം

ഭൂപ്രകൃതിയും ജനപ്രകൃതി, ജല വിഭവം

കൃഷിയും ജലസേചനവും

മൃഗസംരക്ഷണവും മത്സ്യബന്ധനവും

വ്യവസായം, ഊർജ്ജം, ഗതാഗതം

വിദ്യാഭ്യാസം, സംസ്കാരം

പൊതുജനാരോഗ്യം, കുടിവെള്ളം

പാർപ്പിടം, സാമൂഹ്യക്ഷേമം, പൊതുവിതരണം

സഹകരണ മേഖല

വനിത

പട്ടികജാതി ക്ഷേമം

വിഭവ സമാഹരണം

# ആമുഖം

ഇൻഡ്യ സ്വതന്ത്രയായിട്ട് അരനൂറ്റാണ്ടാകുന്നു. അധികാരവികേന്ദ്രീകരണം വളരെയേറെ ചർച്ച ചെയ്യപ്പെട്ടുവെങ്കിലും, അതിനു സഹായകമായ ഭരണഘടനാ വ്യവസ്ഥകൾ ഉണ്ടായില്ല. പദ്ധതി ആസൂത്രണവും നിർവ്വഹണവും സാധാരണ ജനങ്ങൾക്ക് അന്യമായി. മുകളിൽനിന്ന് ഉദ്യോഗസ്ഥൻമാർ ചട്ടപ്പടി തട്ടിക്കൂട്ടിയ സ്കീമുകളിലൊതുങ്ങി ഇൻഡ്യൻ പദ്ധതി അസൂത്രണം. അത്തരം സ്കീമുകൾ താഴെത്തട്ടിൽ സ്വീകരിയ്ക്കപ്പെടുകയോ നേട്ടങ്ങൾ നീതിപൂർവ്വകമായി വിതരണം ചെയ്യപ്പെടുകയോ ഉണ്ടായില്ല.

പദ്ധതി അടങ്കലിൻെറ നാൽപതു ശതമാനം തുക പഞ്ചായത്ത് പദ്ധതികൾക്കായി വിനിയോഗിക്കപ്പെടുമെന്നും, അത്തരം പദ്ധതികൾ ജനകീയ പങ്കാളിത്തത്തോടെ ആസൂത്രണം ചെയ്യപ്പെടുമെന്നുമുള്ള കാഴ്ചപ്പാടോടെ, ജനകീയാസൂത്രണത്തിന് രൂപം കൊടുക്കുകവഴി പദ്ധതി ആസൂത്രണത്തിലും വികസന പ്രക്രിയയിലും കേരളത്തിലെ ജനങ്ങൾ പ്രധാനപങ്കാളികളായി മാറുകയാണ്. ഭൂപരിഷ്കരണ കാര്യത്തിലും, സാക്ഷരതയിലും, ജനപങ്കാളിത്തത്തോടെ കൈവരിച്ച നേട്ടത്തിൻെറ അനുഭവത്തിൽ പരിശോധിക്കുമ്പോൾ, കേരളം നേരിടുന്ന വികസന വെല്ലുവിളികളെ അതിജീവിയ്ക്കുന്നതിനും, വികസന പ്രവർത്തനങ്ങളിൽ കാണുന്ന ചോർച്ച ഒരു പരിധിവരെ ഒഴിവാക്കുന്നതിനും അതിൻെറ ഗതിവേഗം കൂട്ടുന്നതിനും ജനകീയാസൂത്രണത്തിനു കഴിയുമെന്നുവേണം വിലയിരുത്താൻ. ഇതുവരെ ഈ രംഗത്ത് കേരളത്തിലാകമാനം നടന്ന പ്രവർത്തനങ്ങളിൽ കാണുന്ന ഉണർവും ആവേശവും ഈ ധാരണയെ ബലപ്പെടുത്തുകയാണ് ചെയ്യുന്നത്.

വടക്കേവിള പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിച്ച നാൾമുതൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ആസൂത്രണ പ്രവർത്തകരും ഒരേ മനസ്സോടെ കൂട്ടായ പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിയ്ക്കുന്നത്. വാർഡു തലത്തിൽ നടന്ന ഗ്രാമസഭകളിൽ ഉണ്ടായ പങ്കാളിത്തവും, നടന്ന ചർച്ചകളും ആവേശകരമായിരുന്നു. ഗ്രാമസഭകളിലെ വനിതകളുടെ പങ്കാളിത്തം ഗണനീയമായിരുന്നു. ജില്ലാതലത്തിൽ നടന്ന പരിശീലന പരിപാടികളിൽ പഞ്ചായത്തിൽ നിന്നു തീരുമാനിച്ച മുഴുവൻ പ്രവർത്തകരും പങ്കെടുത്തു. പഞ്ചായത്തു തലത്തിൽ നടന്ന ഏകദിനശിൽപശാലകളും വമ്പിച്ച വിജയമായിരുന്നു. പഠനപര്യടനവും, കാരണവസംഗമവും, ജനകീയ സർവ്വേയും പ്രതീക്ഷയിൽ കവിഞ്ഞ പങ്കാളിത്തത്തോടെയാണ് നടന്നത്, പഞ്ചായത്തിലെ കൃഷി ആഫീസറും വെറ്റിനറി സർജനും ഉൾപ്പെടെ പ്രധാന ഉദ്യോഗസ്ഥരെല്ലാം ആസൂത്രണ പ്രവർത്തകരോടൊപ്പം പ്രവർത്തിയ്ക്കുന്നു. വരുംകാല വികസന പ്രവർത്തനങ്ങളിൽ നാനാതുറകളിൽ പ്രവർത്തിക്കുന്ന മുഴുവൻ ആളുകളുടെയും സഹകരണം ഉണ്ടാകുമെന്ന സൂചനയാണ് ഇപ്പോൾ നടക്കുന്ന പ്രവർത്തനങ്ങളിൽ നിന്നും കിട്ടുന്നത്. ഈ പഞ്ചായത്തിൽ നടക്കുന്ന കൂട്ടായ പ്രവർത്തനത്തിൻെറ മറ്റൊരു ഉൽപന്നമാണ് ഈ വികസന റിപ്പോർട്ട്.

# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | വടക്കേവിള |
| ഉൾപ്പെടുന്ന വില്ലേജ് | : | വടക്കേവിള വില്ലേജിൻെറ ഭാഗം |
| ബ്ലോക്ക് പഞ്ചായത്ത് | : | മുഖത്തല |
| താലൂക്ക് | : | കൊല്ലം |
| അസംബ്ലി മണ്ഡലം | : | ഇരവിപുരം |
| ജില്ല | : | കൊല്ലം |
| വിസ്തീർണ്ണം | : | 8.55 ച.കി.മീ. |
| അതിരുകൾ | : | വടക്ക്: കിളികൊല്ലൂർ പഞ്ചായത്ത് |
| | : | വടക്ക്—കിഴക്ക്: കൊറ്റങ്കര പഞ്ചായത്ത് |
| | : | കിഴക്ക്: തൃക്കോവിൽവട്ടം പഞ്ചായത്ത് |
| | : | തെക്ക്: ഇരവിപുരം പഞ്ചായത്ത് |
| | : | പടിഞ്ഞാറ്: കൊല്ലം മുനിസിപ്പാലിറ്റി |
| ജനസംഖ്യ | : | 50165 |
| പുരുഷൻ | : | 24,898 |
| സ്ത്രീ | : | 25,267 |
| ജനസാന്ദ്രത | : | 5870.25 |
| വാർഡുകൾ | : | പതിനഞ്ച് |
| പ്രസിഡൻറ് | : | ആർ. ഷൈലജ |
| വൈസ് പ്രസിഡൻറ് | : | എം. നൗഷാദ് |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ | : | വി. ജയചന്ദ്രൻപിള്ള |
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി | : | ഗ്രേസി തോമസ് |
| എം. പി. | : | എൻ. കെ. പ്രേമചന്ദ്രൻ |
| എം. എൽ. എ | : | വി.പി. രാമകൃഷ്ണ പിള്ള |
| ജില്ലാ പഞ്ചായത്തംഗങ്ങൾ | : | എം. കെ. ഭാസ്ക്കരൻ, കെ. എ. റഷീദ് |
| ബ്ലോക്ക് പഞ്ചായത്തംഗങ്ങൾ | : | എം. കാസിംപിള്ള<br>എൻ. ശശിധരൻ<br>കെ. രാധമ്മ |

# സാമൂഹിക—സാംസ്കാരിക ചരിത്രം

**കൊല്ലം** കേന്ദ്രീകരിച്ചു ഭരണം നടത്തിയിരുന്ന ദേശിങ്ങനാട് രാജകുടുംബത്തിന്റെ അധീനതയിൽപ്പെട്ട പ്രദേശമായിരുന്നു വടക്കേവിള. കൊല്ലം ഡിസ്ട്രിക്ടിൽ ഇരവിപുരം സബ് ഡിസ്ട്രിക്ടിൽ രണ്ടു പകുതികൾ തെക്കേവിളയും വടക്കേവിളയും എന്നു രേഖപ്പെടുത്തിയിരുന്നു. അങ്ങനെയാണ് വടക്കേവിളയെന്ന പേരുലഭിച്ചത്. വടക്കേവിള വില്ലേജിന്റെ ഒരു ഭാഗം കൊല്ലം മുൻസിപ്പാലിറ്റിയാണ്. ബാക്കിഭാഗമാണ് വടക്കേവിള പഞ്ചായത്തായി രൂപീകരിച്ചത്.

ദേശിങ്ങനാട് രാജകുടുംബം പണ്ഡിതവരേണ്യന്മാരെ പങ്കെടുപ്പിച്ച് വിദ്വൽ സദസ്സു നടത്തി പട്ടർ സ്ഥാനം നൽകി വന്നിരുന്ന പ്രദേശമാണ് പിന്നീടു പട്ടത്താനമായി രൂപംകൊണ്ടത്. വടക്കേവിളയുടെ മറ്റു ഭാഗങ്ങളായ അയത്തിൽ, പുന്തലത്താഴം, മുള്ളുവിള, പാലത്തറ, തട്ടാമല, മണക്കാട്, വടക്കേവിള എന്നീ പേരുകൾക്ക് പിന്നിലും ഓരോ ഐതിഹ്യങ്ങളുണ്ട്. അയിത്തം വന്ന ഒരില്ലം ഉണ്ടായിരുന്ന സ്ഥലമെന്നും, കയത്തിൽ എന്ന പേരിന്റെ രൂപ പരിണാമമാണ് അയത്തിലെന്നും പറയപ്പെടുന്നു. നാനാതരം മുള്ളുകളും സുലഭമായി വളർന്നുവന്ന സ്ഥലമാണ് മുള്ളുവിളയെന്നും, വടക്കുനിന്നുള്ള ജലം താഴേക്കു ഒഴുകിയെത്തി പൂന്തൽ ഉണ്ടായപ്രദേശം പൂന്തൽവിളയായി. പിന്നീട് പുന്തലത്താഴം എന്ന പേരുംവന്നു. പാൽനിറമുള്ള മണ്ണും, തെളിനീരും കിട്ടുന്ന പ്രദേശമാണ് പാലത്തറ. കൂടാതെ ധാരാളം പാലനിന്ന തറയാണ് പാലത്തറയായതെന്നും പറയപ്പെടുന്നു. കുന്നും താഴ്ചയുമുള്ള പ്രദേശങ്ങൾ ഇവിടെ ധാരാളമുണ്ട്. തട്ടുതട്ടായി കിടന്ന ഈ പ്രദേശം പിന്നീട് തട്ടാമലയായി പേരുവന്നു. ഇന്ന് പള്ളിമുക്ക് എന്ന് അറിയപ്പെടുന്ന സ്ഥലത്ത് മുമ്പു തിരുവിതാംകൂർ ദേവസ്വംബോർഡുവക ഒരു ശാസ്താക്ഷേത്രം സ്ഥിതി ചെയ്തിരുന്നു. കാലാന്തരത്തിൽ ഈ ക്ഷേത്രം ജീർണ്ണിച്ചുപോയിട്ടുള്ളതും ആ കാലഘട്ടത്തിൽ ഈ സ്ഥലം ശാസ്താംവാതുക്കൽ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. മുമ്പ് നെൽപ്പുരവെളിയെന്നും ഈ സ്ഥലത്തിന് പേരുണ്ടായിരുന്നു. (ഈ സ്ഥലത്താണ് പഞ്ചായത്തുമാർക്കറ്റ്, ആയൂർവേദ ആശുപത്രി, വടക്കേവിള വില്ലേജ് ആഫീസ്, ഇക്ബാൽ ലൈബ്രറി എന്നിവ സ്ഥിതി ചെയ്യുന്നത്.)

കൊല്ലം—തിരുവനന്തപുരം റോഡ് നിർമ്മിച്ചതോടുകൂടി വടക്കേവിളയുടേയും തെക്കേവിളയുടേയും അതിർത്തിയായി ടി റോഡുരൂപാന്തരപ്പെടുകയും, റോഡിനു തെക്കുഭാഗത്തുണ്ടായിരുന്ന വടക്കേവിളയുടെ പ്രദേശങ്ങൾ തെക്കേവിളയോടു ചേർത്തിട്ടുള്ളതുമാണ്.

കൊല്ലം—ചെങ്കോട്ട, കൊല്ലം—എറണാകുളം എന്നീ റെയിൽവേ പാതകൾ വടക്കേവിള പഞ്ചായത്തിന്റെ ഏതാനും ഭാഗങ്ങളിൽകൂടി കടന്നു പോകുന്നുണ്ട്.

വളരെയധികം ആരാധനാലയങ്ങൾ സ്ഥിതി ചെയ്യുന്ന ഒരു പ്രദേശമാണ് വടക്കേവിള. ഹിന്ദുക്കൾ അധികമായി തിങ്ങിപ്പാർത്തിരുന്ന ഇവിടെ ഹിന്ദുദേവാലയങ്ങളുടെ ഒരു നിരതന്നെയുണ്ട്. പട്ടത്താനം ശ്രീ അമ്മൻനട, പാലത്തറ ശ്രീ ദുർഗ്ഗാദേവിക്ഷേത്രം വലിയ കൂനം പായിക്കുളം ക്ഷേത്രം, പട്ടത്താനം ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം, പാട്ടത്തിൽകാവു ദേവീ ക്ഷേത്രം, അയത്തിൽ കൊച്ചമ്മൻനട, ശ്രീ കരുത്തർ ക്ഷേത്രം, ഗോപാലശ്ശേരി ശ്രീ ദുർഗ്ഗാദേവി ക്ഷേത്രം, തെക്കേക്കാവു ഭഗവതി ക്ഷേത്രം, ശ്രീ ഇണ്ടളയപ്പൻ ക്ഷേത്രം, കൊച്ചു കൂനം പായിക്കുളംദേവി ക്ഷേത്രം, വള്ളുവൻതറ ക്ഷേത്രം, മംഗലത്തുക്ഷേത്രം, അയത്തിൽ ശ്രീ മൂർത്തിക്ഷേത്രം, അയത്തിൽ പാണ്ടിയാൻമൂടുക്ഷേത്രം, അക്കരവിളക്ഷേത്രം തുടങ്ങിയ ക്ഷേത്രങ്ങളിലും മറ്റു പല കുടുംബ ക്ഷേത്രങ്ങളിലും ഹിന്ദുക്കൾ പൂജാകർമ്മങ്ങൾ നടത്തുമ്പോൾ മുസ്ലീം ദേവാലയങ്ങളും ഇവിടെ തലയുയർത്തി നിൽക്കുന്നു. കൊല്ലൂർവിള പള്ളി, തട്ടാമല പള്ളി, അയത്തിൽ പള്ളി ഇവയാണ് ഈ പ്രദേശത്തെ മുസ്ലീങ്ങളുടെ പ്രധാന ആരാധനാലയങ്ങൾ. ഇതിൽ കൊല്ലൂർവിള പള്ളിയും തട്ടാമല പള്ളിയും സ്ഥിതി ചെയ്തിരുന്ന സ്ഥലങ്ങൾ ആദ്യകാലത്ത് വടക്കേവിളയുടെ ഭാഗമായിരുന്നു. കൊല്ലം—തിരുവനന്തപുരം റോഡിന്റെ നിർമ്മാണത്തിനുശേഷം വില്ലേജ് പുനർവിഭജനത്തിൽ ഈ സ്ഥലം ഇരവിപുരത്തും, മയ്യനാടും ആയി മാറിയിട്ടുള്ളതാണ്. അയത്തിൽ ജംഗ്ഷനിൽ ദേശീയപാതയോടുചേർന്നുനിൽക്കുന്ന നമസ്ക്കാരപള്ളി, പാലത്തറ തയ്ക്കാവ്, കൊല്ലം—തിരുവനന്തപുരം N.H. റോഡ്സൈഡിൽ മാടൻനട ജംഗ്ഷനിലുള്ള നമസ്ക്കാരപള്ളിയും പഴിയാറ്റിൻകുഴിയിലുള്ള നമസ്ക്കാരപള്ളിയും പായിക്കുളം തൈയ്ക്കാവ്, നടീലത്ത് തൈയ്ക്കാവ്, പുന്തോപ്പ്വയൽ തൈയ്ക്കാവ് എന്നിവയും അനാഥകളെ സംരക്ഷിക്കുന്ന ഇർഷാദുൽ അനാം യത്തീംഖാനയും എടുത്തു പറയത്തക്കതാണ്.

ജനസംഖ്യയിൽ ഒരു ചെറിയഭാഗം മാത്രമായ

ക്രിസ്ത്യാനികൾ ആരാധന നടത്തുന്ന അയത്തിൽ നോർബട്ടേൺസ് ചർച്ചിലുമാണ്. മുമ്പ് ഇത് വിശ്വറാണി ചർച്ച് എന്നാണ് അറിയപ്പെട്ടിരുന്നത്.

ഇതിൽ പലതും, വളരെയധികം പഴക്കമുള്ള ആരാധനാലയങ്ങളാണ്. ഇവയെല്ലാം ജനങ്ങളുടെ ആത്മീയ പുരോഗതിയ്ക്കും മതസൗഹാർദ്ദത്തിനും വളരെയധികം സംഭാവനകൾ നൽകിയിട്ടുണ്ട്. കേരളത്തിൻെറ തനത്കലയായ കഥകളി പട്ടത്താനം അമ്മൻനടയിലും പാലത്തറ ദേവീക്ഷേത്രത്തിലും, അയത്തിൽ ഇണ്ടളയപ്പൻക്ഷേത്രത്തിലും വളരെ പുരാതനകാലം മുതൽ എല്ലാവർഷവും നടത്തി വന്നിരുന്നു. ഈ പഞ്ചായത്തു രൂപീകരിക്കുന്നതിനുമുൻപ് ഈ പഞ്ചായതത്തിലുണ്ടായിരുന്ന ഒരു രാജപാതയാണ് പള്ളിമുക്ക്—അയത്തിൽ റോഡ്. അക്കാലങ്ങളിലെ പ്രധാന യാത്രാമാർഗ്ഗം ജലഗതാഗതമായിരുന്നു. കൊട്ടാരക്കര രാജാക്കന്മാർ ഇരവിപുരത്തുവന്ന് വള്ളത്തിൽ കയറുന്നതിനും, ഇരവിപുരത്തു വള്ളത്തിൽ വന്നിറങ്ങുന്ന രാജാക്കന്മാർക്ക് കൊട്ടാരക്കരയ്ക്കുപോകുന്നതിനും വേണ്ടി നിർമ്മിച്ചതിനാലാണ് അയത്തിൽ—പള്ളിമുക്ക്റോഡ് രാജപാതയെന്നു അറിയപ്പെട്ടിരുന്നത്.

പെരുംകുളം ഏലായിൽനിന്നും കൊല്ലം തോട്ടിലേക്ക് വെള്ളം ഒഴുകിപോകുന്നതിന് പഴയാർ എന്ന പേരിൽ പണ്ട് ഈ പഞ്ചായത്തിൽ കൂടീ ഒരു ആറ് ഉണ്ടായിരുന്നു. അക്കാലങ്ങളിൽ കൊല്ലം തോട്ടിൽനിന്നും വള്ളങ്ങൾ പെരുംകുളം ഏലായിൽ വന്നിരുന്നതായി പഴമക്കാർ പറയുന്നുണ്ട്. കാലാന്തരത്തിൽ മണ്ണ് ഇടിഞ്ഞുവീണ് ഈ ആറ് നികന്നുപോയി. ഈ ആറ് ഒഴുകിയിരുന്ന സ്ഥലം ഇന്നും പഴയാറ്റിൻകുഴിയെന്നാണ് അറിയപ്പെടുന്നത്. ഈ അടുത്തകാലത്ത് നടന്ന റീസർവ്വേയിലാണ് ഈ സ്ഥലങ്ങൾ കൈവശക്കാർക്ക് പതിച്ചു നൽകിയിട്ടുള്ളത്.

ലോകം കണ്ട നവോത്ഥാന നായകന്മാരിൽ അഗ്രഗണ്യനായിരുന്ന ശ്രീ നാരായണ ഗുരുദേവൻെറ പാദസ്പർശമേറ്റ സ്ഥലമാണ് പാലത്തറ. ഗുരുദേവന് ഈ പ്രദേശത്തിനോട് അദമ്യമായ ഒരു ആത്മബന്ധം തോന്നിയിരുന്നു. ഗുരുദേവൻെറ സന്ദർശനത്തോടുകൂടി ജനസമൂഹത്തിൽ നിലവിലുണ്ടായിരുന്ന പല അനാചാരങ്ങളും അവസാനിപ്പിക്കാൻ കഴിഞ്ഞു. ഇതേ തുടർന്ന് സാമൂഹ്യപുരോഗതിക്ക് ഉതകുന്ന പ്രവർത്തനങ്ങളുടെ ഫലമായി ഉടലെടുത്തവയാണ് ഈ പഞ്ചായത്തിലുണ്ടായ വായനശാലകൾ. അയത്തിൽ സാഹിത്യവിലാസിനി വായനശാല, പുന്തലത്താഴം Y.M.V.A. ലൈബ്രറി, പട്ടത്താനം, Y.M.A. ലൈബ്രറി, പള്ളിമുക്ക് ഇക്ബാൽ ലൈബ്രറി, വടക്കേവിള ശ്രീവിലാസം വായനശാല എന്നിവയുടെ പ്രവർത്തനഫലമായി പൊതുജനങ്ങളിൽ സാമൂഹ്യബോധവും കൂടുതൽ അറിവും നേടുന്നതിനു സാധിച്ചു.

ഐതിഹാസികമായ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത ധാരാളംപേർ വടക്കേവിളയിലുണ്ടായിരുന്നു. 1114—ൽ നടന്ന കൊല്ലം വെടിവയ്പിൽ ഈ പഞ്ചായത്തിലെ ചിലർക്ക് വെടിയേൽക്കുകവരെയുണ്ടായി. സ്റ്റേറ്റു കോൺഗ്രസ്സുകാർ നേതൃത്വം നൽകിയിരുന്ന ഉത്തരവാദ ഭരണപ്രക്ഷോപണത്തിനും ദേശീയ സ്വാതന്ത്ര്യ സമരത്തിലും ഈ പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾ അവരുടേതായ സജീവപങ്ക് വഹിച്ചിട്ടുണ്ട്. ഇവരിൽപലരും കേരള രാഷ്ട്രീയ ചരിത്രത്തിൻെറ ഏടുകളിൽ നിർണ്ണായക സ്ഥാനം വഹിച്ചിട്ടുള്ളവരുമാണ്. മുൻമന്ത്രി ശ്രീ. ടി.കെ. ദിവാകരൻ, തട്ടാമല രാമൻപിള്ള എന്നിവരുടെ പേരുകൾ പ്രത്യേകം സ്മരണീയമാണ്. സ്റ്റേറ്റു കോൺഗ്രസ്സിൻെറ ആവിർഭാവകാലത്തുതന്നെ മുള്ളുവിള ലോക്കൽ കമ്മറ്റിയെന്ന പേരിൽ ഒരു ശാഖ സ്ഥാപിച്ചു. വാറഴികത്തു ശ്രീ. എൻ. നാരായണൻ, കമ്മാംകുടി എൻ ജനാർദ്ദനൻ, പുതൂത്തല പി.എൻ. രവീന്ദ്രൻ തുടങ്ങിയവരായിരുന്നു ആദ്യകാല പ്രവർത്തകർ. പട്ടത്താനം കേന്ദ്രീകരിച്ച് ശ്രീ. പാലയ്ക്കൽ കെ.എസ്. ശർമ്മയുടെ നേതൃത്വത്തിൽ സ്റ്റേറ്റു കോൺഗ്രസ്സിൻെറ പ്രവർത്തനം നടത്തിയിരുന്നതുമാണ്.

ആയൂർവേദ ചികിത്സാരംഗത്ത് പ്രഗത്ഭരായ പലരും ഈ പഞ്ചായത്തിൽ മുൻകാലത്ത് ജീവിച്ചിരുന്നു. പാലയ്ക്കൽ ശ്രീ. കെ. കൊച്ചുകുഞ്ഞു വൈദ്യർ, വിളയിൽ ശ്രീ. ശങ്കരൻ വൈദ്യർ, കണ്ണാടത്തുവൈദ്യർ, അയത്തിൽ പപ്പുപിള്ളസാർ തുടങ്ങിയവരായിരുന്നു അവർ. വിഷ ചികിത്സാരംഗത്ത് തെങ്ങഴികത്ത് യശഃശരീരനായ ശ്രീ. അലിക്കുഞ്ഞുലബ്ബയുടെ സേവനം എടുത്തു പറയേണ്ടതാണ്.

കലാകായിക രംഗങ്ങളിൽ പ്രശസ്തരായ പലരും അക്കാലത്ത് ഈ പ്രദേശത്തുണ്ടായിരുന്നു. കിളിത്തട്ടുകളി, നാടൻപന്തുകളി, ഗുസ്തി എന്നിവയായിരുന്നു പണ്ടുകാലത്തുണ്ടായിരുന്ന പ്രധാനപ്പെട്ട കായിക വിനോദം. അവശകലാകാരന്മാർക്കുള്ള പെൻഷൻ ലഭിച്ചിരുന്ന ശ്രീ. തട്ടാമല നാരായണപിള്ള ഈ സ്ഥലത്തെ ഒരു പ്രധാനപ്പെട്ട കലാകാരനായിരുന്നു. ചെണ്ടമേളത്തിന് അറിയപ്പെടുന്ന ഒരാളായിരുന്നു മണക്കാട് തെങ്ങഴികത്ത് ശ്രീ. അബ്ദുൽഖാദർ. തലമുറകളായി കൊല്ലത്ത് നടക്കുന്ന മുഹറാഘോഷങ്ങൾക്ക് കലാരൂപങ്ങൾ നിർമ്മിച്ച് അവതരിപ്പിച്ച് സമ്മാനം നേടിയിരുന്ന ഒരു കുടുംബമാണ് തട്ടാമല കുഞ്ചുമാം വീട്ടുകാർ. വടക്കേവിളയിൽ ആദ്യമായി ബസ്സുടമയായിരുന്നത് ചിറ്റേത്ത് ശ്രീ. അബ്ദുൽ റഹുമാൻ ആയിരുന്നു.

മുൻകാലങ്ങളിൽ ഈ പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളും കൈത്തറി മേഖലയിലെ തൊഴിലാളികളായിരുന്നു. സ്വാതന്ത്ര്യലബ്ദിക്കുമുൻപുതന്നെ ശ്രീ. എം. എൻ. ഗോവിന്ദൻ നായരുടെ നേതൃത്വത്തിൽ തൊഴിലാളികളെ സംഘടിപ്പിക്കുകയും നൂൽവിതരണത്തിന്

പണികഴിപ്പിച്ചതും, ചൂരാങ്ങൽ ആറ്റിൽ പ്ലാന്താഴത്തു തടിപ്പാലം മാറ്റി കോൺക്രീറ്റു പാലം പണികഴിപ്പിച്ചതും ഉൾപ്പെടെ നിരവധി കാര്യങ്ങൾ ചെയ്തിരുന്നു.

1988 ജനുവരി മാസത്തിൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ശ്രീ. എ. യൂനുസുകുഞ്ഞ് പ്രസിഡൻറും, ശ്രീ. കെ. വിശ്വനാഥൻ വൈസ് പ്രസിഡൻറുമായുള്ള കമ്മറ്റി നിലവിൽവന്നു. മറ്റ് അംഗങ്ങൾ സർവ്വശ്രീ. ജയശ്രീ, കെ.എസ്. സുബ്രഹ്മണ്യൻ, പി. ബാലചന്ദ്രൻ, ചന്ദ്രനാഥപ്രസാദ്, കെ. ഗോപാലൻ, ബദറുദ്ദീൻ, മണക്കാട് നജുമുദ്ദീൻ, ഏ. സുലൈമാൻകുഞ്ഞ്, എൻ. ശശിധരൻ, രമണൻ, ഏ. അബ്ദുൽറഹുമാൻ കോയ, വി. ഹർഷകുമാർ, അമ്മിണി എന്നിവരായിരുന്നു. ശ്രീ. പി. ബാലചന്ദ്രൻ പ്രസിഡൻറായും ശ്രീ. ഏ. അബ്ദുൽ റഹുമാൻകോയ വൈസ് പ്രസിഡൻറായും 13—3—91 മുതൽ ടി കമ്മറ്റി തുടർന്നു വന്നു. 7—2—94 മുതൽ ശ്രീ. ഏ. അബ്ദുൽ റഹുമാൻകോയാ പ്രസിഡൻറായും ടി കമ്മറ്റി തന്നെ നിലനിന്നു.

പള്ളിമുക്ക് പബ്ലിക്ക് മാർക്കറ്റിനോടു ചേർന്ന് ആധുനിക രീതിയിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചതും, 1000—ൽപരം വീടുകൾ സൗജന്യമായി വൈദ്യുതീകരിച്ചതും, വേൾഡ് ബാങ്കിൻെറ 500 കക്കൂസുകൾ നിർമ്മിച്ചതും അയത്തിൽ ആറ്റുവാരത്ത് ഒരു കോൺക്രീറ്റു പാലം പണികഴിപ്പിച്ചതും ഉൾപ്പെടെ നിരവധി കാര്യങ്ങൾ ഈ കാലഘട്ടത്തിൽ നടന്നിട്ടുണ്ട്.

1995 സെപ്റ്റംബർ മാസത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീമതി. ആർ. ഷൈലജ പ്രസിഡൻറും, ശ്രീ. എം. നൗഷാദ് വൈസ്പ്രസിഡൻറും ശ്രീ. വി. ജയചന്ദ്രൻപിള്ള സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാനുമായി. നിലവിലുള്ള കമ്മറ്റി 2—10—95 മുതൽ നിലവിൽവന്നു.

# ഭൂപ്രകൃതിയും വിഭവങ്ങളും

പ്രകൃതിദത്തവും അമൂല്യവുമായ രണ്ടു വിഭവങ്ങളാണ് മണ്ണും ജലവും. ജീവന്റെ നിലനിൽപ്പു തന്നെ ഈ രണ്ടു വിഭവങ്ങളെയും ആശ്രയിച്ചു നിൽക്കുന്നതിനാൽ ഇവയെ അടിസ്ഥാന വിഭവങ്ങളെന്നു വിശേഷിപ്പിക്കാവുന്നതാണ്. എന്നാൽ ഭൂമിയിൽ മണ്ണിന്റെയും ജലത്തിന്റെയും വിന്യാസം സൂക്ഷ്മതലത്തിൽപോലും ഏകീകൃതമായി കാണുന്നില്ല. ആയിതനാൽ പ്രാദേശികതല ആസൂത്രണത്തിൽ ഈ രണ്ടു വിഭവങ്ങളുടെയും വിന്യാസക്രമത്തെക്കുറിച്ചുള്ള സമഗ്രമായ അറിവ് അത്യന്താപേക്ഷിതമാകുന്നു. അത്തരം വ്യക്തമായ അറിവിന്റെ അടിസ്ഥാനത്തിൽ മാത്രമെ മേൽപ്പറഞ്ഞ വിഭവങ്ങളുടെ നീതിപൂർവ്വമായ ഉപയോഗം ഉറപ്പുവരുത്തുവാനും പരിസ്ഥിതി സംബന്ധമായ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുവാനും സാധ്യമാകൂ.

മണ്ണിന്റെയും ജലത്തിന്റെയും വിന്യാസക്രമങ്ങൾ മനസ്സിലാക്കുവാൻ സാധിക്കുന്നത് ഭൂപ്രകൃതി പഠനത്തിലൂടെയാണ്. വടക്കേവിള പഞ്ചായത്തിന്റെ ഭൂപ്രകൃതിയെക്കുറിച്ചുള്ള സമഗ്രമായ വിവരങ്ങൾ പഠനപര്യടനത്തിലൂടെയും വിഭവഭൂപട സർവ്വയിലൂടെയും മനസ്സിലാക്കുവാൻ സാധിച്ചു.

കൊല്ലം ജില്ലയുടെ മുഖത്തല ബ്ലോക്കിൽപ്പെടുന്ന പഞ്ചായത്തുകളിലൊന്നാണ് വടക്കേവിള പഞ്ചായത്ത്. കൊല്ലം പട്ടണത്തിൽനിന്നും ഏകദേശം 3 കി.മീ. കിഴക്കുമാറി സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്തിന് 8.55 ച.കി.മീ. വിസ്തൃതി മാത്രമാണ് ഉള്ളതെങ്കിലും 1991ലെ കനേഷുമാരി പ്രകാരം ആകെ ജനസംഖ്യ 50165 ആണ്. സംസ്ഥാനത്തിന്റെ ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 76 ആകുമ്പോൾ വടക്കേവിള പഞ്ചായത്തിന് അത് 5867.25 ആണ്. ആകെ പതിനഞ്ചു വാർഡുകളായാണ് പഞ്ചായത്തിനെ വിഭജിച്ചിരിക്കുന്നത്.

വടക്കേവിള പഞ്ചായത്തിന്റെ അതിർത്തികൾ ഇപ്രകാരമാകുന്നു. വടക്ക് കിളികൊല്ലൂർ പഞ്ചായത്ത്, വടക്ക് കിഴക്ക് കൊറ്റംകര പഞ്ചായത്ത്, കിഴക്ക് തൃക്കോവിൽവട്ടം പഞ്ചായത്ത്, തെക്ക് ഇരവിപുരം പഞ്ചായത്ത്, പടിഞ്ഞാറ് കൊല്ലം മുനിസിപ്പാലിറ്റിയും ആകുന്നു പഞ്ചായത്തിന്റെ ഭരണ മേഖലകൾ.

## ഭൂപ്രകൃതി

ഭൂപ്രകൃതിയെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നതിനുമുമ്പ് വടക്കേവിള പഞ്ചായത്തിന്റെ ഭൂപ്രദേശങ്ങൾ എങ്ങനെ രൂപപ്പെട്ടു എന്നറിഞ്ഞിരിക്കേണ്ടതുണ്ട്. അനേകായിരം വർഷങ്ങൾക്കുമുമ്പ് ഈ പ്രദേശം കായലും കടലും തമ്മിൽ പരസ്പരം ബന്ധപ്പെട്ടു കിടന്ന മേഖലയായിരുന്നുവെന്ന് ഭൂഗർഭശാസ്ത്രകാരൻമാരുടെ നിഗമനം. എന്നാൽ പിന്നീടുണ്ടായ ഭൂചലനങ്ങളും സമുദ്രനിരപ്പിൽ ഉണ്ടായ മാറ്റവും കാരണം കായൽ പ്രദേശങ്ങളിലെ ജലം പിൻവാങ്ങുകയും പല സ്ഥലങ്ങളും ഉയർന്നുവരികയും ചെയ്തു. അങ്ങനെയാണ് വടക്കേവിള പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശങ്ങൾ രൂപപ്പെട്ടത്. ഒരു കാലത്ത് കായൽ പ്രദേശങ്ങൾ ആയിരുന്നു എന്നതിന്റെ തെളിവാണ് ഈ പ്രദേശങ്ങളിലെ കിണറുകളിൽ ഏകദേശം 24 അടി താഴത്തിൽ കാണുന്ന കറുത്ത ചെളി.

ഭൂപ്രകൃതിയനുസരിച്ച് വടക്കേവിള പഞ്ചായത്തിന്റെ തീരപ്രദേശ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്. പൊതുവെ തന്നെ സമതലങ്ങളായിട്ടാണ് ദൃശ്യമാകുന്നതെങ്കിലും സൂക്ഷ്മതലത്തിൽ പരിശോധിക്കുമ്പോൾ ഭൂപ്രകൃതിയിലുണ്ടാകുന്ന വ്യതിയാനങ്ങൾ മനസ്സിലാക്കാവുന്നതാണ്. അത്തരം വ്യതിയാനങ്ങൾ മണ്ണിനെയും ജലത്തെയും ബാധിക്കുന്നതിനാൽ വളരെ വിശാലമായി ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതിയെക്കുറിച്ച് പഠിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിമ്നോന്നതിയുടെ കാര്യത്തിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകുന്നത് പ്രധാനമായും വടക്കുകിഴക്ക് മേഖലകളിലാണ്. പ്രദേശങ്ങൾ സമുദ്രനിരപ്പിൽ നിന്നും പരമാവധി 30 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്നു. താരതമ്യേന പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങളും ഇതു തന്നെയാകുന്നു. പടിഞ്ഞാറോട്ട് വരുംതോറും ഉയരം കുറയുകയും 20മീറ്റർ താഴെ തീര സമതലങ്ങളായ പ്രദേശങ്ങളുമാണ് കാണുന്നത്. എന്നാൽ ഭൂപ്രദേശങ്ങളുടെ ചരിവ് പല ദിശകളിലോട്ടാണ് കാണപ്പെടുന്നത്. കൊച്ചു ഡീസന്റ് മുക്ക് ഉൾപ്പെടുന്ന കുന്നും പ്രദേശങ്ങൾ പടിഞ്ഞാറോട്ടും തെക്കോട്ടും ചരിവുകൾ പ്രകടമാക്കുമ്പോൾ പുന്തലത്താഴം കവല ഉൾപ്പെടുന്ന കുന്നു പ്രദേശങ്ങൾ കിഴക്കോട്ടും തെക്കോട്ടും ചരിവ് കാണിക്കുന്നു. മേൽപ്പറഞ്ഞ രണ്ടു കുന്നുകളുടെയും ചരിവുകൾ അവസാനിക്കുന്നത് വിശാലമായ പുന്തലത്താഴം ഏലായിൽ ആണ്. ഈ പ്രദേശങ്ങൾ പൊതുവെ നിരന്നതായാണ് കാണുന്നതെങ്കിലും തോടുകളുടെ ഗതി മനസ്സിലാക്കി നേരിയ ചരിവിന്റെ ദിശ പറയാവുന്നതാണ്. വടക്കേ അതിർത്തിയിൽ നിന്നും തുടങ്ങുമ്പോൾ പുന്തലത്താഴം തോട് ഏകദേശം ഒന്നരകിലോമീറ്റർ തെക്കോട്ടൊഴുകി, തെക്കു നിന്നും ഏകദേശം 2 കി.മീ നീളത്തിൽ വടക്ക് കിഴക്കോട്ട് ഒഴുകിയെത്തുന്ന തൂമ്പാറ്റു തോടുമായി ചേർന്ന് അയത്തിൽ തോടായി വടക്കോട്ട് ഒഴുകുന്നു. അതായത് ഈ പ്രദേശങ്ങളിൽ ജലനിർഗമനം വടക്ക് ദിശയിലോട്ടാണ്. എന്നാൽ താരതമ്യേന താണ പ്രദേശങ്ങളെക്കാൾ പടിഞ്ഞാറൻ പ്രദേശങ്ങൾ ഭാഗികമായി വടക്കോട്ടും തെക്കോട്ടും ചരിവുകൾ കാണിക്കുന്നു. വർദ്ധിച്ച തോതിലുള്ള മനുഷ്യന്റെ പ്രവർത്തനങ്ങൾ ഈ പ്രദേശത്തിന്റെ ഭൂപ്രകൃതിയെതന്നെ മാറ്റിമറിച്ചിരിക്കുന്നു.

പഠന പര്യടനങ്ങളിലൂടെയും വിഭവഭൂപടങ്ങളിലൂടെയും ഭൂപ്രകൃതിയെകുറിച്ചുള്ള വിശദമായ വിവരങ്ങൾ ലഭ്യമാണ്.

രണ്ടുതരത്തിലുള്ള ഭൂപ്രകൃതിയാണ് ഈ കൊച്ചു പഞ്ചായത്തിൽ ദൃശ്യമാകുന്നത്. ഒന്ന്. ഇടനാടിന്റെ സ്വഭാവമുള്ള പ്രദേശങ്ങൾ. രണ്ട്, തീരപ്രദേശങ്ങളുടെ സ്വഭാവത്തോടുകൂടിയുള്ള സമതലങ്ങൾ.

കൊച്ചു ഡീസന്റ് മുക്ക്, പുന്തലത്താഴം, അയത്തിൽ എന്നീ പ്രദേശങ്ങളാണ്. ഇടനാടിന്റെ സ്വഭാവം ദൃശ്യമാക്കുന്നത്. ഈ പ്രദേശഹ്ങലിലെ ഭൂപ്രകൃതിയെ താഴെപറയുംവിധം തരംതിരിക്കാം.

1. കുന്നിൻമുകൾ
2. കുന്നിൻ ചരിവ്
3. അടിതട്ട്
4. താഴ്‌വര/പ്രളയമേഖല

**കുന്നിൻമുകൾ:**

കുന്നിന്റെ മുകളിൽ കാണുന്ന നിരന്ന പ്രദേശം. മിക്കവാറും നാല് ദിശയിലോട്ടും ചെറിയ ചരിവ് പ്രകടമാക്കും.

കുന്നിൻ മുകൾ കഴിഞ്ഞ് താഴോട്ടു വരുമ്പോൾ കാണുന്ന ചരിവ്. ചരിവിന്റെ തോതിന് ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാം. ഈ പ്രദേശങ്ങൾ ചെറുചരിവും (0—5) മിതമായും ചരിവും (5—10) ദൃശ്യമാക്കുന്നു.

**അടിത്തട്ട്:**

വളരെ ചെറിയൊരു പ്രദേശം മാത്രമെ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നുള്ളൂ. കുന്നുകളുടെ അടിവാരങ്ങളിൽ കാണുന്ന നിരന്ന പ്രദേശങ്ങളെയാണ് അടിത്തട്ട് എന്നു വിളിക്കുന്നത്.

**താഴ്‌വര/പ്രളയമേഖല:**

രണ്ടു കുന്നുകൾക്കിടയിൽ കാണുന്ന താരതമ്യേന താണനിരന്ന പ്രദേശങ്ങൾ.

മേൽവിവരിച്ച ഭൂപ്രകൃതികൾക്കു പുറമെ വടക്കേവിള പഞ്ചായത്തിൽ കാണുന്ന മറ്റൊരു സവിശേഷമായ ഭൂപ്രകൃതിയാണ്. ബേസിൻ താഴ്‌വരകൾ. ഈ പ്രദേശങ്ങൾ ഒരു കുന്നിൻ മുകളിൽ തന്നെ താരതമ്യേന താണതും വൃത്താകൃതിയിലുള്ള ഒരു പാത്രത്തിന്റെ ആകൃതിയിലും കാണപ്പെടുന്നു.

ഇടനാട് വിഭാഗത്തിൽപ്പെടുന്ന ഭൂപ്രകൃതിയെക്കുറിച്ചാണല്ലോ മേൽ വിവരിച്ചത്. എന്നാൽ മുൻപ് പ്രസ്താവിച്ചതുപോലെ പടിഞ്ഞാറൻ മേഖലകൾ തീരദേശസമാനമായ ഭൂപ്രകൃതിയാണ് ദൃശ്യമാക്കുന്നത്. മണൽ നിറഞ്ഞ തീരസമതലങ്ങളും അവയ്ക്കിടയിൽ കാണുന്ന താരതമ്യേന താണനിലങ്ങളും ചേർന്നതാണ് ഈ ഭൂപ്രകൃതി. താണനിലങ്ങൾ ഒട്ടുമിക്കവാറും നികത്തി മൂലരൂപവുമായി യാതൊരു ബന്ധവുമില്ലാത്ത അവസ്ഥയിലാണ് ഇന്ന് കാണപ്പെടുന്നത്.

## ഉപരിതല മൺതരങ്ങൾ:

ഉപരിതല മൺതരങ്ങളെക്കുറിച്ച് ആധികാരികമായി പഠനം നടത്തിയ സംസ്ഥാന ഭൂവിനിയോഗ ബോർഡ് ഈ പഞ്ചായത്തിലെ മൺതരങ്ങളെ K-7 എന്ന ഗ്രൂപ്പിലാണ ഉൾപ്പെടുത്തിയിരിക്കുന്നത്. K-7നെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ Land Resources of Kerala എന്ന പുസ്തകത്തിൽനിന്നും ലഭ്യമാണ്. ഭൂപ്രകൃതിയിലുണ്ടാകുന്ന വ്യതിയാനങ്ങൾ മണ്ണിന്റെ തരം, ഗുണം, എന്നിവ നിർണ്ണയിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നതായി പഠന പര്യടനത്തിലൂടെ മനസ്സിലാക്കുവാൻ സാധിച്ചു. മൂന്നുതരത്തിലുള്ള മണ്ണാണ് ഈ പഞ്ചായത്തിൽ പ്രധാനമായും കാണാൻ സാധിക്കുന്നത്.

1. വെട്ടുകല്ലിൽനിന്നും വേർതിരിയുന്ന ചെമ്മണ്ണ്.
2. കായൽ ജന്യ എക്കൽ മണ്ണ്
3. കടൽതീര എക്കൽമണ്ണ്

ഈ മൂന്നുതരം മണ്ണിനു പുറമെ നരിക്കല്ലും. പശിമരാശിയുള്ള മണ്ണും ചില സ്ഥലങ്ങളിൽ കാണുന്നു.

| മൺ തരങ്ങൾ | കനം | നീർവാർച്ച | ഉപരിതല നീർപ്രവാഹം | ഫലഭൂയിഷ്ഠത | വിസ്തൃതി ച.കി.മീ. | % |
|---|---|---|---|---|---|---|
| കടൽതീര എക്കൽ മണ്ണ് | 2 മീറ്ററിനു മേൽ | നല്ല തോതിൽ | കുറവ് | നല്ലത് | 3.43 | |
| ചെമ്മണ്ണ് | 50—80 സെ.മി. | മിതമായ | കൂടുതൽ | സാമാന്യം നല്ലത് | 3.52 | |
| പശിമരാശി മണ്ണ് | 50—70 സെ.മീ | മിതമായ തോതിൽ | കുറവ് | നല്ലത് | 0.03 | |
| തരിക്കല്ല് | 1 മീറ്ററിനു മുകളിൽ | ഇല്ല | കൂടുതൽ | ഇല്ല | 0.03 | |
| കായൽ ജന്യ എക്കൽ മണ്ണ് | 2 മീ. കൂടുതൽ | കുറവ് | കുറവ് | കൂടുതൽ | 1.57 | |

#### പരിസ്ഥിതി മേഖല ഒന്ന്:

തീര സമതലങ്ങളും അവ ഉൾക്കൊള്ളുന്ന കടൽതീര എക്കൽ മണ്ണും, സുലഭമായ ജലലഭ്യതയും മിശ്രിതകൃഷിയും ഒത്തു ചേരുന്നതാണ് ഈ മേഖല.

#### പരിസ്ഥിതി മേഖല രണ്ട്:

ഉയർന്ന സമതലം, ചെമ്മണ്ണ്, മിതമായ ജലലഭ്യത മിശ്രിത കൃഷി എന്നിങ്ങനെ ഏകീകൃത സവിശേഷതകൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെ രണ്ടാമത്തെ പരിസ്ഥിതി മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സാമാന്യം നിരന്ന പ്രദേശങ്ങളാകയാൽ ഈ മേഖലയിൽ കാര്യമായ മണ്ണൊലിപ്പ് ഉണ്ടാകുന്നില്ല. പൊതുവെ നല്ല കനത്തിലുള്ള മേൽ മണ്ണും അതിനു താഴെ വെട്ടുകല്ലുമാണ്. ഈ പ്രദേശങ്ങളിൽ മിതമായ രീതിയിൽ ജലലഭ്യതയുണ്ട്. മറ്റു മേഖലകളെ അപേക്ഷിച്ച് ഈ മേഖലയിൽ കാര്യമായ പരിസ്ഥിതി പ്രശ്നങ്ങളൊന്നും ഇല്ല.

#### പരിസ്ഥിതി മേഖല മൂന്ന്:

ബേസിൻ ആകൃതിയിലുള്ള താഴ്വര, കളിമണ്ണും (വെള്ള നിറത്തിലുള്ള മണ്ണ്) പോലത്തെ മേൽമണ്ണ്, ജലലഭ്യത കുറവ്. ഇപ്രകാരമുള്ള സവിശേഷതകളുള്ള പ്രദേശമാണ് മൂന്നാമത്തെ പരിസ്ഥിതി മേഖല.

#### പരിസ്ഥിതി മേഖല നാല്:

പൊതുവെ കുന്നുകളായാണ് കാണുന്നതെങ്കിലും മുകൾഭാഗം വളരെ നിരന്ന ഭൂമിയോ അല്ലെങ്കിൽ നേരിയ തോതിൽ കുഴിഞ്ഞതോ ആയ ഭൂപ്രകൃതി. പശിമരാശി മണ്ണിന്റെ (ചരൽ കലർന്നതും, അല്ലാത്തതും) കൂടെ ഇടവിട്ടിടവിട്ട് നരിക്കല്ലുകളും കാണും. ജലലഭ്യത താരതമ്യേന കുറവായിരിക്കും. കൃഷിരീതികൾ മിശ്രിത കൃഷികൾ തന്നെ. ഇത്തരത്തിൽ സവിശേഷതയുള്ള മേഖലകളെ എല്ലാം ചേർത്ത് പരിസ്ഥിതി മേഖല നാല് എന്നു വിളിക്കുന്നു.

#### പരിസ്ഥിതി മേഖല അഞ്ച്:

വളരെ താഴ്ചയിൽപോലും ജലലഭ്യത ഇല്ലാത്ത കുന്നുകളും, മിശ്രിത കൃഷിനടത്തുന്ന ചെമ്മണ്ണും ചേർന്നതാണ് അഞ്ചാമത്തെ പരിസ്ഥിതി മേഖല.

ഇവിടുത്തെ പ്രധാന പരിസ്ഥിതി പ്രശ്നങ്ങൾ: രൂക്ഷമാകുന്ന ജലക്ഷാമം, മണ്ണൊലിപ്പ്, കൃഷികൾക്ക് പ്രത്യേകിച്ചും തെങ്ങിന് ഉണ്ടാകുന്ന കാറ്റുവീഴ്ച എന്നിവയാണ്.

#### പരിസ്ഥിതി മേഖല ആറ്:

താരതമ്യേന താണപ്രദേശങ്ങളും (അടിത്തട്ട്) താഴ്വരകളും, പ്രളയമേഖലകളും ചേർന്ന ഭൂപ്രകൃതിയും എക്കൽ മണ്ണ് നെൽകൃഷിയും പ്രധാനമായി കാണുന്ന മേഖലകളെ ഒത്തുചേർന്ന് ആറാമത്തെ പരിസ്ഥിത മേഖല നിർണ്ണയിച്ചു.

### പരിസ്ഥിത ബന്ധിത അവലോകനം

| ഭൂപ്രകൃതി | ഉപരിതല മണ്ണ് | ജല ലഭ്യത | കൃഷിരീതി | പരിസ്ഥിതി മേഖല | പരിസ്ഥിതി പ്രശ്നങ്ങൾ | നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|
| തീരസമതലം/ നിലങ്ങൾ | കടൽതീര എക്കൽ മണ്ണ് (മണൽ) | കൂടുതൽ | മിശ്രിതകൃഷി | ഒന്ന് | നീരൊഴുക്ക് സംവിധാനങ്ങൾക്കുള്ള തടസ്സം, നിലം നികത്ത്, കാറ്റുവീഴ്ച | നീരൊഴുക്കു സംവിധാനങ്ങൾ പുനസ്ഥാപിക്കുക. നിലം നികത്ത് നിർത്തലാക്കുക, കാറ്റുവീഴ്ചക്കുള്ള പരിഹാരങ്ങൾ ആരായുക. |
| ഉയർന്ന സമതലം | ചെമ്മണ്ണ് | മിതമായ ലഭ്യത | മിശ്രിത കൃഷി | രണ്ട് | കാറ്റു വീഴ്ച | |
| ബേയ്സിൻ താഴ്വര | കളിമണ്ണ് | കുറവ് | തരിശ് | മൂന്ന് | ജലക്ഷാമം കാര്യക്ഷമത ഇല്ലാത്ത മണ്ണ് | ജല സംരക്ഷണ മാർഗ്ഗങ്ങൾ ഏർപ്പെടുത്തുക, മണ്ണു പരിശോധന: അനുയോജ്യമായ കൃഷി രീതികൾ ഏർപ്പെടുത്തുക. |
| കുന്ന് (മുകൾഭാഗം കുഴിഞ്ഞത്) | പശിമരാശി മണ്ണ് നരിക്കല്ല് | കാലികം | മിശ്രിത കൃഷി | നാല് | ജലക്ഷാമം നീർവാർച്ച കുറവ് കാറ്റുവീഴ്ച | നരിക്കല്ലുകൾ പൊട്ടിച്ച് ഉപ്പ് വിതറുക, മണ്ണിൽ ജലം സംരക്ഷിക്കുന്നതിനുള്ള മറ്റു നടപടികൾ കൈക്കൊള്ളുക |
| കുന്ന് കുന്നിൻചരിവ് | ചെമ്മണ്ണ് | കാലികം | മിശ്രിത കൃഷി | അഞ്ച് | ജലക്ഷാമം, ഉപരിതല പ്രവാഹം, നീർവാർച്ച കുറവ്, കാറ്റുവീഴ്ച | മണ്ണും ജലവും സംഭരിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളുക. |
| അടിത്തട്ട് പ്രളയമേഖല താഴ്വര | ചരൽ കലർന്ന ചെമ്മണ്ണ് എക്കൽ മണ്ണ് | കൂടുതൽ | മിശ്രിത കൃഷി നെൽകൃഷി | ആറ് | വെള്ളപ്പൊക്കം, വയൽ നികത്ത്, ഓര് ജലം | നീരൊഴുക്ക് സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, വയൽ നികത്ത് തടയുക, നീർമറി പദ്ധതികൾ ഏർപ്പെടുത്തുക |

## ജലലഭ്യത:

1994—ൽ ഭൗമശാസ്ത്ര പഠനകേന്ദ്രം നേതൃത്വം നൽകി തയ്യാറാക്കിയ വിഭവ ഭൂപടങ്ങളിൽനിന്നും പഞ്ചായത്തിന്റെ ജലലഭ്യതയെക്കുറിച്ചുള്ള ഒരു വ്യക്തമായ ചിത്രം ലഭ്യമാണ്. പഠനപര്യടനം നടത്തുകവഴി ജലലഭ്യതയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകളെക്കുറിച്ചും അതിന്റെ കാരണങ്ങളെക്കുറിച്ചും മനസ്സിലാക്കുവാൻ സാധിച്ചു. തീരപ്രദേശത്തോടു ചേർന്ന് സ്ഥിതി ചെയ്യുന്ന മേഖലകളാണെങ്കിൽപോലും ഈ പഞ്ചായത്തിന്റെ 50% ഏറെ പ്രദേശങ്ങളും വേനൽക്കാലം തുടങ്ങുമ്പോൾ തന്നെ ജലക്ഷാമം നേരിടുന്നു. വടക്കു കിഴക്കൻ മേഖലകളിൽ ജല ദൗർലഭ്യം വളരെ രൂക്ഷമാകുമ്പോൾ പടിഞ്ഞാറൻ പ്രദേശങ്ങളിൽ സുലഭമായി ജലം ലഭിക്കുന്നുണ്ട്.

## ഭൂവിനിയോഗം/കൃഷിരീതി

പ്രധാനമായും രണ്ടു കൃഷിരീതികളാണ് ഈ പഞ്ചായത്തിൽ കാണുന്നത്. ഒന്ന് മിശ്രിതകൃഷിയും രണ്ട് നെൽകൃഷിയും. നെൽകൃഷി പഞ്ചായത്തിന്റെ ആകെ ഭൂമിയുടെ 12.32% ഉൾക്കൊള്ളുമ്പോൾ ബാക്കി പ്രദേശങ്ങൾ മിശ്രിത കൃഷിയിൽ ഉൾപ്പെടുന്നു. എന്നാൽ കൃത്യമായും കണക്കാക്കുകയാണെങ്കിൽ മിശ്രിത കൃഷി ഉൾപ്പെടുന്ന പ്രദേശങ്ങൾ സ്ഥാപനങ്ങളും വീടുകളും ഉൾപ്പെടുന്ന വിസ്തൃതി കുറച്ചുള്ള മാത്രമാണ്. നേരിയശതമാനം തരിശുഭൂമിയായും ഉണ്ടെന്ന് ഭൂവിനിയോഗ ഭൂപടത്തിൽ നിന്നും വ്യക്തമാണ്. ഓരോ ഭൂവിനിയോഗരീതിയും അവ ഉൾപ്പെടുന്ന പ്രദേശങ്ങളുടെ വിസ്തൃതിയും ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ഭൂവിനിയോഗം | വിസ്തൃതി ച.കി. | ഹെക്ടർ | ശതമാനം |
|---|---|---|---|
| മിശ്രിത കൃഷി (സ്ഥാപനങ്ങൾ പാർപ്പിടങ്ങൾ റോഡുകൾ എന്നിവ ഉൾപ്പടെ) | 6.074 | 607.4 | 71.04 |
| നെൽകൃഷി | 1.053 | 105.3 | 12.32 |
| വയൽ നികത്ത്— ഏകദേശം മുപ്പതുവർഷങ്ങൾക്കുമുമ്പ് നികത്തിയവ— പുരയിടവുമായി തിരിച്ചറിയാൻ ബുദ്ധിമുട്ടുള്ളത് | 0.890 | 89.0 | 10.41 |
| വയൽ നികത്ത് (അടുത്തകാലങ്ങളിൽ നികത്തിയത്) | 0.402 | 40.2 | 4.70 |
| കൃഷിയോഗ്യമായ തരിശുഭൂമി | 0.019 | 1.9 | 0.22 |
| ബൈപാസ്സ് റോഡ് | 0.112 | 11.2 | 1.31 |
| ആകെ | 8.550 | 855.0 | 10.00 |

മുൻപ് പ്രതിപാദിച്ച നാല് ഘടകങ്ങളെയും (ഭൂപ്രകൃതി, മണ്ണ്, ജലം, ഭൂവിനിയോഗം) ഏകോപിപ്പിച്ച് ഏകീകൃത സ്വഭാവം ഉൾക്കൊള്ളുന്ന മേഖലകൾ ഏതൊക്കെയാണെന്ന് കണ്ടുപിടിച്ച് അവയെ വെവ്വേറെ തരം തിരിക്കുമ്പോൾ ഓരോ പരിസ്ഥിതി മേഖലകളായി മാറുന്നു. ഇത്തരത്തിൽ വിഭിന്നങ്ങളായ പരിസ്ഥിതി മേഖലകൾ അഭിമുഖീകരിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളെ വിശകലനം ചെയ്തു ഓരോ മേഖലക്കും അനുയോജ്യമായ രീതിയിൽ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും അപ്രകാരം സ്ഥല ജലസംബന്ധിയായ വിഭവങ്ങളുടെ സ്ഥായിയായ വികസനവും സംരക്ഷണവും ഉറപ്പുവരുത്തി അവയെ പരമാവധി ചൂഷണം ചെയ്യുക എന്നതാണ് ഈ പഠനംകൊണ്ട് ലക്ഷ്യമാക്കുന്നത്.

വിഭവ ഭൂപടങ്ങളിൽനിന്നും, പഠനപര്യടനങ്ങളിൽ കൂടിയും സമാഹരിച്ച വിവരങ്ങൾ പ്രകാരം വടക്കേവിള പഞ്ചായത്തിനെ ആറു പരിസ്ഥിതി മേഖലകളായി തിരിച്ചിരിക്കുന്നു. പരിസ്ഥിത മേഖലയിൽ ഉൾപ്പെടുന്ന ഭൂമിയുടെ വിസ്തൃതി ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| പരിസ്ഥിതിമേഖല ച.കി.മീ. | വിസ്തൃതി |
|---|---|
| 1 | 3.43 |
| 2 | 2.33 |
| 3 | 0.005 |
| 4 | 1.00 |
| 5 | 0.035 |
| 6 | 1.75 |
| | 8.55 |

# കൃഷി

ഈ നൂറ്റാണ്ടിൻെറ ആദ്യപകുതിയിൽ വടക്കേവിള പഞ്ചായത്ത് പ്രധാനമായും ഒരു കാർഷികഗ്രാമമായിരുന്നു. ഇവിടുത്തെ കൃഷി ഭൂമിയിൽ ഏറിയ പങ്കും പത്തോളം വൻകിട കൃഷിക്കാരുടെ കൈവശമായിരുന്നു. തറാക്കുടി, കണ്ണാടത്ത്, കിഴക്കേടത്ത് കടപ്പാൽ, പുന്തല, പുത്തൻപുര, വടക്കടത്ത്, കരോട്ട് കുറുവേലി, കുറുമ്പേലി, നമ്പ്യാതിരി, ചാക്കുകട, പുതുവീട്ടിൽ ചിത്തിരവീട് വാഴൈ കുടുംബം തുടങ്ങിയവരായിരുന്നു പ്രധാന കൃഷിക്കാർ. അന്നത്തെ പ്രധാന കൃഷി നെല്ലായിരുന്നു. നെൽവയലുകളിൽ മൂന്നാം വിളയായി എള്ളു വ്യാപകമായി കൃഷി ചെയ്തിരുന്നു. എള്ളുകൂടാതെ കപ്പകിഴങ്ങും ചീവക്കിഴങ്ങും കുറഞ്ഞ തോതിൽ കൃഷി ചെയ്തിരുന്നു. കരയിൽ പ്രധാനമായും മരിച്ചീനിയായിരുന്നു കൃഷി ചെയ്തിരുന്നത്. മരിച്ചീനി കൂടാതെ വാഴയും കാച്ചിൽ, ചേമ്പ്, ചേന തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങളും. മുതിര, പയർ, ഉഴുന്ന് തുടങ്ങിയ പയർ വർഗ്ഗങ്ങളും കുവരക്, ചാമ തുടങ്ങിയ ധാന്യങ്ങളും എണ്ണവർഗ്ഗത്തിൽപ്പെട്ട എള്ളും കൃഷി ചെയ്തിരുന്നു. കുറഞ്ഞ തോതിലും ഇടവിഴയായി കുരുമുളകും കൃഷി ചെയ്തിരുന്നു. ആദ്യകാലങ്ങളിൽ വീട്ടുപറമ്പിൽ മാത്രമേ തെങ്ങു കൃഷി ചെയ്തിരുന്നുള്ളു. ഇതിനൊരപവാദമായി തോട്ടവിള എന്ന നിലയിൽ മുള്ളുവിള വാർഡിൽ മദാമ്മതോപ്പിൽ പത്തുപതിനഞ്ചേക്കർ സ്ഥലത്ത് പാലാക്കാരനായ ഒരു ജന്മി തെങ്ങുകൃഷി ചെയ്തിരുന്നു.

കൃഷി ആവശ്യങ്ങൾക്ക് സ്വന്തം കാളയും കലപ്പയുമാണ് എല്ലാ കൃഷിക്കാരും ഉപയോഗിച്ചിരുന്നത്. നേരം പുലരുന്നതിന് മുമ്പുതന്നെ കാളയും കലപ്പയുമായി പാടത്തേയ്ക്ക് പോകുന്ന ശീലം കർഷകർക്കിടയിൽ പ്രകടമായിരുന്നു. നാടൻ കലപ്പയും, കുറുമരവും നെടുമരവും പല്ലിയുമൊക്കെയായിരുന്നു വ്യാപകമായി ഉപയോഗിച്ചിരുന്ന കൃഷിയായുധങ്ങൾ.

കൃഷിയ്ക്ക് ജൈവവളങ്ങൾ മാത്രമാണ് ഉപയോഗിച്ചിരുന്നത്. നെല്ലിലെ കീടങ്ങളെ നശിപ്പിക്കാൻ കുട്ടവീശൽ, മീനെണ്ണ പുരട്ടിയ കയർ വീശൽ, ദീപം തെളിക്കൽ ചവറുതീയിടൽ തുടങ്ങിയ നാടൻ രീതികളാണ് ഉപയോഗിച്ചിരുന്നത്.

ഇന്നത്തേതിൽ നിന്നും വളരെ വ്യത്യസ്തമായിരുന്നു. അന്നത്തെ ആഹാരരീതി. രാവിലെ പഴങ്കഞ്ഞിയും ഉച്ചയ്ക്കുപോലത്തേയ്ക്കുമായിരുന്നു. രാത്രിയിലെ അത്താഴമായിരുന്നു പ്രധാന ഭക്ഷണം. കൂവരക് കാടിയും ചീനിക്കാടിയും ചീനപ്പുട്ടും ചീനിയും മീനുമൊക്കെയായിരുന്നു ആഹാര ക്രമം. പഞ്ഞമാസങ്ങളിൽ പയറ്റിലയും, മത്തയിലയും ചക്കയും വാഴമാണവുമൊക്കെ ഭക്ഷണത്തിൽ സ്ഥാനം പിടിച്ചിരുന്നു.

### അറുപതുകൾക്കുശേഷമുണ്ടായ ഭൂപരിഷ്ക്കരണം

കാർഷിക ബന്ധങ്ങളിൽ മാറ്റങ്ങൾ ഉണ്ടാക്കി. കുടികിടപ്പായി പലർക്കും സ്വന്തമായി ഭൂമി കിട്ടി. പകുതിവാരവും പാട്ടവുമൊക്കെയായി ഭൂമിയിൽ കൃഷി ചെയ്തിരുന്നവർ ഭൂവുടമകളായി. കൂട്ടുകുടുംബ വ്യവസ്ഥയിൽ ഉണ്ടായ മാറ്റം കൃഷിയിടങ്ങളെ തുണ്ടുവത്കരിച്ചു. ഇപ്പോൾ നാമമാത്ര ചെറുകിട കർഷകരാണ് പഞ്ചായത്തിൽ അധികവും. കൈവശഭൂമിയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിലുള്ള കൃഷിക്കാരുടെ വിഭജനം പട്ടികയായി താഴെ കൊടുക്കുന്നു.

855 ഹെക്ടറായിരുന്നു പഞ്ചായത്തിൻെറ ആകെ വിസ്തീർണ്ണം അതിൽ ഏതാണ് മുപ്പത് ശതമാനം നിലമായിരുന്നു. അറുപത് ശതമാനം പ്രദേശങ്ങളിൽ കരകൃഷി ചെയ്തിരുന്നു. പക്ഷേ ഇപ്പോൾ ആകെ വിസ്തൃതിയുടെ പന്ത്രണ്ടു ശതമാനമായി കുറഞ്ഞിരിക്കുന്നു. നെൽകൃഷി പാടത്തിൻെറ വിസ്തൃതി, അതിൽതന്നെ ഇരുന്നൂറ് ഏക്കറും തരിശായി കിടക്കുന്ന വടക്കേവിള പഞ്ചായത്ത് കൊല്ലം പട്ടണത്തോടു ചേർന്നു കിടക്കുന്ന ഗ്രാമമായതിനാൽ നാഗരികതയുടെ തള്ളിക്കയറ്റം ഇവിടം പട്ടണവത്കരിച്ചുകൊണ്ടിരിയ്ക്കുകയാണ്. പട്ടണത്തിനോടടുത്തു കിടന്ന വയലുകൾ മുഴുവൻ പാർപ്പിടാവശ്യത്തിനായി ഇതിനകം നികത്തിക്കഴിഞ്ഞിരിക്കുന്നു. വയലിൻെറ വിസ്തൃതി കുറയാനുള്ള മുഖ്യകാരണവും ഇതുതന്നെ. ഇതിൻെറ പ്രത്യാഘാതം ഇവിടുത്തെ ജനസാന്ദ്രതയിൽ പ്രകടമാണ്. 1991ലെ സെൻസസുപ്രകാരം ഇവിടുത്തെ ആകെ ജനസംഖ്യ 50165, ജനസാന്ദ്രത 5867.25 ആണ്.

പഞ്ചായത്തിലെ മണ്ണിൻെറ സ്വഭാവം പരിശോധിച്ചാൽ കിഴക്കൻ പ്രദേശങ്ങളിലെ കരഭാഗങ്ങളിൽ ചെങ്കൽ മണ്ണും (ലാറ്ററേറ്റ്) വയലിൽ ചെളി കലർന്ന എക്കൽമണ്ണും മദ്ധ്യഭാഗങ്ങളിൽ ചരൽമണ്ണും പടിഞ്ഞാറൻ ഭാഗങ്ങളിൽ മണൽമണ്ണുമാണ് വ്യാപകമായി കാണുന്നത്.

### നെൽകൃഷി

കൊല്ലം ജില്ലയിലെ ഏറ്റവും വലിയ പാടശേഖരമായ പെരുങ്കുളം ഏലായുടെ പടിഞ്ഞാറെ ഭാഗം വടക്കേവിള പഞ്ചായത്തു പ്രദേശത്ത് വ്യാപിച്ചു കിടക്കുന്നു. പെരുങ്കുളം ഏലാ കൂടാതെ മണ്ണിച്ചിത്തോട് വയൽ, കോറക്കാട്ടു വയൽ, ഏലായിൽ വയൽ, ചിറ്റേത്തു വയൽ തുടങ്ങിയവ നെൽകൃഷി ചെയ്തിരുന്ന ഫലപുഷ്ടിയുള്ള പാടങ്ങളായിരുന്നു. ഇപ്പോൾ പെരുങ്കുളം ഒഴിച്ചുള്ള വയലുകൾ മുഴുവൻ പാർപ്പിടാവശ്യത്തിനുവേണ്ടി നികത്തിക്കഴിഞ്ഞു. മുൻകാലങ്ങളിൽ ചേപ്പാടൻ, പടനവെള്ള, അറാംവെള്ള, അതിഗ്രാഴി, പൊന്നാര്യൻ, ആര്യൻ, മുണ്ടകൻ, തുടങ്ങിയ നാടൻ വിത്തിനങ്ങളായിരുന്നു കൃഷി ചെയ്തിരുന്നത്.

തൊണ്ണൂറ് ഹെക്ടർ നെൽകൃഷി ചെയ്യാവുന്ന നെൽപാടങ്ങൾ പെരുങ്കുളം ഏലാ പ്രദേശത്ത് ഇപ്പോഴും നിലനിൽക്കുന്നുവെങ്കിലും പതിനഞ്ചു ഹെക്ടർ പ്രദേശത്തു മാത്രമാണ് നെൽകൃഷി ഫലപ്രദമായി ചെയ്തുകൊണ്ടിരിക്കുന്നത്. മഴക്കാലത്തുണ്ടാകുന്ന വെള്ളപ്പൊക്കവും ഉണക്കുകാലത്തുണ്ടാകുന്ന വരൾച്ചയും.

## പഞ്ചായത്തിലെ വിവിധതരം മണ്ണിൻെറ വിശദാംശങ്ങൾ

| മൺതരങ്ങൾ | കനം | നീർവാർച്ച | ഉപരിതല നീർ പ്രവാഹം | ഫലഭൂയിഷ്ഠത | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|---|---|
| മണൽ | 2 മീറ്ററിനുമേൽ | നല്ലതോതിൽ | കുറവ് | നല്ലത് | 323 |
| ചെങ്കൽമണ്ണ് (ലാറ്ററേറ്റ്) | 50—80 സെ.മീ. | മിതമായി | കൂടുതൽ | സാമാന്യം നല്ലത് | 302 |
| പശിമരാശി മണ്ണ് | 50—70 സെ.മീ. | മിതമായ തോതിൽ | കുറവ് | നല്ലത് | 30 |
| നരിക്കല്ല് | 1 മീറ്ററിനു മുകളിൽ | ഇല്ല | കൂടുതൽ | ഇല്ല | 30 |
| കായൽ ജന്യ എക്കൽമണ്ണ് | 2 മീറ്ററിൽ കൂടുതൽ | കുറവ് | കുറവ് | കൂടുതൽ | 107 |

കർഷകതൊഴിലാളികളുടെ ദൗർലഭ്യവും വിത്തും, വളവും, മറ്റു കാർഷികോൽപന്നങ്ങളും അങ്ങോട്ടുമിങ്ങോട്ടും കൊണ്ടു പോകാനുള്ള അസൗകര്യവും കർഷകർക്കു നെൽകൃഷിയിൽ താൽപര്യം കുറയാനുള്ള പ്രധാന ഘടകങ്ങളാണ്. കൊറ്റങ്കര, മയ്യനാട്, തൃക്കോവിൽവട്ടം എന്നീ പഞ്ചായത്തുകളിലും വടക്കേവിളയുടെ കിഴക്കൻ ഭാഗങ്ങളിലും പെയ്യുന്ന മഴയുടെ വെള്ളത്തിൻെറ സിംഹ ഭാഗവും ഒഴുകി പെരുങ്കുളം ഏലായുടെ പുന്തലത്താഴത്ത് ഭാഗത്തു കെട്ടികിടന്നതിനുശേഷമാണ് ചൂരാങ്ങൽ ആറ്റിൽ കൂടി ഒഴുക്കി കായലിൽ പതിക്കുന്നത്. ഈ പ്രവണത മഴക്കാലത്തുകൂടെകൂടെ വെള്ളപ്പൊക്കമുണ്ടാക്കുന്നു. വെള്ളപ്പൊക്കത്തെ അതിജീവിച്ചു ബാക്കി നിൽക്കുന്ന നെൽച്ചെടി മഴമാറിയാൽ ഉടൻ ഉണങ്ങി വരണ്ടു പോകാറാണ് പതിവ്. ഉണക്കുകാലത്ത് ഉപയോഗിക്കത്തക്കവിധത്തിൽ ജലസംഭരണ സംവിധാനങ്ങൾ യാതൊന്നും ഇല്ലാതെ പോയതാണ് ഇതിനുകാരണം. പഞ്ചായത്തിലും സമീപ പ്രദേശങ്ങളിലും ആരംഭിച്ചു വളർന്നു വന്ന കശുവണ്ടി വ്യവസായവും, കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളും മറ്റു ചെറുകിട വ്യവസായങ്ങളും കാർഷികരംഗത്തു നിന്നും പഞ്ചായത്തിലെ തൊഴിലാളികളെ വ്യാവസായിക രംഗത്തേക്ക് ആകർഷിച്ചതും തൊഴിൽ സംസ്ക്കാരത്തിലുണ്ടായ പുതിയ പ്രവണതകളും കാർഷികരംഗം അനാകർഷകമാക്കി. അതിനാൽ കാർഷികാവശ്യത്തിന് തൊഴിലാളികൾ ലഭ്യമല്ലാതായി. കിട്ടുന്ന തൊഴിലാളികൾക്കുതന്നെ താങ്ങാനാകാത്തകൂലിയും കൊടുക്കേണ്ടി വരുന്നു.

അതുപോലെ പഞ്ചായത്തിലെ ഗതാഗത സൗകര്യങ്ങൾ കഴിഞ്ഞ ദശകങ്ങളിൽ അഭൂതപൂർവ്വമായ വളർച്ച കൈവരിച്ചെങ്കിലും കാർഷികമേഖലയുമായി ബന്ധപ്പെടുത്തിയുള്ള ഗതാഗതാവശ്യങ്ങൾ പരിഗണിക്കപ്പെട്ടിട്ടില്ല. ഇന്നും കർഷകൻെറ ഗതാഗത സൗകര്യങ്ങൾ പഴയസ്ഥലത്തു തന്നെ നിൽക്കുന്നു. വിത്തും വളവും നെൽപ്പാടങ്ങളിൽ എത്തിക്കുന്നതും അവിടെനിന്നും കാർഷികോൽപന്നങ്ങൾ കടത്തിക്കൊണ്ടു പോകുന്നതും ഇന്നും തലചുമടായിട്ടാണ്. പുതിയ കാർഷികോപകരണങ്ങളായ ട്രാക്ടർ, ടില്ലർ, തുടങ്ങിയവ പാടങ്ങളിൽ ഇറക്കുന്നതിനും വേണ്ടത്ര സൗകര്യങ്ങളില്ല.

**ഇന്നു നിലനിൽക്കുന്ന കൂലിനിരക്കുകൾ താഴെ പട്ടികയായി കൊടുക്കുന്നു**

| കർഷകത്തൊഴിലാളി | കൂലിനിരക്ക് |
|---|---|
| പുരുഷൻ | 100.00 |
| സ്ത്രീ | 75.00 |

പഞ്ചവത്സര പദ്ധതികളുടെ തുടക്കത്തിലുണ്ടായ ഹരിത വിപ്ലവത്തിൻെറ കാലഘട്ടത്തിൽ പുതിയ കൃഷി രീതികൾ ആവിഷ്ക്കരിക്കുകയും പുതിയ വിത്തും വളങ്ങളും പ്രാബല്യത്തിൽ വരുകയും ചെയ്തപ്പോൾ കാർഷിക രംഗത്തു പുത്തൻ ഉണർവുണ്ടായി. ഉൽപാദനത്തിലും ഉൽപാദന ക്ഷമതയിലും വർദ്ധനവുണ്ടായി. പക്ഷേ ആ ഉണർവു നിലനിർത്താനായില്ല. കാർഷികരംഗത്ത് പ്രത്യേകിച്ച് നെൽകൃഷിയുടെ രംഗത്ത ഡിപ്പാർട്ടുമെൻറൽ ശ്രദ്ധ കുറഞ്ഞത് കൂടുതൽ പ്രശ്നങ്ങളുണ്ടാക്കി. പുതിയ വിത്തിനങ്ങളും വളങ്ങളും കൂടുതൽ കീടങ്ങളും രോഗങ്ങളും ഉണ്ടാകാനും മണ്ണിൻെറ ഫലപുഷ്ടി കുറയ്ക്കാനും കാരണമായി പാർപ്പിടാവശ്യത്തിനുവേണ്ടി നിലങ്ങൾ നികത്തിയതും നികത്താതെ കിടന്ന നിലങ്ങളിൽ മേൽപ്പറഞ്ഞ കാരണങ്ങളാൽ കൃഷിയിറക്കാതെ വന്നതും യഥാർത്ഥത്തിൽ നെൽകൃഷി ചെയ്യുന്ന പ്രദേശത്തിൻെറ വിസ്തൃതി ഗണ്യമായി കുറയ്ക്കാനും നെൽകൃഷി അനാകർഷകമാക്കാനും സഹായിച്ചു. ഉൽപന്നത്തിൻെറ വിപണിയില്ലായ്മ, കാലവർഷ വ്യതിയാനങ്ങൾ കൃഷി ഉപജീവനമായി സ്വീകരിയ്ക്കുന്നവരുടെ എണ്ണത്തിൽ വന്ന കുറവ്, കൃഷി ചെലവിലുണ്ടായ ഗണ്യമായ വർദ്ധന തുടങ്ങിയ കാരണങ്ങൾ നെൽകൃഷി പഞ്ചായത്തിൽ അവഗണിക്കപ്പെടാൻ കാരണമായി.

### തെങ്ങ്

ഈ നൂറ്റാണ്ടിൻെറ ആദ്യപകുതിയിൽ നേരത്തെ സൂചിപ്പിച്ചതുപോലെ തെങ്ങ് ഒരു പ്രധാന വിളയായിരുന്നില്ല. പക്ഷേ കാലക്രമേണ തേങ്ങായ്ക്കുണ്ടായ

വാണിജ്യപ്രാധാന്യം കർഷകനെ തെങ്ങുകൃഷിയിലേയ്ക്കാകർഷിച്ചു. ക്രമേണ കരയിലെ പ്രധാന കൃഷി തെങ്ങായി മാറി. ഇന്ന് ഈ പഞ്ചായത്തിൽ 615 ഹെക്ടർ സ്ഥലത്ത 122460 തെങ്ങ് ഉണ്ടെന്നാണ് കൃഷി ഭവനിലെ രേഖകളിൽ കാണുന്നത്. പഞ്ചായത്തിലെ തെങ്ങിൻെറ വിശദമായ കണക്ക് പട്ടികയിൽ.

പക്ഷേ, ഇന്ന് ആകെ ഇവിടുള്ള തെങ്ങിൽ അമ്പതുശതമാനത്തിലധികവും വിവിധ രോഗങ്ങൾ പിടിപെട്ടവയാണ്.

മണ്ടചീയൽ, വേരുചീയൽ, ഓലചീയൽ, ചെന്നീരൊലിപ്പ്, കാറ്റുവീഴ്ച, തുടങ്ങിയവയാണ്. ഇവിടെ കാണുന്ന പ്രധാന രോഗങ്ങൾ. ഇവ കൂടാതെ കൊമ്പൻ ചെല്ലി, മണ്ടപ്പുഴു, ഓലപ്പുഴു തുടങ്ങിയ കീടങ്ങളുടെയും എലി, വവ്വാൽ തുടങ്ങിയ ജീവികളുടെയും ആക്രമണത്തിനും തെങ്ങു വിധേയമാകുന്നു. പാടങ്ങളും കുളങ്ങളും തോടുകളും നികത്തിയതിൻെറ ഫലമായി നീരൊഴുക്കു കുറഞ്ഞതുകാരണം വെള്ളം കെട്ടിനിന്ന് വേരുചീയൽ ബാധിക്കുന്നതും ഇവിടുത്തെ പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ്.

1980നുമുമ്പ് വർഷത്തിൽ രണ്ടു തവണ കൃഷി ഡിപ്പാർട്ടുമെൻറിൻെറ സഹായത്തോടെ തെങ്ങിനു മരുന്നുതളി നടത്തിയിരുന്നു. ഇന്ന് ആ പദ്ധതി നിലവിലില്ല. തെങ്ങിനു തളിയ്ക്കുന്ന മരുന്നുകളുടെ അമിതവില, മരുന്നുതളിയ്ക്കുന്ന ഉപകരണങ്ങളുടെ ലഭ്യത കുറവ് മരുന്നുതളി, മണ്ടവൃത്തിയാക്കൽ തേങ്ങയിടീൽ തുടങ്ങിയ ജോലികൾക്കു തൊഴിലാളികളെ ആവശ്യത്തിനു കിട്ടായ്ക, രാസവളം വിൽക്കുന്ന ഡിപ്പോകളുടെ അഭാവം, ജലസേചന സൗകര്യങ്ങളുടെ കുറവ് രോഗപ്രതിരോധശക്തിയും അത്യുൽപാദനശേഷിയുള്ള നല്ലയിനം തെങ്ങിൻ തൈകൾ ആവശ്യത്തിനും വേണ്ട സമയത്തിനും കിട്ടുന്നതിനുള്ള ബുദ്ധിമുട്ട് തുടങ്ങിയവയും ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളാണ്.

## മരച്ചീനി

ഈ പഞ്ചായത്തിലെ പ്രധാന വിളയായിരുന്നു മരച്ചീനി. നാടൻ ഇനങ്ങളായ നെടുമങ്ങാടൻ, അരുവിക്കര, അരയൻ നഞ്ചുവെള്ള, റൊട്ടിവെള്ള തുടങ്ങിയ ഇനങ്ങളാണ് കൃഷി ചെയ്തിരുന്നത്. തെങ്ങു കൃഷി വ്യാപകമായതോടെ മരിച്ചീനി ഒരു ഇടവിളയായി പരിണമിച്ചു. എലിയുടെ ശല്യം ഈ വിളയെ പ്രതികൂലമായി ബാധിച്ചു. ഇന്ന് ഈ പഞ്ചായത്തിൽ മരച്ചീനി ഗൗരവമായി കൃഷി ചെയ്യപ്പെടുന്ന വിളയല്ലാതായി മാറിയിരിക്കുന്നു.

## ഇടവിളകൃഷികൾ

തെങ്ങിനിടയിൽ വാഴ, കുരുമുളക്, ചേന, ചേമ്പ്, കാച്ചിൽ, കിഴങ്ങ്, പയറ്, ഇഞ്ചി, മഞ്ഞൾ, കൂവ തുടങ്ങിയവ ഇടവിളയായി കൃഷി ചെയ്യുന്നു. പക്ഷേ ശാസ്ത്രീയമായ പരിഗണനയും, പരിചരണവും ഇവയ്ക്കു ലഭിയ്ക്കുന്നില്ല. പൂർണ്ണതോതിൽ ഇടവിള കൃഷിയുടെ സാധ്യത പ്രയോജനപ്പെടുത്തുന്നില്ല.

## പച്ചക്കറി

ഇവിടെ വ്യാപകമായി പച്ചക്കറി കൃഷി ചെയ്യപ്പെടുന്നില്ല. ചില ഒറ്റപ്പെട്ട ശ്രമങ്ങൾ അവിടവിടെ കാണുമെന്നു മാത്രം.

## കൃഷിഭവൻ

1987 നവംബർ ഒന്നിന് പഞ്ചായത്തുകളിൽ കൃഷി ഭവനുകൾ നിലവിൽ വന്നു. പക്ഷേ കൃഷി ഭവനുകൾ ഉദ്ദേശിച്ച രീതിയിൽ കർഷകർക്കു പ്രയോജനകരമായി പ്രവർത്തിക്കുന്നില്ല. സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസിയായി മാത്രമാണ് ഇന്ന് കൃഷി ഡിപ്പാർട്ടുമെൻറുകൾ പ്രവർത്തിക്കുന്നത്. ഈ രീതിമാറി കർഷകർക്കു കാർഷിക രംഗത്തെ ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ വിജ്ഞാനം പകരുന്ന പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്ന കേന്ദ്രങ്ങളായിത്തീരണം.

## ജലസേചനം

മഴയെ മാത്രം ആശ്രയിച്ചു കൃഷി ചെയ്യുന്ന പരമ്പരാഗത രീതിയാണ് ഇപ്പോഴും ഇവിടെ നിലനിൽക്കുന്നത്. ജലസേചന സൗകര്യങ്ങൾ ഇല്ലാത്തതാണ് ഇവിടുത്തെ കാർഷിക പുരോഗതിയ്ക്ക് തടസ്സം. നിരവധി കുളങ്ങളും ഏഴെട്ടു തോടുകളും പഞ്ചായത്തിൽ നിലവിലുണ്ടെങ്കിലും ഇവയെ ജലസേചന സൗകര്യത്തിനായി പ്രയോജനപ്പെടുത്തുന്നതിൻെറ സാധ്യതകൾ ഇനിയും ആരായേണ്ടതാണ്. പെരുങ്കുളം തോട്ടിലും പുന്തലത്താഴം തോട്ടിലും അയത്തിൽ തോട്ടിലും അവിടവിടങ്ങളിൽ തടയണ സ്ഥാപിച്ച് ലിഫ്റ്റ് ഇറിഗേഷൻ സൗകര്യം ഏർപ്പെടുത്തുന്നതിനെ പറ്റി ആലോചിയ്ക്കേണ്ടതാണ്. നിലവിലുള്ള കുളങ്ങൾ ആഴംകൂട്ടി ജലസേചനത്തിനു പറ്റിയ സാഹചര്യമൊരുക്കുന്നതിനെപ്പറ്റി ആലോചിക്കേണ്ടതാണ്. കൊറ്റങ്കര, പഞ്ചായത്തിൽ ആണെങ്കിലും പുന്തലത്താഴം കലങ്ങിനു വടക്കുവശം കൊറ്റങ്കര പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കുളം കേടുപാടുകൾ തീർത്ത് പെരുങ്കുളം. ഏലായിലെ കൃഷിക്കുപയോഗിക്കുന്നതിൻെറ സാധ്യതയും പരിശോധിയ്ക്കേണ്ടതാണ്. പെരുങ്കുളം ഏലാ തൃക്കോവിൽവട്ടം വടക്കേവിള പഞ്ചായത്തുകളിലായി വ്യാപിച്ചു കിടക്കുന്നു. തൃക്കോവിൽവട്ടം വടക്കേവിള പഞ്ചായത്തുകൾക്കു ഒരു പൊതു പദ്ധതിയുണ്ടാക്കി ജലസേചനവും ജലനിർഗ്ഗമനവും നടത്തുന്നതിന് മുഖത്തല ബ്ലോക്കു പഞ്ചായത്ത് ഒരു പദ്ധതി തയ്യാറാക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

1. നെൽപാടങ്ങൾ നികത്തുന്നതും കുഴിച്ചു ചെളിയെടുക്കുന്നതും നെൽപാടത്തിൻെറ വിസ്തൃതി കുറയ്ക്കുന്നു.
2. മഴക്കാലത്തു പെരുങ്കുളം ഏലായിൽ ഉണ്ടാകുന്ന വെള്ളപ്പൊക്കം കൃഷിയ്ക്കുനാശം വരുത്തുന്നു.
3. വേനൽക്കാലത്ത് ജലസേചന സൗകര്യം ഇല്ലായ്മ നെൽപാടങ്ങൾ വിണ്ടുകീറി കൃഷിനാശം ഉണ്ടാക്കുന്നു.
4. വിത്തും, വളവും കൊണ്ടു പോകുന്നതിനും കാർഷിക ഉപകരണങ്ങളായ ട്രില്ലറും ട്രാക്ടറും പാടത്തിറക്കുന്നതിനും, കാർഷിക ഉൽപന്നങ്ങൾ നിലങ്ങളിൽനിന്നും കൊണ്ടു പോകുന്നതിനും ആവശ്യത്തിനു ഗതാഗത സൗകര്യം ഇല്ലായ്മ പ്രശ്നങ്ങളുണ്ടാക്കുന്നു.
5. കാർഷിക തൊഴിലാളികളുടെ അപര്യാപ്തതയും കൂലി കൂടുതലും പ്രശ്നങ്ങളാണ്.
6. നിലം ഉഴുന്നതിനും മറ്റുമുള്ള കാർഷിക ഉപകരണങ്ങൾ

ആവശ്യത്തിനും വേണ്ട സമയത്തും കുറഞ്ഞ ചെലവിൽ കിട്ടാനില്ല.

7. രാസവളങ്ങളും, കീടനാശിനികളും സൗകര്യപ്രദമായി ലഭ്യമല്ലാത്തതും അവയുടെ വിലക്കൂടുതലും പ്രശ്നങ്ങളുണ്ടാക്കുന്നു.
8. തെങ്ങു കൃഷിക്കാരെ തെങ്ങു രോഗവും തെങ്ങിനെ ആക്രമിയ്ക്കുന്ന കീടങ്ങളും ജീവികളും ബുദ്ധിമുട്ടിക്കുന്ന പ്രശ്നങ്ങളാണ്.
9. ആവശ്യത്തിനു ജലസേചന സൗകര്യമില്ല.
10. മഴക്കാലത്തെ വെള്ളക്കെട്ടു തെങ്ങു കൃഷിയെ ദോഷകരമായി ബാധിക്കുന്നു.
11. ജൈവവളങ്ങളും രാസവളങ്ങളും കുമ്മായവും കീടനാശിനികളും കിട്ടാൻ ബുദ്ധിമുട്ട് അനുഭവിക്കുന്നു.
12. നല്ലയിനം രോഗപ്രതിരോധശക്തിയും ഉൽപാദനശേഷി യുള്ള തെങ്ങിൻതൈകൾ ആവശ്യത്തിന് വേണ്ട സമയത്ത് കിട്ടുന്നില്ല.
13. അശാസ്ത്രീയമായ കൃഷിരീതികൾ തെങ്ങു കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.
14. തെങ്ങു കയറ്റ തൊഴിലാളികളുടെ അപര്യാപ്തതയും കൂലി കൂടുതലും പ്രശ്നങ്ങളാണ്.
15. മരച്ചീനി കൃഷിക്കുള്ള നടീൽ വസ്തുക്കൾ കിട്ടാനില്ല.
16. എലിശല്യം മരച്ചീനി കൃഷിക്കു വലിയ ഭീഷണിയാണ്.
17. ഇടവിള കൃഷിയോടുള്ള ആഭിമുഖ്യക്കുറവ് ആ രംഗത്തെ വലിയ പ്രശ്നങ്ങളാണ്.
18. പച്ചക്കറി വിത്തുകൾ കിട്ടായ്ക പച്ചക്കറി കൃഷിയി ലുള്ള സാങ്കേതിക വിജ്ഞാനത്തിന്റെ അപര്യാപ്തത തുടങ്ങിയവ ആ രംഗത്തുള്ള പ്രശ്നങ്ങളാണ്.
19. കാർഷിക ഉൽപന്നങ്ങളുടെ വിപണന സൗകര്യം പഞ്ചായത്തിൽ നിലവിലില്ല.

## സാധ്യതകൾ

1. ഇപ്പോൾ നിലവിലുള്ള നിലങ്ങൾ നിലനിറുത്തു ന്നതിനായി പാടങ്ങൾ നികത്തുന്നതും ചെളിയെടുത്തു പാടങ്ങൾ കുഴിയ്ക്കുന്നതും തടയാനുള്ള നിയമപരമായ മാർഗ്ഗങ്ങൾ സ്വീകരിയ്ക്കുക.
2. പുന്തലത്താഴം തോട്ടിന്റെ ഇരുവശവും ബലപ്പിച്ച് ഉയരംകൂട്ടി വടക്കുനിന്നു വരുന്ന മഴവെള്ളം പെരുങ്കുളം തോട്ടിൽ കൊണ്ടുവിടുക. കുറവൻമൂല പുന്തലത്താഴം ഭാഗങ്ങളിൽ കൂടി ഒരു ചെറിയ കൈത്തോട് പുതിയ തായി സ്ഥാപിച്ച് റോഡിൽനിന്നും വരുന്ന വെള്ളം പട്ടാണിക്കുഴിയിൽകൊണ്ടു വിടുക. പട്ടാണിക്കുഴി മുതൽ ഇലഞ്ഞിച്ചാൽ വഴി പടിഞ്ഞാറേ ാട്ടു ചുരാങ്ങൾപാലംവരെയുള്ള കൈത്തോടു വീതികൂട്ടി ഇരുവശവും ബലപ്പിച്ച് ഉയരം കൂട്ടുക. ചൂരാങ്ങൾ പാലം മുതൽ പടിഞ്ഞാറോട്ടു അയത്തിൽ പാലം വരെയുള്ള തോടിന്റെ (ആറ്റിന്റെ) ആഴംകൂട്ടുകയും ആവശ്യമുള്ളിടത്ത് വീതി കൂട്ടി ഇരുവശവും ബലപ്പെടുത്തുക.
3. വേനൽക്കാലത്ത് ഉണക്കിൽനിന്നും നെൽകൃഷിയെ രക്ഷിക്കുന്നതിനായി ചൂരാങ്ങൾ പാലത്തിൽ നിലവിലുള്ള പലകകൾക്കുപകരം ഷട്ടറുകൾ സ്ഥാപിക്കുകയും പുന്തലത്താഴം തോട്ടിലും പെരുങ്കുളം തോട്ടിലും തടയണകൾ പണിയുകയും ലിഫ്ട് ഇറിഗേഷനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുകയും കല്ലട ഇറിഗേഷൻ പദ്ധതിയുമായി പെരുങ്കുളം ഏലായെ ബന്ധിപ്പിക്കുകയും നിലവിലുള്ള കുളങ്ങൾ ജലസേചനാവശ്യത്തിനായി സജ്ജമാക്കുകയും ചെയ്യുക.
4. പുന്തലത്താഴം കുളത്തുംകരവരെ ചെന്നുനിൽക്കുന്ന റോഡ് കിഴക്കേ കരയിലെ റോഡുമായി ബന്ധിപ്പിക്കുക. ചൂരാങ്ങൾ പാലം മുതൽ കിഴക്കോട്ടു പട്ടാണിക്കുഴിവഴി റോഡു നിർമ്മിച്ചു പഞ്ചായത്ത് അതിർത്തിയായ ശാസ്ത്രിമുക്ക് മധുവരമ്പിൽ എത്തിക്കുക. തോടുകൾക്കുമീതെ അവിടവിടങ്ങളിൽ ട്രാക്ടർ പാസ്സേജുകൾ നിർമ്മിക്കുക.
5. ഗ്രൂപ്പുഫാമിംഗ് ഏർപ്പെടുത്തുകയും സംഘടനാ രൂപങ്ങൾ ഉണ്ടാക്കി കർഷകതൊഴിലാളി പ്രശ്നങ്ങൾക്കു പരിഹാരം കാണുകയും ചെയ്യുക.
6. ഗ്രൂപ്പുഫാമിംഗ് സംഘടനകൾക്ക് ട്രാക്ടർ, ട്രില്ലർ തുടങ്ങിയ കാർഷികോപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുക.
7. വിശദമായ സർവ്വേ നടത്തി രോഗം ബാധിച്ച തെങ്ങുകളുടെ കണക്കുശേഖരിക്കുക. മുഴുവൻ രോഗബാധിത തെങ്ങുകളും വെട്ടി മാറ്റി പകരം നല്ലയിനം തൈകൾ നടുന്നതിനു പദ്ധതികൾ ആവിഷ്ക്കരിക്കുക വെട്ടി മാറ്റുന്ന തെങ്ങുകൾക്കു നിലവിലുള്ള 200 രൂപായ്ക്കു പകരം 500 രൂപാ വീതം നൽകാനുള്ള പദ്ധതി ഉണ്ടാക്കുക.
8. തെങ്ങുകൾക്ക് ജലസേചന സൗകര്യത്തിനായി ചൂരാങ്ങൾ മുതൽ അയത്തിൽപാലം വരെ പെരുങ്കുളം തോട്ടിൽ തടയണകൾ സ്ഥാപിക്കുക. ലിഫ്റ്റു ഇറിഗേഷനുള്ള സൗകര്യം ഏർപ്പെടുത്തുക. (മറ്റു സ്ഥലങ്ങളിൽ) അയത്തിൽ തോട്ടിനു തടയണ കെട്ടി ലിഫട് ഇറിഗേഷൻ സൗകര്യം ഉണ്ടാക്കുക. നിലവിലുള്ള കുളങ്ങളും കിണറുകളും ആഴംകൂട്ടി പമ്പുസെറ്റുകൾ സ്ഥാപിച്ച് ജലസേചനസൗകര്യം ഏർപ്പെടുത്തുക. പുതിയ (കമ്മ്യൂണിറ്റി ഇറിഗേഷൻ)
9. മഴക്കാലത്തെ വെള്ളക്കെട്ടിൽനിന്ന് തെങ്ങിനെ രക്ഷിക്കാൻ ഡ്രെയിനേജ് സൗകര്യങ്ങൾ ഏർപ്പെടുത്തുക.
10. ജൈവവളങ്ങളും കുമ്മായവും രാസവളങ്ങളും കീടനാശിനികളും കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് ആവശ്യമുള്ള സമയത്ത് ആവശ്യമുള്ള അളവിൽ ലഭ്യമാക്കണം.
11. വർഷത്തിൽ രണ്ടുതവണ മരുന്നു തളിയ്ക്കുന്നതിനും, തെങ്ങിന്റെ മണ്ട വൃത്തിയാക്കുന്നതിനും നാളികേരം ഇടുന്നതിനും തൊഴിലാളികളെ പരിശീലിപ്പിക്കുകയും തെങ്ങു കയറ്റ യന്ത്രം സൗജന്യമായി വിതരണം ചെയ്യുകയും തൊഴിലാഴികൾക്ക് മറ്റു സർക്കാർ സഹായങ്ങൾ നൽകുകയും ചെയ്യുക.
12. കൃഷി ഭവൻ വഴി നല്ലയിനം തെങ്ങിൻതൈകൾ വിതരണം ചെയ്യുകയും ശാസ്ത്രീയ കൃഷി രീതികൾ പ്രചരിപ്പിയ്ക്കുന്നതിന് കാർഷിക വിദഗ്ദ്ദരെ തയ്യാറാക്കുകയും ചെയ്യുക.
13. റബ്ബർ കൃഷിയ്ക്കു റബ്ബർ ബോർഡു നൽകുന്ന ആനുകൂല്യങ്ങൾക്കു സമാനമായ ആനുകൂല്യങ്ങൾ തെങ്ങു കൃഷിയ്ക്കും നൽകുക.
14. വിള ഇൻഷുറൻസ് ഏർപ്പെടുത്തുക.

15. പുതുതായി പഞ്ചായത്തിൽ 25000 അത്യുൽപാദനശേഷിയും രോഗപ്രതിരോധശേഷിയുമുള്ള തെങ്ങിൻ തൈകൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുക.
16. നാളികേരത്തിനു തറവില നിശ്ചയിക്കുകയും വേനൽക്കാലത്ത് ഇളനീർ വിൽക്കാനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.
17. മുഴുവൻ വാർഡുകളിലും കരകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു വൃക്ഷം അത്യുൽപാദന ശേഷിയുള്ള നല്ലയിനം മരച്ചീനികമ്പ് കൃഷി ഭവൻ വഴി ലഭ്യമാക്കുകയും മരച്ചീനി കൃഷിയിൽ പരിശീലനം നൽകുകയും ചെയ്യുക.
18. സമഗ്ര എലി നശീകരണ പദ്ധതികൾ നടപ്പിലാക്കുക.
19. പഞ്ചായത്തു പ്രദേശത്തു ഒരു ലക്ഷം നേത്രവാഴ നടുന്നതിനുള്ള വാഴവിത്ത് കൃഷി ഭവൻ വഴി ലഭ്യമാക്കുക. വാഴ കൃഷിയിൽ കർഷകർക്കു താൽപര്യം ജനിപ്പിച്ച് പ്രോത്സാഹിപ്പിക്കുക. വാഴവിത്തും വളവും സൗജന്യമായി വിതരണം ചെയ്യുക.
20. കവുങ്ങു കൃഷിക്കുപറ്റിയ ഇടങ്ങളിൽ മംഗളംപോലെയുള്ള അത്യുൽപാദനശേഷിയുള്ള അടയ്ക്കാതൈകൾ സൗജന്യമായി വിതരണം ചെയ്യുക.
21. കുരുമുളകു വ്യാപനക്കാര്യത്തിൽ ഒരു മരത്തിന് ഒരു വള്ളി പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കുക. ശാസ്ത്രീയ കൃഷിരീതികൾ പ്രചരിപ്പിക്കുക.
22. തെങ്ങിന്റെ ഇടവിളയായി ചേന കാച്ചിൽ കിഴങ്ങ്, മഞ്ഞൾ, ഇഞ്ചി, കൂവ വാഴ തുടങ്ങിയ കൃഷികൾ പ്രോത്സാഹിപ്പിക്കുക.
23. പഴവർഗ്ഗകൃഷി പുൽകൃഷി, വെറ്റില കൃഷി ഔഷധസസ്യകൃഷി തുടങ്ങിയവ വാർഡുതലത്തിൽ നടപ്പിലാക്കാനുള്ള സാധ്യതകൾ പരിശോധിച്ചു പദ്ധതി തയ്യാറാക്കുക. ഉദ്യാന കൃഷി വളരെ അധികം സാധ്യതയുള്ള കൃഷിയാണ് വാർഡ് തലത്തിൽ നടപ്പാക്കുന്നതിന് തീരുമാനിക്കണം.
24. ജൈവവളപ്രയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കമ്പോസ്റ്റു ഉൽപാദനത്തിന് പ്രോത്സാഹനവും ധനസഹായവും ചെയ്യുക. പച്ചിലവളച്ചെടികളുടെ വിത്തുകൾ വിതരണം നടത്തി പ്രോത്സാഹിപ്പിക്കുക.
25. കൂട്ടായ്മയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ എല്ലാവീടുകളിലും പച്ചക്കറി കൃഷിയ്ക്കു പദ്ധതി തയ്യാറാക്കുക. ഒരു വാർഡിൽ 100 എന്ന തോതിൽ കുറഞ്ഞത് 1500 പച്ചക്കറി കൃഷിത്തോട്ടങ്ങൾ തുടങ്ങുക. കർഷകർക്ക് പരിശീലനവും വിത്തും വളവും നൽകുക. മാർക്കറ്റിംഗ് സൗകര്യം ഉണ്ടാക്കുക പെരുങ്കുളത്ത് മൂന്നാം വിളയായി പച്ചക്കറി കൃഷി നടത്താനുള്ള സാധ്യത പരിശോധിച്ച് പദ്ധതികൾ ആവിഷ്ക്കരിക്കുക.
26. മണ്ണൊലിപ്പു തടയുന്നതിനും മണ്ണ് പരിശോധന നടത്തി ശാസ്ത്രീയമായ വളപ്രയോഗ നിർദ്ദേശങ്ങൾ നൽകുന്നതിനും പദ്ധതികൾ ഉണ്ടാക്കുക.
27. കാർഷിക ഉൽപന്നങ്ങൾക്കു വിപണന സൗകര്യം ഏർപ്പെടുത്തുന്നതിന് മാർക്കറ്റിംഗ് സൊസൈറ്റികൾ ആരംഭിക്കുക.
28. വാട്ടർ ഷെഡ് പദ്ധതിയുടെ അടിസ്ഥാനത്തിലുള്ള പരിപാടികൾ ആവിഷ്ക്കരിച്ച് പഞ്ചായത്തിലെ കാർഷിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള തീരുമാനമെടുക്കുകയും ഇക്കാര്യത്തിൽ വിപുലമായ ബോധവത്ക്കരണ പരിപാടികൾ നടപ്പിലാക്കുകയും ചെയ്യുക.
29. മൂലോട്ടുകുളം വസൂരിച്ചിറക്കുളം, തുടങ്ങിയ കുളങ്ങൾക്ക് ആഴംകൂട്ടി അറ്റകുറ്റപ്പണികൾ നടത്തി ജലസേചനത്തിനാവശ്യമായ പമ്പുസെറ്റുകൾ സ്ഥാപിച്ച് ലിഫ്റ്റ് ഇറിഗേഷനുള്ള സാധ്യത വർദ്ധിപ്പിക്കുക.
30. പഞ്ചായത്തിലെ ഉപാധിരഹിതഫണ്ടിന്റെ 75% തുകയും കാർഷിക ഉൽപാദനം വർദ്ധിപ്പിക്കുന്ന പരിപാടികൾക്കു ചെലവഴിക്കാൻ ശ്രദ്ധിയ്ക്കുക.
31. കൃഷിഭവനിൽനിന്നു കർഷകർക്കു ലഭിക്കുന്ന സഹായങ്ങൾ അർഹരായവർക്കു ലഭ്യമാകുന്നു എന്നുറപ്പാക്കുക.

## പട്ടിക 1
### കൈവശഭൂമിയുടെ വിവരങ്ങൾ

| ഭൂമിയുടെ പരിധി | കുടുംബങ്ങളുടെ എണ്ണം | വിസ്തീർണ്ണം |
|---|---|---|
| 50 സെൻറിനു താഴെ | 9051 | 550 ഹെക്ടർ |
| 50 സെൻറിനു മുകളിൽ 1ഏക്കർ വരെ | 251 | 82 ഹെക്ടർ |
| 1 ഏക്കറിനും 2 ഏക്കറിനും മദ്ധ്യേ | 45 | 30 ഹെക്ടർ |
| 2 ഏക്കറിനു മുകളിൽ | 14 | 18 ഹെക്ടർ |

## പട്ടിക 2

| വാർഡ് നമ്പർ | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | തെങ്ങ് കൃഷി വിസ്തീർണ്ണം | കായ് ഫലം | കായ്ക്കാത്തത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | |
| 1 | 15.60 | 2500 | 600 | 3100 | 1060 | 1200 | 75 | 15 | 300 | 2650 |
| 2 | 20.70 | 3290 | 850 | 4140 | 1250 | 1620 | 67 | 20 | 420 | 3377 |
| 3 | 18.40 | 2960 | 720 | 3680 | 1200 | 1300 | 70 | 15 | 450 | 3035 |
| 4 | 60.50 | 8250 | 4000 | 12250 | 5050 | 4110 | 250 | 115 | 1200 | 10725 |
| 5 | 50.90 | 7100 | 3000 | 10100 | 3250 | 4200 | 175 | 110 | 800 | 8535 |
| 6 | 45.70 | 6250 | 2890 | 9140 | 2600 | 3300 | 145 | 85 | 600 | 6730 |
| 7 | 35.50 | 5200 | 1980 | 7180 | 1950 | 3100 | 125 | 60 | 480 | 5715 |
| 8 | 40.20 | 6100 | 2040 | 8140 | 2600 | 2950 | 135 | 70 | 520 | 6275 |
| 9 | 45.00 | 5800 | 3250 | 9050 | 2950 | 3200 | 155 | 95 | 610 | 7010 |
| 10 | 55.50 | 7900 | 3400 | 11300 | 3200 | 3600 | 215 | 115 | 710 | 7840 |
| 11 | 50.25 | 7600 | 2450 | 10050 | 2700 | 3100 | 150 | 105 | 640 | 6725 |
| 12 | 50.24 | 7250 | 1920 | 9170 | 2900 | 3200 | 190 | 110 | 645 | 7045 |
| 13 | 42.40 | 6200 | 2210 | 8410 | 2200 | 2400 | 105 | 75 | 460 | 5240 |
| 14 | 40.50 | 6700 | 1400 | 8100 | 2100 | 2300 | 95 | 60 | 380 | 4935 |
| 15 | 43.61 | 6900 | 1750 | 8650 | 2350 | 2670 | 119 | 78 | 420 | 5637 |
| Grand Total | 615 | 90,000 | 32460 | 122460 | 37360 | 42250 | 2101 | 1128 | 8635 | 91474 |

## പട്ടിക 3

**1995—96 വർഷം കാർഷിക വികസന ബാങ്കുകൾ ഈ പഞ്ചായത്ത് പ്രദേശത്ത് ചെയ്ത വായ്പകളുടെ വിവരം**

| എത്രപേർക്ക് | ഏത് ഇനം വായ്പ | നൽകിയ തുക |
|---|---|---|
| കൊല്ലം സഹകരണ കാർഷിക വികസന ബാങ്ക് 6 | കാർഷിക വായ്പ | 114000 |
| വടക്കേവിള സർവ്വീസ് സഹകരണ ബാങ്ക് 15 | കാർഷിക വായ്പ | 123320 |
| കൊല്ലൂർ വിള സർവ്വീസ് സഹകരണ ബാങ്ക് | കാർഷിക വായ്പ | 54981 |

## പട്ടിക 4 — പൊതു ഭൂവിനിയോഗം

| ഇനം | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|
| നിലം | 09.50 |
| പുരയിടം | 649.56 |
| പുറമ്പോക്ക് | 66.28 |
| കൃഷിയോഗ്യമായ തരിശ് | 80.50 |
| ആകെ | 805.84 |

# മൃഗസംരക്ഷണം, മത്സ്യബന്ധനം

കേരളം ഇന്നഭിമുഖീകരിക്കുന്ന ഗുരുതരമായ വെല്ലുവിളികളിൽ ഏറ്റവും പ്രധാനമായത് ഉൽപാദന മാന്ദ്യമാണ്. ഭൂമിയുടെ തുണ്ട് തുണ്ടായ വിഭജനം, അന്യം നിന്നു വരുന്ന കൃഷിയിടങ്ങൾ, ജനസംഖ്യാ വർദ്ധനവ് തുടങ്ങിയവയൊക്കെ ഇതിന് കാരണമാകാം. ഇതിന്റെ യൊക്കെ ഫലമായി കൃഷിപോലെതന്നെ വളരെ പ്രധാന മായ മൃഗസംരക്ഷണ മേഖലയിലും ഉൽപാദനമാന്ദ്യം ഇന്ന് അനുഭവപ്പെടുന്നു. ഭൂമിയും ജലസേചനവും കഴിഞ്ഞാൽ കേരളത്തിലെ ഗ്രാമീണ കർഷകന്റെ സമ്പത്ത് കന്നുകാലി കളും കോഴികളുമാണ്. ഏറ്റവും ചുരുങ്ങിയകാലംകൊണ്ട് കുറഞ്ഞ മുതൽ മുടക്കിൽ, ഏറ്റവും കൂടുതൽ വരുമാനമുണ്ടാക്കാവുന്ന മേഖലയെന്നതിലുപരി, ഏറ്റവും കൂടുതൽ തൊഴിൽ രഹിതർക്ക് തൊഴിലും, നാമമാത്ര തൊഴിലുള്ളവർക്കും കർഷകകുടുംബങ്ങൾക്കുമെല്ലാം തന്നെ വരുമാനവർദ്ധനവിന്റെ സ്രോതസും കൈവരിക്കാവുന്ന മേഖലയാണിത്.

കേരളത്തിലെ നെല്ലറകളിൽ ഒന്ന് എന്നറിയപ്പെട്ടി രുന്ന വടക്കേവിള ഗ്രാമപഞ്ചായത്തിലെ പെരുങ്കുളം ഏലായാലും, ഗ്രാമത്തിലെ മറ്റു നെൽപ്പാടങ്ങളിലും വേണ്ട ഒരു അഭിവാജ്യഘടകമായിരുന്നു കന്നുകാലികൾ. നിലം ഉഴുന്നതിനും, വണ്ടി വലിക്കുന്നതിനും, കർഷകന് ആവശ്യ മായ പാലുൽപാദിപ്പിക്കുന്നതിനും, കൃഷിക്കാവശ്യമായ ജൈവവളങ്ങളുടെ ലഭ്യതയ്ക്കും വേണ്ടി കന്നുകാലി വളർത്തൽ മുഖ്യ തൊഴിലാക്കിയ ധാരാളം കർഷകർ മുൻകാലങ്ങളിൽ വടക്കേവിളയിൽ ഉണ്ടായിരുന്നു. എന്നാൽ നെൽപ്പാടങ്ങൾ നികത്തി വീടുകൾ വയ്ക്കുകയും, കന്നുകാലികൾക്ക് ആവശ്യമായ തീറ്റ മിതമായ നിരക്കിൽപോലും കിട്ടാതെ വരുന്ന അവസ്ഥ വന്നപ്പോൾ കർഷകർ കന്നുകാലി വളർത്തലിൽനിന്നും ക്രമേണ പിൻവാങ്ങുന്ന ഒരു സ്ഥിതിയാണ് ഗ്രാമത്തിൽ കണ്ടു വരുന്നത്. കോഴി, താറാവ്, മുയൽ എന്നീ വളർത്ത് പക്ഷികളേയും, പശു, എരുമ, ആട് എന്നീ വളർത്തു മൃഗങ്ങളേയും പ്രധാനമായും ഗ്രാമപഞ്ചായത്തിൽ കർഷകർ വളർത്തുന്നു. പരമ്പരാഗത വ്യവസായ തൊഴിലാളികൾ തിങ്ങി പാർക്കുന്ന വടക്കേവിളയിൽ മൃഗസംരക്ഷണമേഖലയ്ക്ക് ഊന്നൽ നൽകി പ്രോത്സാഹനം നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. പശു, എരുമ, മുയൽ, ആട്, പന്നി തുടങ്ങിയ വളർത്തു മൃഗങ്ങളേയും, കോഴി, താറാവ്, കാട തുടങ്ങിയ വളർത്തു പക്ഷികളേയും സർക്കാർ ഏജൻസികൾ മുഖേന ഗ്രാമവാസികൾക്ക് നൽകിയാൽ, അതുവഴി ഒരു പരിധി വരെ അവരുടെ സാമ്പത്തികാഭിവൃദ്ധിക്ക് സഹായകര മാണ്.

## 2000 ആണ്ടോടുകൂടി എല്ലാവർക്കും പൊതുജനാരോഗ്യം

പാൽ, മുട്ട, മാംസം എന്നിവയുടെ ആഭ്യന്തര ഉൽപാദനം സംസ്ഥാനത്തിന്റെ ആവശ്യത്തിന് തികയുന്നില്ല. ഇന്ന് സംസ്ഥാനത്ത് ഉപയോഗിക്കപ്പെടുന്ന മുട്ടയുടേയും മാംസത്തിന്റേയും 50%ത്തിലേറെ അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്നു. ഇതിന്റെ ഫലമായി ഭീമമായ ഒരു തുക സംസ്ഥാനത്തിന്റെ പുറത്തേക്കു പ്രവഹിക്കുന്നു.

ഇൻഡ്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചിന്റെ ശുപാർശപ്രകാരം ഒരാളിന്റെ ആളോഹരി ഉപഭോഗം താഴെ കൊടുക്കുന്നു.

| ഒരാൾക്ക് ഇപ്പോൾ കിട്ടേണ്ട ആളോഹരി | ഇപ്പോൾ കിട്ടുന്ന ആളോഹരി |
|---|---|
| ഒരാൾ ഒരു ദിവസം 280 ഗ്രാം പാൽ | 160 ഗ്രാം പാൽ |
| ഒരാൾ ഒരു വർഷം — 180 മുട്ട | 52 മുട്ട |
| ഒരാൾ ഒരു ദിവസം 15 ഗ്രാം മാംസം | 9 ഗ്രാം മാംസം |

പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദന വർദ്ധനവിന്റെ അടിയന്തിരാവശ്യത്തേയും, വമ്പിച്ച സാദ്ധ്യതയേയുമാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്.

പഞ്ചായത്തിലെ പുന്തലത്താഴത്ത് (XI—ാം വാർഡ്) മൃഗാശുപത്രി സർക്കാർ വകസ്ഥലത്ത് പ്രവർത്തിക്കുന്നു. ഈ അടുത്ത സമയത്താണ് ആശുപത്രി ആയി ഉയർത്തിയത്. എന്നാൽ ഡിസ്പെൻസറി ആയിരുന്നപ്പോൾ ഉള്ള സൗകര്യങ്ങളേ നിലവിൽ ഉള്ളൂ. ഒരു സീനിയർ വെറ്റിനറി ഡോക്ടറുടെ നേതൃത്വത്തിൽ പ്രവർത്തനം നടക്കുന്നു. ആവശ്യമായ മറ്റു സ്റ്റാഫുകളോ, (ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറുടെ അഭാവം വർഷങ്ങളായി നിലനിൽക്കുന്നു) കെട്ടിടത്തിന് ആവശ്യമായ ചുറ്റുമതിലു കളോ, അത്യാവശ്യംവേണ്ടുന്ന മരുന്നുകളോ ലഭിക്കാറില്ല. ആകെ രണ്ട് സബ്സെന്റർ മാത്രമേ പഞ്ചായത്തിൽ ഉള്ളൂ. 1996—ലെ കന്നുകാലി സെൻസസ് പ്രകാരം പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടേയും വളർത്തുപക്ഷികളുടേയും പട്ടികയാണ് ചുവടെകൊടുത്തിരിക്കുന്നത്.

## കോളം—1

| വാർഡ് നമ്പർ | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| | - | 70 | - | 10 | 333 | 162 | 1500 | 1019 | 300 | 100 | 23 | 2704 | 6955 |

## കോളം—2

| വാർഡ് നമ്പർ | പൂവൻകോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| | 1125 | 9733 | 1049 | 589 | 1657 | 10222 |

## കോളം—3

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1. | ദഹനസംബന്ധമായവ<br>Digestive disorder | 45 | 12 | 36 | 2 | | | |
| 2. | ശ്വാസകോശസംബന്ധം<br>Respiratory diseases | 20 | 15 | 21 | | | 100 | 10 |
| 3. | ഉപാപചയ സംബന്ധം<br>Metabolic diseases | 35 | 3 | 14 | | | 50 | |
| 4. | ത്വക് രോഗങ്ങൾ<br>Skin diseases | 30 | 5 | 7 | | | | |
| 5. | ധാതുലവണങ്ങളുടെ അഭാവം<br>Deficiency diseases | 15 | 3 | 6 | | | | |
| 6. | പരാദരോഗങ്ങൾ<br>Parasitic diseases | 35 | 6 | 29 | | 6 | | |
| 7. | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ<br>Gynaecological disorders | 25 | 4 | | | | | |
| 8. | വന്ധ്യത<br>Infertility | 18 | | | | | | |
| 9. | അകിടുവീക്കം<br>Mastitis | 45 | 2 | 7 | | | | |
| 10. | മുടന്തൻ പനി<br>Ephemeral Fever | 17 | | | | | | |
| 11. | പകർച്ചവ്യാധികൾ<br>Contagious diseases | 15 | | | | 14 | | |
| | ആകെ | 300 | 50 | 120 | 2 | 20 | 150 | 10 |

## കോളം—4
### പേ വിഷബാധ—പ്രതിരോധവും ചികിത്സയും (ഒരു വർഷത്തേത്)

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവെയ്പ്പ് നൽകിയവയുടെ എണ്ണം | 540 | 300 | 650 | 3500 | | |
| കടിയേറ്റതിനുശേഷം കുത്തിവെയ്പു നടത്തിയവയുടെ എണ്ണം | 18 | 9 | 6 | 60 | | |

## കോളം—5
### കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2—ലധികം തവണ ബീജസങ്കലനം വേണ്ടി വന്നവ |
|---|---|---|---|
| പശു | 1440 | 960 | 480 |
| കിടാരി | 480 | 360 | 120 |
| എരുമ | 120 | 84 | 36 |

## കോളം—6
### മത്സ്യബന്ധനം

| കടൽമത്സ്യം | | |
|---|---|---|
| മത്സ്യ വിപണനം | വല നന്നാക്കൽ | മത്സ്യ സംസ്ക്കരണം |
| 265 | 25 | |

## മൃഗസംരക്ഷണ മേഖലയിൽ ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ

1, കാലിത്തീറ്റയുടെ അമിതമായ വിലവർദ്ധനവും, ഗുണ മേന്മയില്ലായ്മയും
2. ക്ഷീരവിപണനത്തിനുള്ള സൗകര്യങ്ങൾ പരിമിത മാണ്.
3. മൃഗസംരക്ഷണത്തിനുള്ള ഔദ്യോഗിക സംവിധാന ങ്ങൾ അപര്യാപ്തമാണ്.
4. സാങ്കേതിക പരിജ്ഞാനമില്ലാത്തവരുടെ മൃഗചികിത്സ.
5. ഗുണമേന്മയുള്ള കന്നുകാലികളുടേയും, പക്ഷിമൃഗാദി കളുടേയും ദൗർലഭ്യം
6. വൈക്കോലിന്റെ വിലവർദ്ധനവ് (ദൗർലഭ്യം)
7. കോഴിത്തീറ്റ കുറഞ്ഞ വിലയ്ക്ക് ലഭ്യമല്ലാത്തതിനാൽ മുട്ടക്കോഴികളെ ലാഭകരമായി വളർത്തുവാൻ കഴിയുന്നില്ല.
8. പേപ്പട്ടിശല്യം അനുഭവപ്പെടുന്നു.
9. വായ്പനൽകുന്നതിന് ധനകാര്യ സ്ഥാപനങ്ങളുടെ വിമുഖത
10. ഇൻഷുറൻസ് പരിരക്ഷയുടെ അപര്യാപ്തത.

## സാദ്ധ്യതകൾ

പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ തീറ്റനിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കണം. അസംസ്കൃത സാധനങ്ങൾക്ക് ന്യായ മായ വില ലഭിയ്ക്കുന്നതിനും നിയന്ത്രിതവിലയ്ക്ക് ഗുണ നിലവാരമുള്ള തീറ്റ ലഭിക്കുന്നതിനും പ്രാദേശികമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇത് സഹായിക്കും. പഞ്ചായത്ത് പുറമ്പോക്കു സ്ഥലങ്ങൾ തീറ്റപ്പുല്ലു കൃഷിക്കുവേണ്ടി ലേലവ്യവസ്ഥയിൽ ഉപ യോഗിക്കാവുന്നതാണ്. പാൽ വിപണനസ്ഥാപനങ്ങൾ കർഷകന് പ്രാപ്യമായ രീതിയിൽ പുനരാസൂത്രണം ചെയ്യു

കയും, പാലിന് അർഹമായ വില ഉറപ്പു വരുത്തുകയും ചെയ്യുക. ധനകാര്യസ്ഥാപനങ്ങളിൽനിന്നും ക്ഷീരകർഷകർക്ക് അർഹമായ രീതിയിൽ വായ്പാ സംവിധാനങ്ങൾ ലഭ്യമാക്കണം. മൃഗാശുപത്രികളിൽ ആവശ്യം മരുന്നുകൾ ലഭ്യമാക്കുക. ആധുനിക രീതിയിലുള്ള ശാസ്ത്രീയമായ അറവുശാലകൾ പ്രാദേശികമായി സ്ഥാപിക്കുകയും, ശുദ്ധമായ മാംസവിപണനസൗകര്യങ്ങൾ ഉറപ്പാക്കുകയും വേണം. വനിതാസംഘങ്ങളുടെ രൂപീകരണംവഴി മൃഗസംരക്ഷണമേഖലയിലെ സ്ത്രീ പങ്കാളിത്തം ഉറപ്പു വരുത്തുക. മൃഗാശുപത്രിയിൽ ആധുനിക സൗകര്യങ്ങൾ (മാതൃകാമൃഗാശുപത്രി) നടപ്പിലാക്കണം. പഞ്ചായത്തിലെ എല്ലാ വളർത്തു നായ്ക്കൾക്കും പ്രതിരോധകുത്തിവയ്പ് നൽകുകയും, ലൈസൻസിംഗ് നിർബന്ധമാക്കുകയും, അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വേണം.

## നടപ്പു പദ്ധതികൾ, പോരായ്മകൾ, വേണ്ട മാറ്റങ്ങൾ

1. **പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി**

ഈ പദ്ധതിയിൽ പഞ്ചായത്തിലെ എല്ലാ സങ്കരയിനം പശുക്കുട്ടികളേയും എരുമക്കുട്ടികളേയും ഉൾപ്പെടുത്തണം. കാലിത്തീറ്റ വില വർദ്ധന അനുസരിച്ച് സബ്സിഡി സഹായം വർദ്ധിപ്പിക്കണം.

2. **പേവിഷ നിയന്ത്രണ പദ്ധതി**

പ്രതിരോധ കുത്തിവയ്പ് ഇപ്പോൾ നിർബന്ധമല്ല. പഞ്ചായത്തിലെ എല്ലാ നായ്ക്കളേയും നിർബന്ധ കുത്തിവയ്പിന് വിധേയമാക്കുകയും ലൈസൻസിംഗ് ഏർപ്പെടുത്തുകയും വേണം. ലൈസൻസ് ഇല്ലാത്ത അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുക.

3. **കാലിരോഗ നിയന്ത്രണ പദ്ധതി**

ഒരു പ്രദേശത്തെ എല്ലാ കന്നുകാലികളേയും യഥാസമയം പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കണം.

4. **ആടുവളർത്തൽ പദ്ധതി**

നല്ലയിനം ആട്ടിൻകുട്ടികൾ ലഭ്യമല്ല. പച്ചിലത്തീറ്റയുടെ ദൗർലഭ്യവും ഒരു പോരായ്മയാണ്. നല്ലയിനം ആട്ടിൻകുട്ടികളെ ലഭ്യമാക്കുകയും, സോഷ്യൽ ഫോറസ്ട്രി മുതലായ പദ്ധതികൾവഴി ഇതിന് വേണ്ട പച്ചിലത്തീറ്റ (പ്ലാവ്, നുബാബുൾ തുടങ്ങിയവ) കൂടുതൽ പ്രചരിപ്പിക്കുകയും വേണം.

5. **ഇറച്ചിക്കോഴിവളർത്തൽ പദ്ധതി**

പഞ്ചായത്തിൻെറ ചില പ്രദേശങ്ങളിൽ പദ്ധതി നടപ്പിൽ ഉണ്ടെങ്കിലും ഈ മേഖല അസംഘടിതമാണ്. തീറ്റയുടേയും കോഴിക്കുഞ്ഞുങ്ങളുടേയും അമിതമായ വിലയാണ് ഈ മേഖലയിലെ പ്രധാന പ്രശ്നം. നല്ലയിനം കോഴിക്കുഞ്ഞുങ്ങളേയും, തീറ്റയും കുറഞ്ഞ വിലയ്ക്ക് പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കണം. കോഴിയിറച്ചിയുടെ വിപണനത്തിനായി സഹകരണ സംഘങ്ങൾ സ്ഥാപിക്കണം.

6. **എഗ്ഗർ നഴ്സറി**

നല്ലയിനം കോഴിക്കുഞ്ഞുങ്ങൾ ഇപ്പോൾ ലഭ്യമല്ല. സർക്കാർഫാമുകളിൽ നിന്നും നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കണം. അടുക്കളമുറ്റത്തെ കോഴിവളർത്തലിനും സ്കൂൾപൗൾട്രി ക്ലബ്ബിനും ഈ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാം.

7. **അടുക്കളമുറ്റത്തെ കോഴിവളർത്തൽ**

എല്ലാവർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നില്ല. ആവശ്യക്കാർക്ക് രണ്ടു മാസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ സഹായനിരക്കിൽ ലഭ്യമാക്കണം.

8. **ഊർജ്ജിത പന്നിവളർത്തൽ പദ്ധതി**

പ്രദേശത്ത് ചില സ്ഥലങ്ങളിൽ മാത്രം നടപ്പിൽ ഉണ്ട്. സർക്കാർ ഏജൻസികൾ വഴിയുള്ള ബോധവത്ക്കരണം ആവശ്യം ആണ്.

9. **ബീജസങ്കലന സൗകര്യങ്ങൾ**

സൗകര്യങ്ങൾ അപര്യാപ്തം. കൃത്രിമബീജസങ്കലന സൗകര്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കണം.

## നടപ്പു പദ്ധതിയിലേക്ക് വേണ്ടുന്ന നിർദ്ദേശങ്ങൾ

സങ്കരയിനത്തിലുള്ള പശുക്കളെ കർഷകർ കൂടുതൽ ആശ്രയിക്കുന്നതിനാൽ, ദിവസവും കുറഞ്ഞത് 5 കി.ഗ്രാം പച്ചപ്പുൽ തീറ്റ കന്നുകാലികൾക്ക് കിട്ടുന്നതിനുവേണ്ടി, കർഷകർക്ക് സബ്സിഡി നിരക്കിൽ പുൽകൃഷി ചെയ്യുന്നതിനുവേണ്ട സഹായങ്ങൾ ലഭ്യമാക്കണം. പച്ചപ്പുല്ലിൻെറ അഭാവം ഉണ്ടായാൽ പശുക്കൾക്ക് ധാതുലവണമിശ്രിതം ലഭ്യമാക്കണം. മാതൃകാകാലിതൊഴുത്ത് നിർമ്മിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും ലഭ്യമാക്കണം. കൂടാതെ പഞ്ചായത്തിൽ കൂടുതൽ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ ആരംഭിക്കുകയും, അതുവഴി പുതിയ ക്ഷീരോൽപ്പന്ന യൂണിറ്റുകൾ ആരംഭിച്ച് തൊഴിലില്ലാത്ത യുവതീയുവാക്കൾക്ക് സഹകരണാടിസ്ഥാനത്തിൽ തൊഴിൽ നൽകുവാനും കഴിയും. കാലിത്തീറ്റയ്ക്ക് പരമാവധി സബ്സിഡി ഏർപ്പെടുത്തണം. ക്ഷീരകർഷകർക്ക് 60 വയസ്സുകഴിഞ്ഞാൽ പെൻഷൻ പദ്ധതി ലഭ്യമാക്കുന്നതിനുവേണ്ട സംവിധാനങ്ങൾ ഉണ്ടാകണം. പഞ്ചായത്തിൽ കുറഞ്ഞത് 1,500 കുടുംബങ്ങൾക്കെങ്കിലും പ്രയോജനം കിട്ടത്തക്കരീതിയിൽ കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിൽ വരുത്തണം.

ആടുവളർത്തലിന് അനുയോജ്യമായ സാഹചര്യങ്ങൾ ലഭ്യമാക്കുന്നതിനും, മാംസ സംസ്കരണ വിപണനത്തിനും മേഖലാടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾ തുടങ്ങുകയും, ആടുവളർത്തലിന് ആവശ്യമായ പച്ചില, പുല്ല് (പ്ലാവ്, നുബാബുൾ) എന്നിവ ലഭ്യമാക്കുന്നതിന് വീടുവളപ്പിലും തരിശുസ്ഥലങ്ങളിലും പൊതുസ്ഥലങ്ങളിലും കാലിത്തീറ്റ വിള പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കണം.

ഇറച്ചിക്കായി മാത്രം ആടുകളെ വളർത്തുന്ന ഫാമുകൾ വിജയകരമായി പ്രവർത്തിക്കുന്നതിന് ഈ പഞ്ചായത്തിൽ ബ്രോയിലർ ആട് ഫാം പദ്ധതി സഹകരണാടിസ്ഥാനത്തിൽ നടപ്പിലാക്കാം.

മുട്ടക്കോഴി, ഇറച്ചിക്കോഴി, താറാവ് മുതലായവയുടെ വർദ്ധിച്ചുവരുന്ന വിപണന സാദ്ധ്യത മുൻനിർത്തി ഇവയുടെ ഉൽപ്പാദന വർദ്ധനവിനുവേണ്ടി പല പദ്ധതികളും പഞ്ചായത്തിൽ നടപ്പിലാക്കാം. വീടൊന്നിന് കുറഞ്ഞത് 3 യൂണിറ്റ് (15 കോഴികുഞ്ഞുങ്ങൾ) നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ സബ്സിഡിനിരക്കിൽ നൽകുന്ന പദ്ധതി നടപ്പിലാക്കണം. ഇറച്ചികോഴികളെ സഹകരണാടിസ്ഥാനത്തിൽ വനിതകൾക്ക് പ്രാതിനിധ്യം നൽകികൊണ്ട്

യൂണിറ്റ് അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കണം. പഞ്ചായത്തിനെ സംബന്ധിച്ച് താറാവ് കൃഷി സഹകരണാടിസ്ഥാനത്തിൽ നടപ്പിലാക്കാം. വളർത്തു പക്ഷികളുടെ തീറ്റയുടെ ക്രമാതീതമായ വിലവർദ്ധനവും, കിട്ടുന്നതിനുള്ള ദൗർലഭ്യവും കണക്കിലെടുത്ത് കോഴിതീറ്റ സംസ്കരണ ഫാക്ടറി ബ്ലോക്ക് അടിസ്ഥാനത്തിൽ സംഘടിപ്പിച്ച്, കർഷകർക്ക് മിതമായ നിരക്കിൽ തീറ്റ കിട്ടത്തക്ക രീതിയിൽ സബ്സിഡി ഏർപ്പെടുത്തണം. പഞ്ചായത്തിൽ ഒരു കന്നുകാലി പൗണ്ട് ഏർപ്പെടുത്തണം. വളർത്തുന്ന മൃഗങ്ങൾക്കും, വളർത്തുപക്ഷികൾക്കും നിർബന്ധ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തണം. മൂന്നു വാർഡുകൾ ചേർന്ന് ഒരു സബ്സെൻറർ എന്നനിലയിലും, സഞ്ചരിക്കുന്ന ഒരു മൃഗാശുപത്രിക്കുവേണ്ടുന്ന നടപടികളും ഉണ്ടാകണം.

അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ ഉൻമൂലനം ചെയ്യുന്നതിനും, പേവിഷബാധ നിർമ്മാർജ്ജനം ചെയ്യുന്നതിനും സമഗ്രപദ്ധതി രൂപപ്പെടണം. കൂടാതെ മൃഗസംരക്ഷണ ഡിപ്പാർട്ടുമെൻറ് മുഖേന ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുവേണ്ടി കാലാകാലങ്ങളിൽ പ്രാദേശിക തലങ്ങളിൽ ചർച്ചാക്ലാസ്സുകളും മറ്റും സംഘടിപ്പിക്കുകയും, മെച്ചപ്പെട്ട മൃഗപരിപാലനം നടത്തുന്ന വ്യക്തിയ്ക്കോ സൊസൈറ്റിയ്ക്കോ — "കർഷകശ്രീ" പോലുള്ള അവാർഡുകൾ വർഷംതോറും പഞ്ചായത്തുതലത്തിൽ നൽകുകയും വേണം.

## മത്സ്യബന്ധനം

മത്സ്യബന്ധനം തൊഴിലാക്കിയവർ പഞ്ചായത്തിൽ ഇല്ല. എന്നാൽ മത്സ്യ വിപണനരംഗത്ത് ആൾക്കാർ ഉണ്ട്. മത്സ്യകൃഷിയ്ക്ക് അനുയോജ്യമായ സ്ഥലം പഞ്ചായത്തിൽ വിരളം. സ്ഥലം കണ്ടെത്തി ആവശ്യമായ ബോധവൽക്കരണവും മറ്റ് സഹായങ്ങളും നൽകിയാൽ മത്സ്യകൃഷി നടത്തുവാൻ തൽപരർ ഏറെ. പഞ്ചായത്തുവക രണ്ടു പൊതുമാർക്കറ്റുകളിൽകൂടിയും, അതതുപ്രദേശങ്ങളിൽ തലച്ചുമടായും, സൈക്കിൾ ലോഡായും മത്സ്യവിപണനം നടക്കുന്നുണ്ട്. നാഷണൽ ഹൈവേയുടെ ബൈപാസിനോടു ചേർന്ന് അയത്തിൽ ഭാഗത്ത് ഒരു പൊതുമാർക്കറ്റോ, മത്സ്യവിപണനത്തിനുള്ള സൗകര്യമോ ഉണ്ടാകുന്നത് വിപണനത്തിന് സൗകര്യപ്രദമായിരിക്കും. നിലവിലുള്ള പൊതുമാർക്കറ്റുകളിലെ മാലിന്യങ്ങൾ ദിനംപ്രതി അവിടെനിന്നും നീക്കം ചെയ്യുന്നതിനും ആ സ്ഥലങ്ങളിലെ ദുർഗന്ധം അകറ്റി ശുദ്ധീകരിച്ച് മത്സ്യ മാർക്കറ്റിൽ എത്തുന്നവരുടെ ആരോഗ്യം സംരക്ഷിക്കുന്നതിനുള്ള പദ്ധതി ഉണ്ടാകണം.

# വ്യവസായം

വടക്കേവിള പഞ്ചായത്ത് വ്യവസായിക രംഗത്ത് പറയത്തക്കനേട്ടങ്ങളൊന്നും കൈവരിച്ചിട്ടില്ല. പരമ്പരാഗത വ്യവസായങ്ങൾ കശുവണ്ടിയും കൈത്തറിയുമാണ്. തുച്ഛമായ വേതനം ലഭിയ്ക്കുന്ന നെയ്ത്തു ജോലിയിലേയ്ക്ക് ആളുകൾ വൈമുഖ്യ കാണിയ്ക്കുന്നു. വേതനലഭ്യതയുടെ കുറവ് മൂലം ഈ വ്യവസായം വടക്കേവിളയിൽ നാമാവശേഷമാകുമെന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു.

മുമ്പ് കുടുംബങ്ങളിൽ കൈത്തറി നെയ്ത്ത് സർവ്വ സാധാരണമായിരുന്നു. എന്നാൽ ഇന്ന് നാമമാത്ര മായേ നടക്കുന്നുള്ളു. വടക്കേവിള കൈത്തറി നെയ്ത്ത് വ്യവസായ സഹകരണ സംഘം, മുള്ളുവിള കൈത്തറി നെയ്ത്ത് വ്യവസായ (വർക്ക്ഷോപ്പ്) സഹകരണ സംഘവുമാണ് വടക്കേവിളയിൽ എടുത്ത് പറയേണ്ടത്.

സ്ത്രീകൾ കൂടുതലായി പണിയെടുക്കുന്ന കശുവണ്ടി വ്യവസായത്തിലാണെങ്കിൽ വർഷത്തിൽ 100 ദിവസത്തിൽ താഴെ മാത്രമേ ജോലി നടക്കുന്നുള്ളു. 98% സ്ത്രീകൾ തൊഴിലെടുക്കുന്നു. 30 രൂപ മുതൽ 50 രൂപവരെയാണ് ഇവരുടെ ശരാശരി വേതനം. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഇവർ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. ഓരോ സ്ത്രീ തൊഴിലാളികളുടെ പിന്നിലും ഒരു വലിയ കുടുംബഭാരമുണ്ട്. തൊഴിൽ ദിനങ്ങളുടെ കുറവ് പരിഹരിക്കുകയും കശുവണ്ടി ഉൽപ്പാദനം വർദ്ധിപ്പിയ്ക്കുകയും വേണം.

തൊഴിൽ സാദ്ധ്യത ഉയർത്തുന്നതിനു കുടുംബ ത്തിൻെറ വാർഷിക വരുമാനം ഉയർത്തുന്നതിനും വ്യവ സായ മേഖല പുരോഗമിയ്ക്കണമെന്ന് നാം വാതോരാതെ വാദിയ്ക്കുമ്പോൾ പുരോഗതി പ്രാപിയ്ക്കാതെ ശൈശവ ദശയിൽ തന്നെ അകാല ചരമമടയുകയും ഏന്തിയും വലിഞ്ഞുമുള്ള മുന്നോട്ടുള്ള പ്രയാണത്തിനിടയിൽ വൈകല്യം പ്രാപിയ്ക്കുകയോ തളർന്ന് വീഴുകയോ ചെയ്യുമ്പോൾ പ്രഥമശുശ്രൂഷപോലും നൽകാൻ ആളില്ലാതെ, നിസ്സഹായാവസ്ഥയിൽ ആയ അനേകം വ്യവസായശാലകളുണ്ട്.

വടക്കേവിളയിൽ പലരും നമ്മുടെ പ്രദേശത്തുള്ള ബാങ്കുകാരെ സമീപിയ്ക്കുമ്പോൾ നിർദ്ദയം ആട്ടിപ്പാ യിക്കുന്ന സമീപനമാണ് ബാങ്കുകളിൽ നിന്നുമുണ്ടാകുന്നത്. വടക്കേവിളയിലെ എല്ലാത്തരം വ്യവസായ സംരംഭകർക്കും ചെറുകിട യൂണിറ്റുകൾക്കും ഇത് ബാധകമാണ്.

## വനിതാ വ്യവസായം

വനിതകൾ ഉടമസ്ഥകളായി നടത്തപ്പെടുന്നതും വനിതാ തൊഴിലാളികൾ ജോലി ചെയ്യുന്നതുമായ നിരവധി ചെറുകിട വ്യവസായ യൂണിറ്റുകൾ വടക്കേവിളയിലുണ്ട്. എന്നാൽ പലതും തകർച്ചയിലാണ്. നടന്നു വരുന്ന വനിതാവ്യവസായ യൂണിറ്റുകൾക്ക് അൽപം സാമ്പത്തിക ഞെരുക്കം വന്നാൽ, അവർ യൂണിറ്റുമായി ബന്ധമുള്ള ബാങ്കുകളെ സമീപിക്കുമ്പോൾ അൽപംപോലും സാമ്പത്തിക സഹായം അവരിൽ നിന്ന് ലഭിയ്ക്കുന്നില്ല. ബെൻറിംഗ് യൂണിറ്റുകൾക്കുവേണ്ടി ലോൺ എടുത്ത പല വനിതകൾക്കും ഈ അനുഭവമുണ്ടായി.

**വടക്കേവിള പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന ചെറുതും വലുതുമായ വ്യവസായങ്ങളുടെ കണക്ക്**

| | |
|---|---|
| കശുവണ്ടി ഫാക്ടറികൾ | 12 എണ്ണം |
| സാമിൽ | 20 എണ്ണം |
| ഇഞ്ചിനീയറിംഗ് വർക്ഷോപ്പ് | 23 എണ്ണം |
| സ്റ്റീൽ ഫർണിച്ചർ & വുഡൻ ഫർണിച്ചർ | 36 എണ്ണം |
| തീപ്പെട്ടി വ്യവസായം | 9 എണ്ണം |
| പലചരക്ക് വ്യാപാരം & സ്റ്റേഷനറി | 144 എണ്ണം |
| ഫ്ലവർമില്ലുകൾ | 33 എണ്ണം |
| പ്രിൻറിംഗ് പ്രസ്സുകൾ | 12 എണ്ണം |
| റേഷൻ കടകൾ | 13 എണ്ണം |
| ആണികമ്പനിയും (മറ്റ് ഉൽപന്നങ്ങളും) | 1 എണ്ണം |
| ബേക്കറിയും ഹോട്ടലുകളും | 75 എണ്ണം |
| മെഡിക്കൽ സ്റ്റോർ | 8 എണ്ണം |
| സർവ്വീസ് സ്റ്റേഷൻ | 4 എണ്ണം |
| ഹോമിയോ ആശുപത്രി | 1 എണ്ണം |
| സിമൻറ് വ്യാപാരം | 16 എണ്ണം |

കൂടാതെ പഞ്ചായത്ത് ലൈസൻസ് എടുത്ത 587 ചെറുതുംവലുതുമായ വ്യവസായങ്ങൾ ഉൾപ്പെടെ വ്യവ സായങ്ങളുടെ ഒരു നിര തന്നെയുണ്ട് വടക്കേവിളയിൽ. വയർ യൂണിറ്റ്, കൊപ്രാസ്റ്റോർ, പ്രൊവിഷൻ സ്റ്റോർ, ഇലക്ട്രോപ്ലേറ്റിംഗ്, റെഡിമെയ്ഡ് ഗാർമെൻറ്സ്, മെറ്റൽ വർക്ക്ഷോപ്പ്, സോപ്പു കമ്പനി, റേഡിയോ റിപ്പയർ, മൊസേക്സ് & ടൈയിൽസ്, വിറക് കച്ചവടം, മെഴുകുതിരി, മിഠായി നിർമ്മാണം, ആട്ടോമൊബൈൽ, ടിൻ ഫാക്ടറി, ഇലക്ട്രിക്കൽ ഗുഡ്സ്, ടയർ ഫാക്ടറി, പൗൾട്രിഫാം, ഡ്രൈക്ലീനിംഗ്, തുണിക്കട, ചെയിൻ കവർ കമ്പനി, ഗ്ലാസ് നിർമ്മാണം, ഗോൾഡ് സ്റ്റോറേജ്, സ്പെയർ പാർട്ട്സ്, പെയിൻറ്കട, ബാറ്ററി റിപ്പയറിംഗ്, മരക്കറിക്കട, തോൽക്കട, കാഷ്യൂ മാനുവൽ റോസ്റ്റ്, സ്വർണ്ണക്കട, ഓലക്കട, സോഫകംബഡ്, യമഹാഷോറൂം, ആഡിറ്റോറിയം, സാരഥി മോട്ടേഴ്സ്, സോഡ നിർമ്മാണം, പെട്രോൾസ്, ഹാർഡ് വെയർ, പേപ്പർകട, പാത്രവ്യാപാരക്കട, നെയ്ത്ത്ശാല, ആയുർവ്വേദ ആശുപത്രി, ഇരുമ്പ്, ഓയിൽമിൽ, രാസവളം, സ്റ്റുഡിയോ, ഫാൻസി സെൻറർ, വർക്ക്ഷോപ്പ്, ലോഷൻ നിർമ്മാണം, പി.വി.സി. പൈപ്പ്, വെള്ളിവ്യാപാരം, ചുടുകട്ട കമ്പനി, സ്ക്കൂട്ടർവർക്ക്ഷോപ്പ്, പ്ലാസ്റ്റിക് വർക്സ്, കൊപ്രസ്റ്റോറിംഗ്, ക്ലോത്ത്, വൈൻ നിർമ്മാണം, കേബിൾ നിർമ്മാണം, തോൽസംസ്കരണം, ഗോൾഡ് കവറിംഗ്, സ്കെയിൽ ക്ലീനിംഗ്, സ്വർണ്ണപ്പണി, വീഡിയോ ലൈബ്രറി തുടങ്ങി എല്ലാ വ്യവസായങ്ങളുടേയും പരീക്ഷണ ശാലയാണ് വടക്കേവിള പഞ്ചായത്ത്. പക്ഷേ, മിക്ക വ്യവസായങ്ങളും തകർച്ചയിലാണ്. കഷ്ടിച്ച് ജീവി യ്ക്കാനുള്ള വരുമാനംപോലും ഇതിൽനിന്ന് ലഭിയ്ക്കു ന്നില്ല. ആയതിനാൽ ചെറുകിട വ്യവസായങ്ങളെ സംര ക്ഷിക്കാൻ വേണ്ട നടപടി സ്വീകരിക്കണം.

## പ്രശ്നങ്ങൾ

1. വിവിധ വ്യവസായ സാഹചര്യത്തെക്കുറിച്ച് ബോധവൽക്കരണവും പരിശീലനക്ലാസ്സും ഇല്ലായ്മ
2. മൂലധനത്തിൻെറ അഭാവം
3. ചെറുകിട വ്യവസായങ്ങൾക്കാവശ്യമായ സാമ്പത്തിക സഹായം വേണം.
4. വൻകിടവ്യവസായങ്ങളുടെ അഭാവം
5. കൈത്തറി സാധനങ്ങൾക്ക് അനുവദിക്കുന്ന ഗവ. റിബേറ്റ് തുക യഥാസമയങ്ങളിൽ കിട്ടുന്നില്ല.
6. തൊഴിലാളികൾക്ക് അനുവദിച്ചിട്ടുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ പൂർണ്ണമായി നടപ്പിലാക്കുന്നില്ല.
7. PMRY വഴി സഹായം ലഭിയ്ക്കുന്നതിനുള്ള ബാങ്ക് തടസ്സം ഒഴിവാക്കണം.
8. വൈദ്യുതിക്ഷാമം
9. അസംസ്കൃത വസ്തുക്കളുടെ അമിതമായ വിലവർദ്ധനവ്
10. കൈത്തറിയ്ക്ക് വിപണി കണ്ടെത്തണം, ശമ്പളം വർദ്ധിപ്പിയ്ക്കണം.

## സാദ്ധ്യതകൾ

1. തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് തൊഴിൽ ലഭിയ്ക്കുന്നതിനുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ സഹകരണ മേഖലയിൽ തുടങ്ങണം.
2. പരമ്പരാഗത വ്യവസായങ്ങളായ കശുവണ്ടിയും കൈത്തറിയും പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കണം.
3. മെഴുകുതിരി നിർമ്മാണം, കർപ്പൂര നിർമ്മാണം, എന്നിവയുടെ ഉൽപാദനം സഹകരണ അടിസ്ഥാനത്തിൽ നടത്തണം.
4. സഹകരണ അടിസ്ഥാനത്തിൽ വളരെയധികം പേർക്ക് തൊഴിൽ ലഭിക്കുന്ന റെഡിമെയ്ഡ് നിർമ്മാണവും നോട്ടുബുക്ക് നിർമ്മാണവും ആരംഭിയ്ക്കണം.
5. തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ മുന്നോട്ടു വരുന്ന യുവതീയുവാക്കൾക്ക് ഗവൺമെൻറ് തലത്തിൽ പ്രോത്സാഹനം ലഭിയ്ക്കണം.
6. പരമ്പരാഗത തൊഴിലിനോട് അഭ്യസ്തവിദ്യർക്കുള്ള അവഗണന കുറയ്ക്കാൻ ബോധവൽക്കരണം നടത്തണം.
7. കശുവണ്ടി തൊഴിലാളികളുടെ ആരോഗ്യപരിപാലനത്തിൽ ഹെൽത്ത് സെൻറർ പ്രവർത്തകരുടെ സേവനം ലഭ്യമാക്കണം.
8. പാരമ്പര്യതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സാമ്പത്തികസഹായവും സാങ്കേതിക പരിജ്ഞാനവും നൽകണം.
9. വ്യവസായ സംരംഭകർക്ക് ആവശ്യമുള്ള മാർഗ്ഗനിർദ്ദേശം ലഭിയ്ക്കുന്നതിന് ബ്ലോക്കിൽ ഇന്ന് പ്രവർത്തിക്കുന്ന വ്യവസായ വികസന ഉദ്യോഗസ്ഥൻെറ സേവനം ആഴ്ചയിൽ ഒരു ദിവസം പഞ്ചായത്ത് ഓഫീസിൽ ലഭ്യമാക്കണം.
10. കശുവണ്ടി തൊഴിലാളികൾക്ക് വേണ്ടത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും അവർക്കുവേണ്ട ക്ഷേമപ്രവർത്തനങ്ങൾക്ക് നടപടി സ്വീകരിക്കണം.
11. തൊഴിലില്ലാത്ത യുവതീയുവാക്കൾക്ക് തൊഴിൽ ലഭിയ്ക്കുന്നതിനുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ സഹകരണ മേഖലയിൽ തുടങ്ങണം.
12. ഖാദി ബോർഡിൻെറ ധനസഹായത്തോടെ വിവിധ വ്യവസായ യൂണിറ്റുകൾ എല്ലാ മേഖലയിലും സ്ഥാപിക്കണം.
13. വ്യവസായ സംരംഭകർക്ക് ആവശ്യമായ ലൈസൻസുകൾ കാലതാമസം ഒഴിവാക്കി, പഞ്ചായത്താഫീസ് മുഖേന ലഭിയ്ക്കുന്നതിനുള്ള നടപടി ആവിഷ്ക്കരിക്കണം.
14. സ്വയം തൊഴിൽപദ്ധതി പ്രകാരം വായ്പ ലഭിയ്ക്കുകയും തുടങ്ങിയ വ്യവസായത്തിൻെറ തകർച്ചമൂലം പണം അടയ്ക്കാൻ കാലതാമസം വരുത്തുകയും ചെയ്ത വനിതാ യൂണിറ്റുകളെ പലിശയിൽ നിന്ന് ഒഴിവാക്കണം.
15. കൈത്തറി സാധനങ്ങൾ അനുവദിയ്ക്കുന്ന ഗവ. റിബേറ്റ് തുക യഥാസമയങ്ങളിൽ കൊടുത്ത് തീർക്കുകയും, തൊഴിലാളികൾക്ക് അനുവദിച്ചിട്ടുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ പൂർണ്ണമായും നടപ്പിലാക്കുകയും വേണം.
16. കൈത്തറി നെയ്ത്തുകാർക്ക് ആവശ്യമായ നൂൽ, രാസപദാർത്ഥങ്ങൾ മുതലായവ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുകയും വേണം.

## ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്ന വ്യവസായ യൂണിറ്റുകളുടെ പട്ടിക

1. മെഴുകുതിരി നിർമ്മാണം, കർപ്പൂര നിർമ്മാണം, കയർഫെഡ് യൂണിറ്റ്, റെഡിമെയ്ഡ് നിർമ്മാണം, നോട്ട്ബുക്ക് നിർമ്മാണം, ഇലക്ട്രോണിക്സ് യൂണിറ്റ്, കളിക്കോപ്പുകളുടെ നിർമ്മാണം
2. ഗ്യാസ് ഏജൻസി, മഹിളാ യൂണിറ്റുകൾ, സോപ്പ്, കടച്ചിൽ, കശുവണ്ടി
3. പാക്കിംഗ്, കവർ നിർമ്മാണം, പഴയ പേപ്പർ സംസ്കരിച്ച് വീണ്ടും ഉപയോഗപ്രദമാക്കൽ, ചന്ദനതിരി നിർമ്മാണം, ഹോളോ ബ്രിക്സ് നിർമ്മാണം, വനിതാ സഹകരണ സംഘം, ക്ഷീര വ്യവസായ യൂണിറ്റ്
4. നിലവിളക്ക്തിരി, എംബ്രോയിഡറി, ഇലക്ട്രോണിക് ചോക്ക് നിർമ്മാണം, പ്രിൻറിംഗ് പ്രസ്സ്, മുയൽ വളർത്തൽ യൂണിറ്റ്
5. മിഠായി കമ്പനി, കോഴിവളർത്തൽ കേന്ദ്രം, മീറ്റർകമ്പനിക്ക് അനുബന്ധമായി എഞ്ചിനീയിറിംഗ് വ്യവസായം തുടങ്ങുക, സഹകരണ മേഖലയിൽ ഫർണീച്ചർ വ്യവസായം, വനിതകൾ ക്കുള്ള കശുമാവ് കൃഷി, കശുവണ്ടി സംസ്കരണം, കൈത്തറി
6. തയ്യൽ, റെഡിമെയ്ഡ്, സോഫാകംബഡ് യൂണിറ്റുകൾ, വുഡൻഫർണീച്ചർ യൂണിറ്റുകൾ, ലതർ ചപ്പൽ യൂണിറ്റുകൾ, സ്റ്റീൽ ഫർണീച്ചർ യൂണിറ്റുകൾ
7. സോപ്പുവ്യവസായം
8. മെത്ത നിർമ്മാണം, പ്ലാസ്റ്റിക് കരിയർ ബാഗ് നിർമ്മാണം, വെറ്റ് ഗ്രൈൻറർ അസംബ്ലി & മാർക്കറ്റിംഗ് യൂണിറ്റ്, കശുവണ്ടി പരിപ്പ് സംസ്കരണവും വിപണനവും
9. കരകൗശല വസ്തുക്കൾ, ഫർണീച്ചർ നിർമ്മാണം, ചെറുകിട വനിതാ വ്യവസായ യൂണിറ്റുകൾ
10. കുട നിർമ്മാണം
11. സഹകരണ മേഖലയിൽ എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് (ഗ്രിൽ, ഗേറ്റ്), കാഷ്യൂ പ്രോസസ്സിംഗ്, അലൂമിനിയം പാത്രനിർമ്മാണം, ടെയിലറിംഗ്, പെൻസിലിനുവേണ്ടിയുള്ള സ്ലാട്ട് നിർമ്മാണം
12. ഗൃഹത്തിനാവശ്യമായ അരിപ്പ് നിർമ്മാണം
13. സ്റ്റീൽ—വുഡൻ ഫർണീച്ചർ നിർമ്മാണം, നോട്ടുബുക്ക്

# ഊർജ്ജം

വൈദ്യുതിയും വൈദ്യുതേതര ഊർജ്ജസ്രോതസ്സുകളായ, വിറക്, മണ്ണെണ്ണ, പാചകവാതകം, കൽക്കരി, എണ്ണ, എണ്ണയുൽപന്നങ്ങൾ തുടങ്ങിയവ എല്ലാം അടിസ്ഥാനമാക്കിക്കൊണ്ടുള്ള ഊർജ്ജാസൂത്രണമാണ് സമ്പൂർണ്ണ ഊർജ്ജാസൂത്രണംകൊണ്ടുദ്ദേശിക്കുന്നത്. വ്യാവസായിക ഇന്ധനങ്ങളായ കൽക്കരി എണ്ണയുൽപന്നങ്ങൾ എന്നിവയുടെ ലഭ്യതാ ഡിമാൻറ് മാനേജ്മെൻറ്, വൻകിട ജലവൈദ്യുത പദ്ധതികൾ, താപനിലയങ്ങൾ എന്നിവ സംസ്ഥാന—കേന്ദ്ര ആസൂത്രണത്തിൻെറ പരിധിയിൽ നിർത്തിക്കൊണ്ടുള്ള ആസൂത്രണത്തിനേ ഇന്നു പ്രസക്തിയുള്ളു. അങ്ങനെ നോക്കുമ്പോൾ വിറക്, വിറകുൽപന്നങ്ങൾ കാർഷികാവശിഷ്ടങ്ങൾ, മറ്റു ജൈവസ്രോതസുകൾ, ചെറുകിട ജലവൈദ്യുത പദ്ധതികൾ ഗാർഹിക കാർഷിക വാണിജ്യമേഖലകളിലെ ഊർജ്ജസംരക്ഷണം വൈദ്യുതിയുടേയും ഖനിജ ഇന്ധനങ്ങളുടേയും വിതരണം എന്നിവ മാത്രമേ ത്രിതല പഞ്ചായത്തുകളുടെ പരിധിയിൽ വരികയുള്ളു.

ആധുനിക പുരോഗതിയുടെ അടിസ്ഥാനമായ വൈദ്യുതി, ഗ്രാമത്തിൽ കടന്നുവന്നത് 1940—ലാണ്. ഇത് വികസന രംഗത്തെ പുതിയൊരു കാൽവെപ്പ് ആയിരുന്നു.

എന്നാൽ അഞ്ച് പതിറ്റാണ്ടിനുശേഷവും ഈ രംഗത്ത് പൂർണ്ണമായ പുരോഗതി കൈവരിക്കുന്നതിനു കഴിഞ്ഞിട്ടില്ല. പഞ്ചായത്തിലെ മുഴുവൻ വീടുകളിലും വൈദ്യുതിവരെ എത്തിയിട്ടില്ല. നിലവിൽ ഗാർഹിക, ഗാർഹികേതര ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കയാണ്. നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി ബോർഡിൻെറ ഒരു മേജർ സെഷൻ ആഫീസ് പ്രവർത്തിക്കുന്നുണ്ട്. പ്രവർത്തനത്തിൽ, പൊതുജനങ്ങളുടെ പരാതിയേറെയാണ്.

നമ്മുടെ പഞ്ചായത്തു പരിധിയിൽ അയത്തിൽ സിവാർഡിൽ 66/11 K.V സബ് സ്റ്റേഷൻ പ്രവർത്തിക്കുന്നു. കൂടാതെ വൈദ്യുതി വിതരണം ചെയ്യുന്ന 28 എൽ.റ്റി ട്രാൻസ്ഫോർമറുകൾ പ്രവർത്തിക്കുന്നുണ്ട്.

**നിലവിലുള്ള ഉപഭോക്താക്കൾ**

| | |
|---|---|
| ഗാർഹികം | 9622 |
| വ്യാപാരം | 1511 |
| വ്യാവസായികം | 112 |
| കാർഷികം | 97 |

**കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം**

| | |
|---|---|
| ഓർഡിനറി | 273 |
| ഒ.റ്റി.പി | 5 |
| ഒ.വൈ.ഇ.സി | 54 |

**സ്ട്രീറ്റുലൈറ്റുകളുടെ എണ്ണം**

| | |
|---|---|
| ബൾബ് | 957 |
| ട്യൂബ് | 219 |
| മെർക്കുറിവേപ്പർ | 2 |
| സോഡിയം വേപ്പർ | ഇല്ല |

സ്ട്രീറ്റു ലൈറ്റിനുവേണ്ടി
പ്രതിമാസം അടക്കുന്നതുക — 18568 രൂപ

## വൈദ്യുതി പ്രശ്നങ്ങൾ

1. അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന വോൾട്ടേജ് ക്ഷാമം
2. ഹരിജനങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിൽ വൈദ്യുതി പൂർണ്ണമായും എത്തിക്കുവാൻ കഴിഞ്ഞിട്ടില്ല.
3. അപേക്ഷ സമർപ്പിച്ച മുഴുവൻ വീടുകൾക്കും വൈദ്യുതി നൽകുന്നതിനം കാലതാമസം നേരിടുന്നു.
4. മുഴുവൻ കോളനികളിലും വൈദ്യുതി പൂർണ്ണമായും എത്തിയിട്ടില്ല.
5. ടച്ചിംഗ് കാലാകാലങ്ങളിൽ മുറിച്ചു മാറ്റാത്തതിനാൽ വൈദ്യുതി വിതരണത്തിൽ തടസ്സം നേരിടുന്നു.
6. മുഴുവൻ വാർഡുകളിലും ആവശ്യത്തിന് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല.
7. സ്റ്റെപ്പ് അപ്പ് ഉപയോഗിക്കുന്നതിനാൽ അമിതമായ ഉപയോഗം, വൈദ്യുത പ്രതിസന്ധിക്ക് കാരണമാകുന്നുണ്ട്.
8. പുതുതായി ലൈൻവലിക്കേണ്ടതും, സിംഗിൾഫേസ് ലൈനുകൾ 3 ഫേസ് ആക്കേണ്ടതുമായ നിരവധി പ്രദേശങ്ങൾ ഉണ്ട്.

## സാദ്ധ്യകൾ

1. വോൾട്ടേജ് ക്ഷാമം പരിഹരിയ്ക്കുന്നതിലേക്കായി ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
2. കറൻറു ചാർജ് അടയ്ക്കുന്നതിനും, ഉപഭോക്താക്കളുടെ പരാതി ശ്രദ്ധയിൽപെടുത്താനും പഞ്ചായത്തിൽ ഇലക്ട്രിസിറ്റി ബോർഡിൻെറ സബ്സെൻറർ സ്ഥാപിക്കുക.
3. ഹരിജൻ ഭവനങ്ങൾ കാലതാമസം കൂടാതെ വൈദ്യുതീകരിക്കുന്നതിന് സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികവ കാര്യക്ഷമമാക്കുകയും പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക.
4. വൈദ്യുതികണക്ഷന് അപേക്ഷ സമർപ്പിക്കുന്ന മുറക്ക് കണക്ഷൻ നൽകുക.
5. മുഴുവൻ കോളനികളും വൈദ്യുതീകരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക.

6. ലൈനുകളിലെ ടച്ചിംഗ് 6 മാസത്തിലൊരിക്കൽ എങ്കിലും വെട്ടുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

7. താഴ്ന്ന് കിടക്കുന്നതായ ലൈനുകൾ, മാർഗ്ഗ തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ എന്നിവ കാലാകാലങ്ങളിൽ വലിച്ചുകെട്ടുകയും, മാറ്റുകയും ചെയ്യുക.

8. പഞ്ചായത്തിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

9. വൈദ്യുതിയുടെ മോഷണം തടയുന്നതിന് ആവശ്യമായ പദ്ധതി തയ്യാറാക്കുക.

10. സൂര്യതാപം, കാറ്റ് എന്നിവയിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന്റെ സാദ്ധ്യതകളെപ്പറ്റി പഠിക്കുന്നതിന് വിദഗ്ദ്ധസമിതിയെ നിയമിക്കുക.

11. പഞ്ചായത്തിലെ തെരുവുവിളക്കുകൾക്ക് പ്രത്യേക മീറ്റർ ഘടിപ്പിച്ച് അതനുസരിച്ചുള്ള ഇലക്ട്രിക് ചാർജ് ഇലക്ട്രിസിറ്റി ബോർഡിന് നൽകുന്നതിനുവേണ്ട സംവിധാനം ഉണ്ടാക്കണം.

12. പഞ്ചായത്തിൽ ഒരു ഗ്യാസ് ഏജൻസി അനുവദിക്കുക.

## മാർക്കറ്റ്

നമ്മുടെ ഗ്രാമപഞ്ചായത്തിൽ 2 പബ്ലിക് മാർക്കറ്റുകളാണുള്ളത്. പള്ളിമുക്ക്, പുന്തലത്താഴം എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നു. ഷോപ്പിംഗ് കോംപ്ലക്സോടുകൂടിയ പള്ളിമുക്ക് മാർക്കറ്റിൽനിന്നും വർഷംതോറും ഒരു വലിയ തുക വരുമാനമായി ലഭിക്കുന്നു. ഇവിടെ ഷട്ടർ ഇട്ടിട്ടുള്ള നാലു മുറികൾ അടഞ്ഞു കിടക്കുന്നു. ഇവ തുറന്നു പ്രവർത്തിപ്പിച്ചു വരുമാനമാർഗ്ഗം കൂട്ടണം.

പുന്തലത്താഴം മാർക്കറ്റിന്റെ സ്ഥിതി വളരെ ശോചനീയമാണ്. വരുമാനമാർഗ്ഗവും വളരെ കുറവാണ്.

## പൊതുനിർദ്ദേശങ്ങൾ

1. പുന്തലത്താഴം പബ്ലിക് മാർക്കറ്റിനോട് ചേർന്ന് ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുക.

2. മുള്ളുവിള വാർഡിൽ അനുയോജ്യമായ സ്ഥലത്ത് ഒരു പബ്ലിക് മാർക്കറ്റ് സ്ഥാപിക്കുക.

3. പള്ളിമുക്ക് മാർക്കറ്റിലെ ചപ്പുചവറുകൾ യഥാസമയം നീക്കം ചെയ്യാൻ വേണ്ട സംവിധാനം അടിയന്തിരമായി ഏർപ്പെടുത്തുക.

4. മാർക്കറ്റ് ശുചീകരണം കാര്യക്ഷമമാക്കുക.

5. ഒരു പ്രധാന കാർഷികോൽപന്നമെന്ന നിലയിൽ നാളീകേരത്തിന് ഒരു പൊതുവിപണിയോ, സഹകരണ വിപണിയോ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ നടത്തുക.

6. നാളികേരം, നേന്ത്രക്കായ, പച്ചക്കറി ആഴ്ച ചന്തയോ, പൊതുമാർക്കറ്റോ ആവശ്യമാണ്. വിലനിലവാരം പരിശോധിക്കാൻ സംവിധാനം വേണം.

## വിദ്യാഭ്യാസം

വേണാടിന്റെ തലസ്ഥാനവും, പുരാതന തുറമുഖവും, വ്യാപാര കേന്ദ്രവുമായിരുന്ന കൊല്ലം പട്ടണത്തിന്റെ കിഴക്കു ഭാഗത്തായി ചേർന്നുകിടക്കുന്ന ഒരു 'ഞ്ചായയത്താണ് വടക്കേവിള പഞ്ചായത്ത് കശുഅണ്ടിതൊഴിലാളികൾ, നെയ്ത്തുതൊഴിലാളികൾ, കർഷകതൊഴിലാളികൾ, നിർമ്മാണതൊഴിലാളികൾ, ബീഡി തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ എന്നിവരാണ് പഞ്ചായത്തിൽ ഭൂരിഭാഗം ജനങ്ങളും. ദൂര സ്ഥലങ്ങളിൽ ഹൈസ്ക്കുൾ വിദ്യാഭ്യാസത്തിനു സൗകര്യം ഉണ്ടായിരുന്നെങ്കിലും യാത്ര സൗകര്യം ഇല്ലാതിരുന്നതിനാൽ ആദ്യകാലങ്ങളിൽ നമ്മുടെ ഗ്രാമത്തിലെ ജനങ്ങൾക്ക് ആ സൗകര്യം പ്രയോജനപ്പെടുത്താൻ കഴിഞ്ഞിരുന്നില്ല. പ്രൈമറി വിദ്യാഭ്യാസത്തിനു ശേഷം ഉപരി വിദ്യാഭ്യാസം നേടിയിട്ടുള്ളവർ കുറവായിരുന്നു. ഈ പ്രതികൂല സാഹചര്യത്തിലും മററു ജില്ലകളിൽ പോയി ഉന്നത വിദ്യാഭ്യാസം നേടിയിട്ടുള്ളവരും ഉണ്ടായിരുന്നു.

വിദ്യാഭ്യാസത്തിന്റെ അഭാവം ജനങ്ങളിൽ അപകചതയുംസംസ്ക്കാര ശൂനൃതയും വളർത്തുമെന്നു ഉത്പതിഷ്ണുക്കളായ ചിലർ മനസ്സിലാക്കി. ജിവിതത്തിന്റെ നാന തുറകളിലുമുള്ള വിജയത്തിന് വിദ്യാഭ്യാസം അനിവാര്യമാണെന്ന ബോധംജനങ്ങളിൽ ഉണ്ടായിത്തുടങ്ങി. അതോടെവിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാർവ്വത്രികമായ നീക്കം നമ്മുടെ നാട്ടിലും ആരംഭിച്ചു. ഇപ്പോൾ ഒരു ഹൈസ്ക്കുൾ ഉൾപ്പടെ 5 വിദ്യാലയങ്ങൾ ഇന്ന് നമ്മുടെ പഞ്ചായത്തിലുണ്ട്. കുടാതെ തൊട്ടടുത്ത പഞ്ചായത്തിലുള്ള തട്ടാമല,ഇരവിപുരം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളിലും, പേരൂർ മീനാക്ഷി വിലാസം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളിലും ധാരാളം കുട്ടികൾ ഇവിടെ നിന്നും പോയി പഠിച്ചുവരുന്നു. നമ്മുടെ പഞ്ചായത്തിലെ സ്ക്കൂളുകളുടെ പേരും അവ സ്ഥാപിച്ച വർഷവും ചുവടെ ചേർക്കുന്നു.

കോളേജുകളോസാങ്കേതിക വിദ്യാലയങ്ങളോനമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. കൊല്ലം, കൊട്ടിയം ചാത്തന്നൂർ, കരിക്കോട് എന്നിവിടങ്ങളിലെ കോളേജുകളും സാങ്കേതിക വിദ്യാലയങ്ങളും ആണ് പഞ്ചാ യത്തിലെ കുട്ടികൾക്ക് ഉപരി പഠനത്തിന് ആശ്രയം.പത്തോളം നഴ്സറി, നിലത്തെഴുത്തു വിദ്യാലയങ്ങളും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

### ശ്രീനാരായണ പബ്ലിക്ക് സ്ക്കൂൾ– വടക്കേവിള

1987 ൽ ശ്രീനാരായണ പബ്ലിക്ക് സ്ക്കൂൾ വടക്കേവിളയിലെ മുള്ളുവിള വാർഡിൽ സ്ഥാപിതമായി. (പ്ലസ് 2 കോഴ്സ്.) ഈ സ്ക്കൂൾ അൺ എയിഡഡാണ്. വളരെ വിസ്തൃതമായ സ്ഥലത്ത് സ്ഥാപിച്ചിരിക്കുന്ന ഈ സ്ഥപനത്തിൽ 59 അദ്ധ്യാപകരും 1380 വിദ്യാർത്ഥികളും നിലവിൽ ഉണ്ട്. ലബോട്ടറി സൗകര്യം, കമ്പ്യൂട്ടർ പഠനം, ആവശ്യമായ കളിസ്ഥലങ്ങൾ തുടങ്ങി എല്ലാ സജ്ജീകരണങ്ങളും ഉള്ള ഈ സ്ക്കൂളിന്റെ പഠനരീതിയും, വിജയശതമാനവും മററു സി. ബി. എസ്. ഇ. സിലബസുള്ള സ്ക്കൂളുകളെ അപേക്ഷിച്ച് മുന്നിലാണ് കായിക കലാരംഗങ്ങളിലും മററും ഉയർന്ന നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ രീതിയിലുള്ള നേട്ടങ്ങളിൽ നമുക്ക് അഭിമാനിക്കാം. എങ്കിലും ഒരു ദുഃഖസത്യം കൂടി ഉണ്ട്. പഞ്ചായത്തിലെ നിർദ്ധനരായ എന്നാൽ പഠിക്കാൻ മിടുക്കുള്ള കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കുന്നതിനുള്ള ചില സാങ്കേതിക

| ക്രമനമ്പർ | പേര് സ്ഥലം | വർഷം |
|---|---|---|
| 1. | വേലായുധവിലാസം വൊക്കേഷണൽ ഹയർ സെക്കണ്ടറി–സ്ക്കൂൾ– അയത്തിൽ | 1924 |
| 2. | എസ്സ്. എൻ. ഡിപി. ഗവ: യു.പി. സ്ക്കൂൾ പട്ടത്താനം | 1945 |
| 3. | ദേവീ വിലാസം – എൽ.പി. സ്ക്കൂൾ മണക്കാട് | 1952 |
| 4. | പഞ്ചായത്ത് എൽ.പി. സ്ക്കൂൾ, വടക്കേവിള | 1972 |
| 5. | ശ്രീനാരായണ പബ്ലിക്ക് സ്ക്കൂൾ (സി.ബി.എസ്.ഇ.). വടക്കേവിള | 1987 |

ബുദ്ധിമുട്ടുകൾ. ആ സാങ്കേതിക ബുദ്ധിമുട്ടുകൾ പഞ്ചയത്തുതലത്തിൽ ബന്ധപ്പെട്ട് ഒഴിവാക്കിയെടുത്ത് നിർദ്ധനരായ വിദ്യാർത്ഥികൾ കൂടി പഠനസൗകര്യം ഏർപ്പെടുത്തി പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകുന്നത് സ്ഥാപനത്തിനും, പ്രദേശത്തിനും ഉപകാരപ്രദമായിരിക്കും

### വി.വി.വി.എച്ച്.എസ്. സ്ക്കൂൾ

കൊല്ലവർഷം 1100-ൽ മണക്കാട് കൃഷ്ണ വിലാസത്ത് വീട്ടിൽ കെ. വേലായുധൻ പിള്ള സ്ഥാപിച്ച സ്ക്കൂളാണ് വി.വി.ഇ. മിഡിൽ സ്ക്കൂൾ (വേലായുധ വിലാസം ഇംഗ്ലീഷ് മിഡിൽ സ്ക്കൂൾ

തയ്യിൽ സ്ക്കൂൾ എന്ന് അറിയപ്പെട്ടിരുന്ന ഈ സ്ക്കൂളാണ് ക്രമാനുഗതമായി വളർന്ന് ഇന്നത്തെ വി. വി. വി. എച്ച്. എസ്. സ്ക്കൂൾ (വേലായുധ വിലാസം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂൾ അയത്തിൽ എന്ന് അറിയപ്പെടുന്നത്.

അധ്യയന രംഗത്തും പാഠ്യേതര പ്രവർത്തനരംഗത്തും കൊല്ലം ജില്ലയിൽ ശ്രദ്ധേയമായ വ്യക്തിത്വം നിലനിർത്തിപോരുന്ന ഒരു സ്ക്കൂളാണിത്. എന്നാൽ മാറിയ പരിത:സ്ഥിതിയിൽ സാധാരണ സ്ക്കൂളുകളിൽ സംഭവിച്ചതു പോലെ കുട്ടികളുടെ എണ്ണത്തിൽ ഇവിടെയും കുറവുണ്ടായി കൊണ്ടിരിക്കുന്നു. (1996-97-ൽ 1689 കുട്ടികൾ 5 മുതൽ 10 എസ്. സി. കുട്ടികൾ 191) ഈ സ്ക്കൂളിൽ ശാസ്ത്ര സാങ്കേതിക വിഷയങ്ങൾ പഠിപ്പിക്കുന്നതിനുള്ള ദൃശ്യ, ശ്രാവ്യ, ഉപകരണങ്ങളുടെ അപര്യാപ്തത ഉണ്ട്. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ എസ് എസ് എൽ. സി. പരീക്ഷാഫലത്തിൽ ഉണ്ടായ പുരോഗതി ആശാവഹമാണ്. സാമ്പത്തികാനുകൂല്യങ്ങൾ കിട്ടുന്ന കുട്ടികളിൽ 95-96 ൽ മെറിററ് സ്ക്കോളർഷിപ്പ്-3 ലംസം ഗ്രാന്റ്-191, മുസ്ലീം പെൺകുട്ടികളുടെ സ്ക്കോളർഷിപ്പ്-330 , വികലാംഗ സ്ക്കോളർഷിപ്പ്-8, മൽസ്യ ത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്ക്കോളർഷിപ്പ്1, ഇത്രയുമാണ്. കഴിഞ്ഞ വർഷം ഈ സ്ക്കൂളിൽ നിന്നും ജില്ലാതലത്തിൽ 3 കുട്ടികൾക്ക് കലാവിഭാഗത്തിൽ അംഗീ കാരം ലഭിച്ചിട്ടുണ്ട്. ഈ സ്ക്കൂളിലെ ഭൗതിക സൗകര്യങ്ങളായി 200 ഡസ്ക്കും, 10 മേശയും,15 കസേരയും,കൂടി ഉണ്ടാകേണ്ടിയിരിക്കുന്നു. സൗകര്യപ്പെടുന്ന പക്ഷം കൂടുതൽ സാങ്കേതിക കോഴ്സുകൾ ആരംഭിക്കുന്നത് വളരെയേറെ പ്രയോജനപ്രദമായിരിക്കും.

### എസ്. എൻ. ഡി. പി. ഗവൺമെന്റ്

### യു.പി.എസ്. പട്ടത്താനം

1945 ൽ പട്ടത്താനം 45-ാം നമ്പർ എസ്. എൻ. ഡി. പി. ശാഖയുടെ വകയായിട്ടായിരുന്നു. ഈ സ്ക്കൂളിന്റെ തുടക്കം. പട്ടത്താനം തെക്കേവീട്ടിൽ എ. കരുണാകരപണിക്കർ (കൊച്ചുമംഗലം) ആയിരുന്ന ഈ സ്ക്കുളിന്റെ ആദ്യ മാനേജർ 1948-ൽ ഈ സ്ക്കൂൾ സർക്കാരിനുവിട്ട്കൊടുത്തു. ഈ പ്രാഥമിക വിദ്യാലയം 1978-ൽ യു.പി.എസ് ആയി മാററപ്പെട്ട് സർക്കാരും, മുഖത്തലബ്ലോക്കും പണികഴിപ്പിച്ച കെട്ടിടങ്ങളാണ് ഉള്ളത്. 1994- മുതൽ അധ്യയന നിലവാരത്തിലും പാഠ്യേതര പ്രവർത്തനത്തിലും കൊല്ലം ജില്ലയിൽ ശ്രദ്ധേയമായ അംഗീകാരം നേടികൊണ്ടിരിക്കുന്ന ഒരു സ്ക്കൂളാണ് സംസ്ഥാന അധ്യാപക അവാർഡും ദേശീയ അധ്യാപക അവാർഡും ലഭിച്ച ശ്രീ പി. മുരുകേശനാണ് ഈ സ്ക്കൂളിലെ പ്രഥമാധ്യാപകൻ ഈ പഞ്ചായത്തിലെ ഏററവും നല്ല സ്ക്കൂളിനുള്ള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഉപജില്ലാ കായിക മൽസരത്തിൽ ചാമ്പ്യൻഷിപ്പും, കലോൽസവത്തിൽ 'കലാ പ്രതിഭ' ഉൾപ്പെടെ നിരവധി അംഗീകാരങ്ങളും നേടിയിട്ടുണ്ട്.

ഈ സ്ക്കൂളിന് ചുററുമതിലും ആവശ്യം വേണ്ടുന്ന ഉപകരണങ്ങളുടെയും അപര്യപ്തതയും ഉണ്ട്. സ്ക്കൂൾ ആഡിറേറാറിയത്തിന് പഞ്ചായത്തിൽ നിന്നും 50,000രൂപാഅനുവദിച്ചിട്ടുണ്ട്. കളിസ്ഥലത്തിന്റെ കുറവുണ്ട് അത് പരിഹരിക്കണം. ഭൗതികാവശ്യങ്ങൾ- 25 ഡസ്ക്ക് 50 ബഞ്ച്, 10 മേശ, 2 അൽമാരയും കൂടി വേണ്ടിവരും

### ദേവി വിലാസം എൽ.പി. എസ്.മണക്കാട്

1952 - 53 കാലഘട്ടത്തിൽ മുള്ളുവിള 'ധർമ്മക്കുടിയിൽ' കുഞ്ഞുരാമൻ സ്ഥാപിച്ചസ്ക്കൂളാണ്ഇത്.

കശുവണ്ടിത്തൊഴിലാളികളും കൈത്തറിത്തൊഴിലാളികളും ഇടത്തരക്കാരും തിങ്ങിപാർക്കുന്ന ഒരു സ്ഥലത്താണ് ഈ സ്ക്കൂൾ സ്ഥാപിതമായത്. ഈ സ്ക്കൂളിന്റെ ആരംഭകാലങ്ങളിൽ 1000-ത്തിന് മുകളിൽ കുട്ടികൾ പഠിച്ചിരുന്നു എന്നാൽ മാറിയ പരിത:സ്ഥതിയിൽ സാധാരണ സ്ക്കൂളുകളിൽ സംഭവിച്ചതുപോലെ കുട്ടികളുടെ എണ്ണം ഈ സ്ക്കൂളിലും കുറഞ്ഞുകൊണ്ടേയിരിക്കുന്നു. ഈ സ്ക്കൂളിൽ 1996-97 വർഷം 634 കുട്ടികൾ പഠിക്കുന്നതിൽ പട്ടികജാതിക്കാരായ 59 കുട്ടികളും ഉൾപ്പെടുന്നു. ഈ

സ്ക്കൂളിന് ചുററും മതിലുകൾ ഇല്ലാത്തത് എടുത്തു പറയത്തക്ക ഒരു പോരായ്മയാണ്. ക്ഷേത്രപരിസരം കളിസ്ഥലമായി ഉപയോഗിക്കുന്നു. ഈ സ്ക്കൂളിന് വളരെ സമീപത്തായി രണ്ട് ഇംഗ്ലീഷ് മീഡിയം നഴ്സറി സ്ക്കൂൾ പ്രവർത്തിക്കുന്നുണ്ട്. ഭൗതിക ആവിശ്യങ്ങളായി 25 ബഞ്ചും 10 മേശയും 15 കസേരയും കൂടി ആവശ്യമാണ്.

### വടക്കേവിള പഞ്ചായത്ത് എൽ.പി.എസ്.

1972 ൽ വടക്കേവിള പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സ്ഥാപിതമായി. ഈ സ്ക്കൂൾ നിൽക്കുന്ന സ്ഥലവും പരിസരപ്രദേശങ്ങളും സാധാരണക്കാരായ ജനങ്ങളും വിവധ തരത്തിലുള്ള തൊഴിലാളികളും തിങ്ങി പാർക്കുന്നു. ഈ സ്ക്കൂൾ 4 വർഷം പിന്നിട്ടപ്പോൾ 19 ഡിവിഷനും 21 അധ്യാപകരും ഉണ്ടായിരുന്നു. മാറിയ പരിത:സ്ഥതിയിൽ സാധാരണ സ്ക്കൂളുകളിൽ സംഭവിച്ചതുപോലെ കുട്ടികളുടെ എണ്ണം ഈ സ്ക്കൂളിലുംവളരെയേറെ കുറഞ്ഞു കൊണ്ടേയിരിക്കുന്നു. 1992–97 വർഷത്തിൽ 250 കുട്ടികൾ പഠിക്കുന്നു ഇതിൽ 21 കുട്ടികൾ പട്ടികജാതിക്കാരാണ്. കളിസ്ഥലം ഉണ്ട്. ആവശ്യം വേണ്ടുന്ന കെട്ടിടങ്ങളും ഉണ്ട്. സ്ക്കൂളിനു ചുററും മതിൽ ഇല്ലത്തത് ഒരു വലിയ പോരായ്മയാണ്. സ്ക്കൂളിന്റെ വളർച്ചയ്ക്ക് ഇത് ഒരു പ്രധാന ഘടകം കൂടിയാണ്.ഒരുപൊതുമേഖല സ്ഥാപനമായ ഈസ്ക്കൂളിനെ ഉയർത്തികൊണ്ടുവരാൻ വേണ്ടുന്ന നടപടികൾ സ്വകരിക്കണം. ഈ സ്ക്കൂളിൽ ഒരു നഴ്സറി സ്ക്കൂൾതുടങ്ങിയാൽ സ്ക്കൂളിന്റെ വളർച്ചയ്ക്ക് ഒരു ഉപാധിയായിത്തീരും.

ജനനനിരക്കിൽ വന്ന സാരമായ കുറവുകൾ വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തെ സാരമായി ബാധിച്ചു. കുടാതെ സാധരണക്കാരായവരും മററു ഉയർന്ന നിലവാരത്തിലു ള്ളവരും അവരുടെ കുട്ടികളെ ഇംഗ്ലീഷ് മീഡിയത്തിലെ പഠിപ്പിക്കൂ എന്ന നിലവന്നിരിക്കുന്നു. ചുരുക്കത്തിൽ പാവപ്പെട്ടവൻ ഗൾഫ് നാടുകളിൽ എത്തിപോയാൽ അവരുടെ കുട്ടികളെയും ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ പഠിപ്പിക്കുവാൻ തല്പരരാകുന്നു. ഈ നിലയിൽ നമ്മുടെ പഞ്ചയത്തിലെ നഴ്സറി സ്ക്കൂളുകളിലെ കുട്ടികളുടെ എണ്ണം ശ്രദ്ധ പിടിച്ചുപററുന്നു. ഈ നില മാററണം. സ്ക്കൂളുകളിലെവിദ്യാഭ്യാസ നിലവാരത്തിലും പാഠ്യേതര വിഷയങ്ങളിലും സമൂലമായ മാററം ഉണ്ടാകണം. എങ്കിൽ മാത്രമേ തൊഴിലില്ലായ്മക്ക് അല്പം ആശ്വാസം പകരാൻ സാധ്യമാകയുള്ളു. ഇന്നത്തെ വിദ്യാഭ്യാസം രണ്ടു തരം പൗരൻമാരെ വാർത്തെടുക്കുന്ന ബ്രട്ടീഷ് വിദ്യാഭ്യാസത്തിന്റെ അവശിഷ്ടമല്ലേ എന്നും തോന്നിപ്പോകുന്നു.

### അദ്ധ്യാപക രക്ഷാകർത്തൃസമിതി

പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും പി.ററി.എകൾ സജീ വമായി പ്രവർത്തിക്കുന്നുണ്ട്. പഠന നിലവാരവും ഭൗതികസഹാചര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് പി.ററി.എ കൾക്ക് വലിയ സംഭാവന നൽകുവാൻ കഴിയും. വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ പരിപാടി വിജയകരമായി

നടത്തുന്നതിന് പി.ററി.എ കൾ സഹായിക്കുന്നുണ്ട്. സ്ക്കുളിന്റെ അററകുററപ്പണികൾ നടത്തുക പ്രാഥമിക സൗകര്യങ്ങളും കുടിവെള്ളവും ലഭ്യമാക്കുക ഫർണിച്ചർ പണിയിക്കുക തുടങ്ങിയ പ്രവർത്തികളെല്ലാം പി.ററി. എകളുടെ ആഭിമുഖ്യത്തിലാണ് നടത്തിവരുന്നത്.

### ഉച്ചഭക്ഷണ പരിപാടി

ഇന്നത്തെ രീതിയിലുള്ള ഉച്ചഭക്ഷണ പരിപാടി ആരംഭിച്ചത് 1985–ൽ ആണ്. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും പരിപാടിയുടെ പ്രയോജനം ലഭിക്കുന്നവരാണ്. സ്ക്കൂൾ അധികൃതർക്ക് വലിയ ബാദ്ധ്യതയായിത്തീർന്നിട്ടുള്ള ഈ പരിപാടി വിജയകരമായി നടപ്പിലാക്കണമെങ്കിൽ അദ്ധ്യാപക രക്ഷകർത്തൃസമിതിയുടെയും നാട്ടുകാരുടെയും വേണ്ട്രത സഹായവും സഹകരണവുമുണ്ടാകണം. സൗജന്യമായി വിഭവങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും അത് സ്ക്കൂളിലെത്തിച്ച് പാകംചെയ്തു കുട്ടികൾക്ക് നൽകുന്നതിനോരോ മാസവും നല്ല ഒരു തുക കണ്ടെത്തണം. ചെലവിന്റെ 30% മാനത്തോളം തുക മാത്രമേ സർക്കാരിൽ നിന്ന് ലഭിക്കുന്നുള്ളു.

### സാക്ഷരത

കേരളം സമ്പൂർണ്ണ സാക്ഷരത കൈവരിച്ച സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ജനസംഖ്യയിൽ 10% ത്തോളം പേർ നിരക്ഷരാണന്ന യാഥാർത്ഥ്യം വിസ്മരിക്കുക വയ്യ. വിദ്യാ സമ്പന്നരുടെ കൂട്ടായ പരിശ്രമം ഉണ്ടായാൽ ഇവരെക്കൂടി സാക്ഷരരാക്കുവാൻ നമുക്കു കഴിയും. കഴിഞ്ഞകാലത്ത് നാം നടത്തിയ കൂട്ടായ പരിശ്രമത്തിന്റെ ഫലമായി കുറച്ചൊക്കെ മാററം വരുത്തുവാൻ നമ്മുക്ക്

കഴിഞ്ഞിട്ടുണ്ട്. സാധരണക്കാരന്റെ ദൈനംദിന ജീവിത പ്രശ്നങ്ങൾ

വിജയകരമായി നേടുന്നതിന് അവർ സാക്ഷരരാകേണ്ടത് അത്യാവശ്യമാണ്. അല്ലാത്ത പക്ഷം നിരന്തരം ചൂക്ഷണം ചെയ്യപ്പെടും എന്നതാണ് സത്യം.

പൊതു വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടി ഗ്രമസഭകളിൽ നിന്നും ഉയർന്നുവന്നി ട്ടുള്ള നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് സ്ഥലത്ത് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഒരു പ്രാഥമിക വിദ്യാലയ കേന്ദ്രം സ്ഥാപിച്ച് ആക്കാഡമിക്ക് സൗകര്യങ്ങളും ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തുക

2. എസ്.എൻ. ഡി. പി. ഗവൺമെന്റ് യു.പി. സ്ക്കൂൾ ഒരു ഹൈസ്ക്കൂൾ ആയി ഉയർത്തുകയും, ലൈബ്രറി, ആഡിറേറാറിയം തുടങ്ങിയവ സ്ഥപിക്കുക.

3. പഞ്ചായത്തിൽ അംഗനവാടികൾ ഇല്ല. ആവശ്യമുള്ളിടത്ത് തുടങ്ങുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം.

4. പഞ്ചായത്ത് എൽ.പി. സ്ക്കൂളിന് ചുററു മതിൽ കെട്ടി, പ്രീ-പ്രൈമറി സ്ക്കൂൾ ആരംഭിക്കുകയും കുടിവെള്ളം കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം

5. പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ കേന്ദ്രം ആരംഭിക്കണം.

6. പള്ളിമുക്കിൽ സ്ഥാപിക്കുന്ന ഫാത്തിമാമെമ്മോറിയൽഎഡ്യൂക്കേഷണൽ ട്രസ്ററ് പ്രവർത്തനം തുടങ്ങുമ്പോൾ പ്രദേശത്തെ കുട്ടികൾക്ക് ഒരു നിശ്ചിതശതമാനം സീററ് കിട്ടുന്നതിനു വേണ്ട നടപടി ഉറപ്പുവരുത്തണം.

7. ദേവിവിലാസം എൽ. പി. സ്ക്കൂളിന്റെ പ്രവർത്തനം ശോചനീയമായതു കൊണ്ട് ഗവൺമെന്റിനെ കൊണ്ട് ഏറെറടുപ്പിക്കണം.

8. സ്വകാര്യ സ്ക്കൂളുടെ

അമിതമായ ഫീസ് പിരിവ് നിർത്തൽ ചെയ്യുന്നതിന് നിയമ നടപടികൾ ഉണ്ടാകണം.

9. ശ്രീനാരായണ പബ്ലിക്ക് സ്ക്കൂൾ പ്രദേശിക പരിഗണനവച്ച് കുട്ടികൾക്ക് പ്രവേശനം ലഭിക്കുന്നതിനാവിശ്യമായ നടപടി സ്വീകരിക്കണം.

10. അംഗനവാടി അദ്ധ്യാപകരെ പ്രീ-പ്രൈമറി അദ്ധ്യാപകരാക്കാനുള്ള നടപടി ഉണ്ടാകണം.

11. വിദ്യാഭ്യാസ സർവ്വേ നടത്തുക

12. സക്ഷരതാ പ്രവർത്തനം പുനരാരംഭിക്കുക

13. വി. വി. എച്ച്. എസ്. ന്റെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും പഞ്ചായത്തു കമ്മിററി ശ്രമിക്കണം

14. നിർദ്ധനരായ വിദ്യാർത്ഥികൾക്ക് സ്ക്കൂൾ യൂണിഫോറവും പഠനോപകരണങ്ങളും നൽകുക

15. ആവശ്യമായ ബോധവത്ക്കരണ നടപടി സ്വീകരിക്കുക

16. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളുടെ കടന്നുകയററം അവസാനിപ്പിക്കുന്നതിന് കർശന നിയമനടപടികൾ സ്വീകരിക്കണം.

17. സ്ക്കൂളുകൾക്ക് ആവശ്യം വേണ്ടുന്ന ബഞ്ച്,ഡെസ്ക്ക് തുടങ്ങിയ സാമഗ്രികൾ നൽകുന്നതിനു വേണ്ടുന്ന നടപടികൾ സ്വീകരിക്കണം.

മുഖ്യമായും വിദ്യാലയങ്ങളിലെ പാഠ്യേതര പ്രവർത്തനങ്ങളിൽ ഊന്നി നിന്നുകൊണ്ട് വിദ്യാർത്ഥികളുടെ കർമ്മോത്സുകത ത്വരിതപ്പെടുത്തുകയും അതുവഴി പഠനപ്രവർത്തനങ്ങളിലേക്ക് അവരെ നയിക്കുകയും ആണ്വേണ്ടത്. സ്ക്കൂൾ പാർലമെന്റുകൾ സാഹിത്യസമാജങ്ങൾ, ക്ലബുകൾ , കൈയ്യെഴുത്ത് ചിത്ര മാസികൾ, പൂന്തോട്ട പച്ചക്കറി തോട്ടങ്ങൾ, പഠനോപകരണ നിർമ്മാണ പരിപാടികൾ തുടങ്ങിയ

അനേകം കാര്യങ്ങൾ സ്ക്കൂളുകളിൽ അനായാസം ഏറെറടുക്കാവുന്നതാണ്. പി.ററി.എ കളും മാതൃക സംഗമങ്ങളും സമാന്തര പരീക്ഷകളും നവീബോധന ക്രമങ്ങളും ഒത്തുചേർന്നൽ വിദ്യാഭ്യാസ മേഖലയിലെ ശോച്യാവസ്ഥ ഒരു പരിധിവരെ ഇല്ലായ്മ ചെയ്യുവാൻ നമ്മുക്ക്കഴിയും.

# സാംസ്ക്കാരികം

രാജ്യത്തിൻെറ ഐക്യം കാത്തു സൂക്ഷിക്കുന്നതിലും ബലപ്പെടുത്തുന്നതിലും സാംസ്കാരിക രംഗത്തിന് വലിയ പങ്കുണ്ട്. സംസ്കാരത്തിന് ആത്മീയതലത്തിലും ഭൗതിക തലത്തിലും ബൗദ്ധികതലത്തിലും വേരുകളുണ്ട്. വ്യത്യസ്ഥ പ്രാദേശിക സംസ്കാരങ്ങളുടെ വിനിമയത്തിലൂടെയാണ് ദേശീയസംസ്കാരം രൂപപ്പെടുന്നത്.

കേരളം സാംസ്കാരിക ആഘോഷങ്ങളുടെ നാടാണ്. സാംസ്കാരിക ആഘോഷങ്ങളുടെ ലക്ഷ്യം സന്തോഷം പ്രദാനം ചെയ്യുക മാത്രമല്ല ദേശീയോദ്ഗ്രഥനവും സമാധാനവും ഊട്ടി ഉറപ്പിക്കുകയും ചെയ്യുക എന്നതുകൂടിയാണ്. വിവിധ മതങ്ങൾക്കും പ്രദേശങ്ങൾക്കും ഇതിൽ പങ്കുണ്ട്.

വടക്കേവിള പഞ്ചായത്തിനെ സംബന്ധിച്ച് വിവിധ മതങ്ങളിൽ ഉള്ളവർ, അതിൽ തന്നെ വിവിധ ജാതികളിൽപ്പെട്ടവർ, ഇടകലർന്ന് ജീവിക്കുന്ന ഒരു രീതിയാണ് വർഷങ്ങൾക്കു മുൻപേ കണ്ടു വരുന്നത്. ഇത് ഇന്നും തുടരുന്നു. ഹിന്ദു മുസ്ലീം, ക്രിസ്ത്യൻ ഐക്യം ഊട്ടി ഉറപ്പിക്കുന്ന ഒരു സാംസ്കാരിക പൈതൃകം തന്നെ ഇവിടെ നിലനിൽക്കുന്നു. ഇവിടുത്തെ രാഷ്ട്രീയ സംസ്കാരത്തിൻേറയും സംഘടിത തൊഴിലാളി വർഗ്ഗത്തിൻെറ ഒത്തൊരുമയും ഇതിനു പിന്നിൽ പ്രവർത്തിക്കുന്നു. വിവിധ മതക്കാർ അവരവരുടെ ആരാധനാലയങ്ങൾ കേന്ദ്രീകരിച്ച് ആഘോഷങ്ങൾ നടത്തുമ്പോൾ എല്ലാ വിഭാഗത്തിൽപ്പെട്ടവരും അതിൽ പങ്കാളികളാകുന്നു. മതസൗഹാർദ്ദത്തിൻെറ വിളനിലമായി ഉത്സവങ്ങളും, പെരുന്നാളുകളും മറ്റാഘോഷങ്ങളും വർദ്ധിക്കുന്നതുകൊണ്ട് നാടിൻെറ തനിമയും ഒരുമയും വളർത്താൻ ഇത് സഹായിക്കുന്നു.

പഞ്ചായത്തിലെ സാംസ്കാരിക സമിതികളിൽ പ്രധാനം കേരളത്തിൽ പരക്കേയും, ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും അറിയപ്പെടുന്ന, നാടകാചാര്യൻ ശ്രീ. ഒ. മാധവൻെറ നേതൃത്വത്തിലുള്ള കാളിദാസകലാകേന്ദ്രം എന്ന നാടകസമിതി ആണ്. മറ്റു ചില പ്രൊഫഷണൽ, അമച്വർ നാടക സമിതികളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. വടക്കേവിളയിൽ ഫൈൻ ആർട്ട്സ് സൊസൈറ്റി എന്ന സാംസ്കാരിക സംഘടന കേരളത്തിലെ പ്രമുഖരായ കലാകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള കലാപരിപാടികൾ മാസംതോറും നടത്തി വരുന്നു. പഴയ നാടൻ കലാരൂപങ്ങൾ എല്ലാം തന്നെ ഓർമ്മകളിൽ മാത്രം അവശേഷിക്കുന്ന അവസ്ഥയാണ് ഇപ്പോൾ ഉള്ളത്. കഥകളി, ഓട്ടൻതുള്ളൽ തുടങ്ങിയവയ്ക്ക് ഇന്നും പഞ്ചായത്തിൽ വേരോട്ടമുണ്ട്. കൂടുതൽ വിവരങ്ങൾ ചരിത്ര വിഭാഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ആദ്യഗ്രന്ഥശാലയാണ് അയത്തിൽ സാഹിത്യ വിലാസിനി വായനശാല. നൃത്തപഠനം തുടങ്ങി വിവിധ കലാരൂപങ്ങൾക്ക് പരിശീലനം നൽകുന്ന സാഹിത്യ വിലാസിനി വായനശാല നമുക്ക് അഭിമാനം തന്നെയാണ്. കൂടാതെ പ്രശസ്തമായ നിലയിൽ പുന്തലത്താഴം വൈ.എം.വി.എ, പള്ളിമുക്ക് ഇക്ബാൽ ലൈബ്രറി, ശ്രീവിലാസം ഗ്രന്ഥശാല, വൈ.എം.ഏ, പട്ടത്താനം തുടങ്ങി മുപ്പത്തിയഞ്ചോളം ചെറുതും വലുതുമായ കലാകായികസംഘടനകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ പഴയ കായികവിനോദം ഗുസ്തിയായിരുന്നു. അറിയപ്പെട്ട ഗുസ്തിതാരങ്ങളെകൊണ്ടുവന്ന് ഗുസ്തി മത്സരം സംഘടിപ്പിക്കുക സാധാരണയായിരുന്നു. എന്നാൽ അറിയപ്പെട്ട ഗുസ്തിക്കാർ പഞ്ചായത്തിൽ ഇല്ലായിരുന്നുതാനും. ക്രിക്കറ്റിനോടു സാദൃശ്യമുള്ള 'കുട്ടിയും കോന്തും' കളി, കിളിത്തട്ടുകളി തുടങ്ങിയവയായിരുന്നു പഴയകാല കായികവിനോദങ്ങൾ. കായികരംഗത്തെപ്പറ്റി പറയുമ്പോൾ നാം ഓർക്കേണ്ടത് ഏഷ്യയിലെതന്നെ കായികരംഗത്തിന് അമൂല്യസംഭാവന നൽകിയ നമ്മുടെ മൺതരിയുടെ ഓമനപുത്രനായ ഒളിമ്പ്യൻ സുരേഷ്ബാബുവിനെയാണ് ഇന്നും കായികരംഗത്തിന് സംഭാവന നൽകികൊണ്ടിരിക്കുന്ന വ്യക്തിയാണ് ശ്രീ സുരേഷ്ബാബു. എടുത്തപറയത്തക്ക മറ്റനവധി കായികതാരങ്ങളെ ഉയർത്തിക്കൊണ്ടുവന്ന പഞ്ചായത്താണ് നമ്മുടേത്.

## പ്രശ്നങ്ങൾ

1. സാംസ്കാരിക സംഘടനകളെ ഉയർത്തിക്കൊണ്ടു വരുന്നതിൽ കാട്ടുന്ന വിമുഖത.
2. സംഘടനകളുടെ സാമ്പത്തികബുദ്ധിമുട്ട്.
3. പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൻെറ നിർമ്മാണത്തിൽ ഉണ്ടായ പോരായ്മ.
4. പഞ്ചായത്ത്വക ഗ്രന്ഥശാലയും ലൈബ്രറിയും ഇല്ലാത്തത്.
5. ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ കടന്നുകയറ്റം.
6. പൊതുകളിസ്ഥലത്തിൻെറ അഭാവം.
7. ഇ രംഗങ്ങളിലേയ്ക്ക് കടന്നു വരുവാനുള്ള സ്ത്രീകളുടെ വൈമനസ്യം.
8. ബോധവൽക്കരണത്തിൻെറ അഭാവം.
9. കലാകായികരംഗത്തെ ഗവൺമെൻറ് മെഷിനറികളിൽ അഫിലിയേഷൻ കിട്ടുവാനുള്ള ബുദ്ധിമുട്ട്.

## സാദ്ധ്യതകൾ

1. വടക്കേവിള പഞ്ചായത്ത് കമ്മ്യൂണിറ്റിഹാളിൻെറ പോരായ്മകൾ മാറ്റി ആധുനികവൽക്കരിക്കണം.
2. പഞ്ചായത്ത്വക ഒരു മൊബൈൽ ലൈബ്രറിയും, ഒരു ഗ്രന്ഥശാലയും സ്ഥാപിച്ച് അതുവഴി ജനങ്ങളിൽ വായനാശീലവും മറ്റും പ്രോത്സാഹിപ്പിക്കുവാൻ കഴിയും.
3. പഞ്ചായത്തുവക ഒരു പൊതുകളിസ്ഥലം നിർമ്മിക്കണം.
4. ടി.വി. ഇല്ലാത്ത ഗ്രന്ഥശാലകൾക്കും ടി.വി. നൽകുകയും, ദൃശ്യശ്രവ്യമാദ്ധ്യമങ്ങളിലൂടെയുള്ള ദുഷിച്ച പ്രവണത മാറ്റി കലാകായിക മേന്മയുള്ള പരിപാടികൾ മാത്രം അവതരിപ്പിക്കുന്നതിനുള്ള നിയമനടപടികൾ സർക്കാർ തലത്തിൽ ഉണ്ടാക്കുന്നതിനുവേണ്ട ശ്രമങ്ങൾ നടത്തണം.
5. ഗ്രന്ഥശാലകൾക്കും മറ്റും ഇപ്പോൾ നൽകുന്ന ഗ്രാൻറ് വർദ്ധിപ്പിക്കുകയും അരഹമായ എല്ലാ സംഘടനകൾക്കും അത് ലഭ്യമാക്കുന്നതിനുള്ള നടപടി ഉണ്ടാകണം.
6. കേരളോത്സവത്തിൽ പങ്കെടുത്ത് വിജയികളാവുന്ന ബ്ലോക്ക് ജില്ലാതാരങ്ങൾക്ക് ഗ്രേസ്മാർക്ക് നൽകുക.
7. സ്ത്രീകളുടെ പങ്കാളിത്തം, കലാകായിക സാംസ്കാരിക രംഗങ്ങളിൽ, ഉറപ്പു വരുത്തുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്തണം.
8. സാംസ്കാരിക നിലയങ്ങൾ ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകണം.

# പൊതുജനാരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം

ആരോഗ്യമുള്ള ജനത, കർമ്മനിരതമായ ഒരു സമൂഹത്തെ സൃഷ്ടിക്കുന്നുവെന്ന ശാസ്ത്രീയസത്യത്തിൻെറ അടിസ്ഥാനത്തിൽ പരിഷ്കൃതസമൂഹം ആരോഗ്യത്തെ അമൂല്യമായ സമ്പത്തായി പരിഗണിക്കുന്നു. ആരോഗ്യരംഗത്ത് ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കുവാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. ശിശുമരണക്കുറവ്, ആയുർദൈർഘ്യം, ആരോഗ്യസ്ഥിതി, ഉയർന്ന സാക്ഷരത, വിശിഷ്യാസ്ത്രീകളുടെ മെച്ചപ്പെട്ട സാക്ഷരത എന്നിവയുടെ അടിസ്ഥാനത്തിൽ കേരളം കൈവരിച്ച നേട്ടങ്ങൾ "കേരളാ മോഡൽ" എന്ന പേരിൽ ലോകജനതക്ക് മുന്നിൽ ഉയർന്നുനിൽക്കുന്നു. സാമൂഹ്യസാമ്പത്തിക രംഗത്ത് നിലനിന്നിരുന്ന അസമത്വങ്ങളെ ഇല്ലാതാകുന്നതിൽ നമ്മൾ കൈവരിച്ച നേട്ടങ്ങളും അതിൻെറ പ്രതിഫലനമെന്നോണം ആരോഗ്യരംഗത്ത് നാം കൈവരിച്ച നേട്ടങ്ങളുടെ പട്ടിക പുരോഗതിയുടെ സൂചകങ്ങളായി നാം ഉയർത്തി കാട്ടുമ്പോഴും ശക്തമായ ബോധവത്ക്കരണത്തിലൂടെയും സംഘടിത പ്രവർത്തനത്തിലൂടെയും നിർമ്മാർജ്ജനം ചെയ്തുവെന്ന് നാം അവകാശപ്പെട്ട ജലജന്യരോഗങ്ങളും, വായുജന്യരോഗങ്ങളും എണ്ണമറ്റ പുത്തൻരോഗങ്ങളും കടന്നുവരുന്നുവെന്നതും, സാംസ്കാരിക രംഗത്തും മുന്നിൽ നിൽക്കുന്ന നമ്മുടേതുപോലുള്ള സമൂഹത്തിൽ എയ്ഡ്സ് പോലുള്ള മാരകരോഗങ്ങൾ വ്യാപകമാകുന്നതും ഈ രംഗത്ത് നിതാന്തജാഗ്രത വേണമെന്നതിന് അടിവരയിടുന്നു.

ഗ്രാമങ്ങളുടെ ആരോഗ്യസംവിധാനങ്ങളെക്കുറിച്ചുള്ള പരിശോധന പ്രാചീനവും പരിഷ്കൃതവും അപരിഷ്കൃതവുമൊക്കെയായ ആദ്യനാളുകളിൽ നിന്നാണ് തുടങ്ങേണ്ടത്. ആതുരചികിത്സാ സമ്പ്രദായങ്ങൾ സാർവ്വത്രികമാകുന്നതിനെത്രയോ മുമ്പുതന്നെ നാടൻചികിത്സാരീതികളും നാടൻഭാഷയിൽ "കൈപ്പുണ്യം നേടിയ നാട്ടുവൈദ്യൻമാരും" ഈ രംഗത്ത് സജീവമായിരുന്നു. മനുഷ്യന് പരിസ്ഥിതിയുമായി ബന്ധപ്പിക്കുന്നതിനും അതുവഴി പ്രകൃതിസ്നേഹം വളർത്തിയെടുക്കുന്നതിനും ഉതകുന്ന ഭാരതത്തിൻെറ തനതായ ചികിത്സാ സമ്പ്രദായം "ആയുർവ്വേദം" ഇനിയും അനന്തമായ സാദ്ധ്യതകൾ ഉൾക്കൊള്ളുന്ന ഒരു മേഖലയാണ്. അലോപ്പതിയുടെ വ്യാപനത്തിന് മുൻപ് വ്യാപകമായിരുന്ന ആയുർവേദ ചികിത്സ ഇന്ന് ആധുനിക മെഡിസിന് വഴിമാറുന്നുവോ എന്നു തോന്നിപ്പോകാറുണ്ട്. എന്നാൽ ഈ രംഗത്ത് കൂടുതൽ മുന്നേറ്റം നടത്തുവാൻകഴിഞ്ഞതിൻെറ ഫലമായി ആയുർവ്വേദത്തിലേക്കു കൂടുതൽ പേർ കടന്നുവരുന്നുവെന്നത് ആശ്വാസകരമാണ്.

ഇന്നത്തെ ആരോഗ്യസ്ഥിതി കൈവരിക്കുന്നതിൽ അലോപ്പതി നൽകിയ സംഭാവന അമൂല്യമാണ്. നാടിനെ നടുക്കി പലപ്പോഴുമെത്താറുള്ള പകർച്ചവ്യാധികളെ നിയന്ത്രണ വിധേയമാക്കുന്നതിൽ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് അലോപ്പതിയെയാണ്. ജാപ്പനീസ്, എൻസഫലൈറ്റിസ് തുടങ്ങിയ രോഗങ്ങൾ കടന്നുവന്നപ്പോൾ പ്രതിരോധ സംവിധാനങ്ങൾ ചിട്ടപ്പെടുത്തുവാൻ മുഴുവൻ ചികിത്സാ സമ്പ്രദായങ്ങളേയും ഫലപ്രദമായി വിനിയോഗിച്ചിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക രംഗങ്ങളിലൂടെ അതിദൂരം മുന്നേറുന്ന ഈ അവസരത്തിലും ഇന്നലകളിലെ ആചാരാനുഷ്ഠാനങ്ങളുടെ പുഴുക്കുത്തുകളെന്നോണം ചില സമ്പ്രദായങ്ങൾ ചികിത്സാരംഗത്തും നിലനിൽക്കുന്നുണ്ട്.

വടക്കേവിള, മയ്യനാട്, ഇരവിപുരം, തൃക്കോവിൽവട്ടം, കൊറ്റങ്കര എന്നീ പഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന പ്രവർത്തനമേഖലയിൽ വടക്കേവിള ഗ്രാമപഞ്ചായത്തിലെ 15 വാർഡുകൾക്കുവേണ്ടി 6 വാർഡുകളിലായി 6 സബ് സെൻററുകളോടുകൂടിയ ഒരു പ്രാഥമികാരോഗ്യ കേന്ദ്രമാണ്, പാലത്തറ പി.എച്ച്. സെൻറർ രോഗ നിർണ്ണയത്തിനും ചികിത്സക്കും മെച്ചപ്പെട്ട ടി പി.എച്ച് സെൻറർ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തി താലൂക്ക് ലവൽ കൂടുതൽ കിടക്കകളുള്ള ആസ്പത്രിയായി വികസിപ്പിക്കേണ്ടിയിരിക്കുന്നു.

കശുഅണ്ടി തൊഴിലാളികളും, കർഷകതൊഴിലാളികളും മറ്റും തിങ്ങിപ്പാർക്കുന്ന ഗ്രാമങ്ങളിലെ ജനങ്ങളുടെ ആരോഗ്യനിലവാരം വേണ്ടത്രയളവിൽ മെച്ചപ്പെട്ടതാക്കുവാൻ നമുക്കിനിയും കഴിഞ്ഞിട്ടില്ല.

ആയുർവേദ ചികിത്സാരംഗത്തെ ഏകസംരംഭം ഈ പഞ്ചായത്തിൽ 7—ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ആയുർവ്വേദ ഡിസ്പൻസറി മാത്രമാണ്. 1956ൽ സ്ഥാപിതമായ ഈ ഡിസ്പൻസറിയിൽ ഏകദേശം 20278ൽപരം രോഗികൾ വാതരോഗത്തിനും, ത്വക്ക് രോഗത്തിനും മറ്റും രോഗ ചികിത്സക്കായി ഇവിടെ എത്തിച്ചേരുന്നു. 1956ൽ സ്ഥാപിച്ച ഡിസ്പൻസറി ഒരു താലൂക്ക് ലവലിലുള്ള ആസ്പത്രിയായി ഉയർത്തണം. ആവശ്യമായ സ്ഥലസൗകര്യമുണ്ട്.

"സദൃശ്യം സദൃശ്യത്തെ സുഖപ്പെടുത്തുന്നു" എന്ന അടിസ്ഥാന തത്വത്തിലൂന്നി പ്രവർത്തിക്കുന്ന ഹോമിയോ ചികിത്സാ സംവിധാനത്തിന് നമ്മുടെ പഞ്ചായത്തിലെ ഏക ഹോമിയോ ഡിസ്പൻസറി 8—ാം വാർഡിൽ വാടകമുറിയിൽ വളരെ ശോചനീയമായി സ്ഥിതി ചെയ്യുന്നു. ഡിസ്പൻസറിയുടെ പരാധീനതകൾ പരിഹരിക്കാൻ ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ല. നിലവിലുള്ള പോരായ്മകൾ പരിഹരിച്ചുകൊണ്ട് പരമാവധി സേവനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും അതുവഴി ഹോമിയോപ്പതിയിലുള്ള ജനങ്ങളുടെ വിശ്വാസ്യത വളർത്തിയെടുക്കുന്നതിനും കഴിയണം. ഹോമിയോ ഡിസ്പൻസറിക്ക് സ്വന്തമായി കെട്ടിടം സ്ഥാപിച്ച് ഹോമിയോ ആസ്പത്രിയായി ഉയർത്തണം.

നമ്മുടെ പഞ്ചായത്തിൽ സർക്കാർ ഉടമസ്ഥതയിൽ

ആകെക്കൂടി ഒരു പി.എച്ച് സെൻറർ മാത്രമാണുള്ളത്. വേണ്ടത്ര ഡോക്ടർമാരും മറ്റു ജീവനക്കാരും ഇല്ലാത്തതും ആവശ്യമായത്ര മരുന്നുകൾ ലഭ്യമല്ലാത്തതും മറ്റു പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തതയും ഈ ആരോഗ്യ കേന്ദ്രത്തിൻെറ പരാധീനതകളാണ്. ഗവൺമെൻറു മേഖലയിലെ ആശുപത്രികൾ കൂടാതെ സ്വകാര്യമേഖലയിലും സ്ഥാപനങ്ങൾ ഉണ്ട്.

## ശുചിത്വം

ആരോഗ്യകരമായ ജീവിതം നയിക്കുന്നതിന് ശുചിത്വമുള്ള വീടും പരിസരവും അത്യന്താപേക്ഷിതമാണ്. മുഴുവൻ വീടുകൾക്കും കക്കൂസ് ഉണ്ടാവുക, എല്ലാവിധ മാലിന്യങ്ങളും ജനങ്ങൾക്ക് അസൗകര്യമാവാത്തവിധം സംസ്കരിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളിൽ പൂർണ്ണതയിൽ എത്തുവാൻ ഇനിയും ഒട്ടേറെ മുന്നോട്ടുപോകുവാനുണ്ട്. കാലാകാലങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾക്കുവേണ്ടി ബോധവൽക്കരണ പരിപാടി ശരിയായ രീതിയിൽ നടത്തുവാൻ കഴിയാത്തതിൻെറ ഭാഗമായി പലപ്പോഴും പകർച്ചവ്യാധികൾ പടർന്നു പിടിക്കാറുണ്ട്. പരിസര ശുചീകരണം പാലിക്കാത്തതുമൂലം നമ്മുടെ പഞ്ചായത്തിൽ 93—96 വരെയുള്ള കാലയളവിൽ ജലത്തിലൂടെയും വായുവിലൂടെയും പ്രാണികളിലൂടെയും ഒട്ടേറെ രോഗങ്ങൾ പടർന്നു പിടിച്ചിട്ടുണ്ട്.

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണി ജന്യരോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 1548 | 138 | - | - |
| 1994-95 | 1490 | 260 | 1 | - |
| 1995-96 | 1368 | 190 | 1 | - |

1995—96 ജലജന്യരോഗങ്ങൾ, വായുജന്യരോഗങ്ങൾ കുറഞ്ഞു വരുന്നതായി കാണുന്നു.

## പഞ്ചായത്ത് ആരോഗ്യസ്ഥിതി വിവരം

| | |
|---|---|
| ആകെ വീടുകൾ | 12576 |
| സെപ്റ്റിക് ടാങ്ക് കക്കൂസ് | 4547 |
| ഇ.എസ്.പി. ടൈപ്പ് | 5382 |
| മറ്റുള്ളവ | 2647 |

## പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ

| | |
|---|---|
| 15-19 | 192 പേർ |
| 20-24 | 1035 |
| 25-29 | 1855 |
| 30-34 | 1603 |
| 35-39 | 961 |
| 40-44 | 659 |

## അമ്മമാരുടെ എണ്ണം
### (കുട്ടികളുടെ എണ്ണത്തിൻെറ അടിസ്ഥാനത്തിൽ)

| | |
|---|---|
| 1 കുട്ടി | 1658 |
| 2 കുട്ടി | 2704 |
| 2ൽ കൂടുതൽ കുട്ടികൾ | 2123 |

## കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ

| | |
|---|---|
| 1 കുട്ടി | 572 |
| 2 കുട്ടി | 2493 |
| 2ൽ കൂടുതൽ കുട്ടികൾ | 2025 |

## അംഗവൈകല്യം

| | എണ്ണം |
|---|---|
| അന്ധർ | 6 |
| ബധിരർ | 11 |
| മൂകർ | |
| ബധിരമൂകർ | |
| ചലനവൈകല്യം | 112 |
| മറ്റുള്ളവർ | 4 |

## മന്ദബുദ്ധികൾ പ്രായക്രമത്തിൽ

| | എണ്ണം |
|---|---|
| 0—5 | |
| 6—10 | 1 |
| 11—15 | 2 |
| 16നുമേൽ | 8 |

## സ്ഥായിയായ രോഗബാധിതർ

| | |
|---|---|
| രക്തസമ്മർദ്ദമുള്ളവർ | |
| ക്യാൻസറുള്ളവർ | |
| പ്രമേഹം | |
| കുഷ്ഠം | 6 |
| ക്ഷയം | |
| ഹൃദ്രോഗം | |

| | |
|---|---|
| ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ | 780 |
| പ്രതിരോധകുത്തിവയ്പു നടത്തിയവർ | 490 |
| ആകെ ഗർഭിണികൾ | 806 |

## ജനനമരണ വിവരങ്ങൾ

| വർഷം | ജനനം | മരണം | ചാപിള്ള |
|---|---|---|---|
| 1993—94 | 197 | 95 | — |
| 1994—95 | 128 | 108 | 2 |
| 1995—96 | 135 | 102 | 1 |

## കക്കൂസ്

പരിസര ശുചിത്വം പാലിക്കുവാൻ പരമപ്രധാനമായി വേണ്ട ഒന്നാണ് കക്കൂസ്. പഞ്ചായത്തിലെ 12576 വീടുകളിൽ 3450 വീടുകളിൽ കക്കൂസ് ഇല്ല. ഇതിനാൽ, വിരശല്യം, വയറിളക്ക രോഗങ്ങൾ എന്നിവ താരതമ്യേന കൂടുതൽ കണ്ടു വരുന്നു.

ഗ്രാമസഭകളുടെ ചർച്ചകളുടെ, വെളിച്ചത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളും അവക്കുള്ള പരിഹാരങ്ങളും ഇങ്ങനെ നിർദ്ദേശിക്കുന്നു. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്തി സാമ്പത്തിക പരാധീനത നികത്താവുന്നതാണ്. ജനങ്ങൾ തിങ്ങിപാർക്കുന്ന സ്ഥലങ്ങളിൽ പൊതുവായി ഒരു സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് പരിഹരിക്കാവുന്നതാണ്. പഞ്ചായത്ത് കൂടുതൽ കക്കൂസുകൾ നിർമ്മിച്ചുകൊടുക്കണം.

## ശുദ്ധജല ലഭ്യത

50165 പേർ അധിവസിക്കുന്ന ഈ ഗ്രാമപഞ്ചായത്തിൽ 12576 വീടുകളും അവർക്കായി 162 പൊതുടാപ്പുകളും 19 പൊതുകിണറുകളും 7554 സാധാരണ കിണറുകളും നിലവിലുണ്ട്. കൂടാതെ പഞ്ചായത്ത് അതിർത്തിയിൽ സ്വന്തമായി പൈപ്പ്ലൈൻ എടുത്ത 309 വീടുകളും ഇത്രയും ശുദ്ധജലസംവിധാനങ്ങൾ ഉണ്ടെങ്കിലും പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ (പ്രത്യേകിച്ചും പുന്തലത്താഴം—ഏ, പുന്തലത്താഴം—ബി) ശുദ്ധജല ദൗർലഭ്യം ശരിക്കും അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്തിൽ പുന്തലത്താഴം—ഏ വാർഡിലും മണക്കാട്—ബി വാർഡിലുമായി രണ്ട് വാട്ടർ ടാങ്കും മൂന്നു പമ്പുഹൗസും പ്രവർത്തിക്കുന്നു. കൂടാതെ വേൾഡ് ബാങ്ക് സഹായത്തോടെ മണക്കാട്—സി വാർഡിൽ നിർമ്മാണം പൂർത്തിയാക്കിയിരിക്കുന്ന വാട്ടർടാങ്കും ഉണ്ട്. ഇതിൽനിന്നുള്ള ജലവിതരണം എത്രയുംവേഗം തുടങ്ങിയാൽ ഈ രംഗത്തെ പ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കും.

ശുദ്ധജലവിതരണ സംവിധാനത്തിലെ തകരാറുകൾ ജലമലിനീകരണത്തിന് കാരണമാക്കുന്നു. വർഷങ്ങളോളം പഴക്കമുള്ള മെയിൻലൈനുകൾ പലയിടങ്ങളിലും പൊട്ടിക്കിടക്കുന്നതും ടാപ്പുകളും പരിസരങ്ങളും വൃത്തിഹീനമായി കിടക്കുന്നതും ശുദ്ധജലം വൃത്തിയായി സൂക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിലും ശ്രദ്ധയില്ലായ്മയും മലിനീകരണത്തിനും അതുവഴി ജലജന്യ രോഗങ്ങൾക്കും കാരണമായിത്തീരുന്നു.

## പബ്ലിക് ടാപ്പുകളുടെ പൊതുസ്ഥിതി

ജനങ്ങളുടെ ശുദ്ധജല ആവശ്യത്തെ പൂർണ്ണമായും നിറവേറ്റുന്നില്ലായെങ്കിലും ഒരു പരിധിവരെയുള്ള ശുദ്ധജല ലഭ്യത സാദ്ധ്യമാക്കുന്ന പബ്ലിക് ടാപ്പുകളുടെ സ്ഥിതി പലയിടങ്ങളിലും ശോചനീയമാണ്. പഴകി ദ്രവിച്ച പൈപ്പുലൈനുകളിലൂടെ ഒഴുകി നഷ്ടപ്പെടുന്ന ശുദ്ധജലത്തിനു കണക്കില്ല. ഇത്തരത്തിൽ പൊട്ടിയൊഴുകുന്ന ജലം നടവഴികളേയും പൊതുവഴികളെപ്പോലും പുഴകൾക്ക് സമാനമാക്കാറുണ്ട്. എന്നാൽ അറ്റകുറ്റ പണിനടത്തേണ്ട കെ.ഡബ്ളിയൂ.എയുടെ സമീപനം പലപ്പോഴും ആശ്വാസകരമല്ല. ഈ സ്ഥിതി മാറ്റിയെടുക്കുന്നതിന് ശക്തമായ ബഹുജന ഇടപെടൽ അത്യന്താപേക്ഷിതമാണ്. ചെറിയ അറ്റകുറ്റപണികൾ പരിഹരിക്കുന്നതിന് പ്രാദേശിക തലത്തിൽ വൈദഗ്ദ്ധ്യം നേടിയ പൊതുജനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. പാലത്തറ ഹെൽത്ത് സെൻററിന്റെ സബ്സെൻറർ ഇല്ലാത്ത വാർഡുകളിൽ സബ്സെൻറർ സ്ഥാപിക്കുക.
2. ഹെൽത്ത് സെൻററിൽ ഉണ്ടായിട്ടുള്ള പോരായ്മകൾ പരിഹരിക്കണം.
3. കക്കൂസ് ഇല്ലാത്തവർ കക്കൂസ് നിർമ്മിച്ചു കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
4. കാലാകാലങ്ങളിൽ കിണറുകളിൽ ക്ലോറിനേഷൻ നടത്തണം.
5. പൈപ്പുലൈനിലെ അറ്റകുറ്റപ്പണി സമയാസമയങ്ങളിൽത്തന്നെ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക.
6. പൊതുടാപ്പുകളുടെ പരിസരം സംരക്ഷിക്കുക.
7. ഓടകളും കലുങ്കുകളും കെട്ടി, മലിനജലം ഒഴുക്കിക്കളയുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
8. ആരോഗ്യബോധവൽക്കരണത്തിന് സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തുക.
9. കുടിവെള്ളക്ഷാമം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുക.
10. പഞ്ചായത്തുവിള ഹരിജൻ കോളനിയിൽ ഒഴിഞ്ഞു കിടക്കുന്ന സ്ഥലത്ത് പുതുതായി ഒരു വാട്ടർ ടാങ്കും, കുഴൽകിണറും സ്ഥാപിച്ചു രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുക.
11. വന്ധീകരണ ശസ്ത്രക്രിയയ്ക്ക് വിധേയമാകുന്ന സ്ത്രീകൾക്ക് പാരിതോഷികമായി കൊടുക്കുന്ന തുക കൂട്ടുന്നിനുവേണ്ട നടപടി സ്വീകരിക്കുക.
12. വികലാംഗർക്ക് നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിക്കുക.
13. പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ ഒരു ശ്മശാനം അത്യാവശ്യമായും ഉണ്ടാക്കാൻ വേണ്ട നടപടി സ്വീകരിക്കുക.
14. ഒരു സ്ലാട്ടർ ഹൗസ് അടിയന്തിരമായി നിർമ്മിക്കണം.
15. ചാരായം പൂർണ്ണമായും നിരോധിക്കണം.
16. പാലത്തറ പ്രൈമറി ഹെൽത്ത് സെൻറർ കൂടുതൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു താലൂക്ക് ലവൽ ആസ്പത്രിയായി ഉയർത്തുക.
17. ആയുർവ്വേദ ഡിസ്പൻസറി കൂടുതൽ കിടക്കകളുള്ള ആസ്പത്രിയായി ഉയർത്തുക.
18. വാടകകെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഹോമിയോ ഡിസ്പൻസറി പഞ്ചായത്തുവക സ്ഥലത്ത് സ്ഥാപിക്കുകയും ആസ്പത്രിയായി ഉയർത്തുകയും വേണം.
19. മാതൃശിശുസംരക്ഷണ കേന്ദ്രം ഇല്ലാത്ത എല്ലാ വാർഡുകളിലും സ്ഥാപിക്കണം.
20. പഞ്ചായത്തുതലത്തിൽ ഒരു ആരോഗ്യ സമിതി രൂപീകരിക്കുക. സമിതിയുടെ നേതൃത്വത്തിൽ അലോപ്പതി, ആയുർവ്വേദം, ഹോമിയോ, പ്രകൃതി നാട്ടുചികിത്സാ വിഭാഗം വകുപ്പുകളുടെ ചുമതലയിൽ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തേണ്ടതാണ്.

# ഗതാഗതം

കേരള ഗ്രാമങ്ങളിൽ കഴിഞ്ഞ ഏതാനും ദശകങ്ങളായി നടന്ന ഏറ്റവും പ്രധാന വികസന പ്രവർത്തനം ഏതെന്നു ചോദിച്ചാൽ ഉത്തരം പറയാൻ ഒട്ടും സംശയിക്കേണ്ടതില്ല. ഗ്രാമീണ റോഡുകളുടെ നിർമ്മാണ പ്രവർത്തനത്തോളം പ്രാധാന്യം ലഭിച്ച മറ്റൊരു മേഖലയും ഗ്രാമവികസനരംഗത്തില്ല. ഇതിന്റെ ഫലമായി, അഖിലേന്ത്യാ ശരാശരിയേക്കാളും വളരെ ഉയർന്ന ശരാശരി റോഡ് ലഭ്യത ഇന്ന് കേരളത്തിനുണ്ട്.

നമ്മുടെ പഞ്ചായത്തിന്റെ തെക്കേ അതിർത്തിഭാഗം നാഷണൽ ഹൈവേയിൽ രജിസ്റ്റർ കച്ചേരിക്കു പടിഞ്ഞാറുഭാഗത്തുള്ള കലുങ്കുമുതൽ കിഴക്ക് വെണ്ടർ മുക്കിന് തെക്കുഭാഗത്തുകൂടി കിഴക്കോട്ടു പോസ്റ്റാഫീസ്മുക്കുവഴി തട്ടാമല പള്ളിക്ക് കിഴക്ക് വടക്കോട്ടുള്ള റോഡും കിഴക്ക് അതിർത്തി പാലത്തറവഴി മാവിൻമൂടുവഴി ചൂരാംഗൽ റോഡുവഴി പെരുംകുളം ഏലായിൽകൂടി കൊച്ചു ഡീസന്റു മുക്കുവരേയും അവിടെനിന്നും കൊല്ലം കണ്ണനല്ലൂർ റോഡിൽ പുന്തലത്താഴം വടക്കുംഭാഗം മീനാക്ഷി വിലാസം ഹൈസ്കൂളിനു തെക്ക് ഭാഗത്തുകൂടി മൃഗാശുപത്രിക്ക് തെക്ക് കണ്ണനല്ലൂർ റോഡിൽ പടിഞ്ഞാറോട്ട് അപ്സരാ ജംഗ്ഷനിൽ വന്ന് റെയിൽവേ ലൈൻ കടന്ന് നവോദയ ജംഗ്ഷൻ വഴി ടൗൺ അതിർത്തി കൊല്ലം ചെങ്കോട്ട റോഡിൽ അവസാനിച്ച് പടിഞ്ഞാറോട്ട് 150 മീറ്റർ വരെയും അവിടെനിന്നും പ്രതിഭാ ഹോസ്പിറ്റൽ റോഡുവഴി വേപ്പാലുമൂട് റെയിൽവേ റോഡുവരെ വടക്കുഭാഗവും അവിടെനിന്ന് റെയിൽവേ റോഡിനു തെക്കുഭാഗത്തുകൂടി പടിഞ്ഞാറോട്ട് 350 മീറ്റർ പടിഞ്ഞാറുവരെയും അവിടെനിന്നും മണിച്ചിത്തോടുവഴി തെക്കോട്ട് അക്കര തെക്കേമുക്കു കലുങ്കുവഴി തെക്കോട്ടു നാഷണൽ ഹൈവേയിലുള്ള രജിസ്റ്റർ കച്ചേരി കലുങ്കുവരെയുള്ള ഭാഗമാണ് പടിഞ്ഞാറേ അതിർത്തി.

വിസ്തൃതിയിലും ജനസംഖ്യയിലും ഒട്ടും പിന്നിലല്ലാത്ത നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വളർച്ചയിൽ ഗതാഗത സംവിധാനങ്ങൾ ചെലുത്തുന്ന സ്വാധീനം വളരെ വലുതാണ്. ഗ്രാമങ്ങളിൽ പല സ്കീമുകളിലായി പല റോഡുകളും ശരിയാക്കിയിട്ടുണ്ടെങ്കിലും അതിന്റെയൊക്കെ സ്ഥിതി വളരെ ശോചനീയമാണ്.

34.014 കി.മീറ്റർ നീളത്തിൽ എല്ലാ ഗ്രാമപ്രദേശത്തുമായി കിടക്കുന്ന മണ്ണ്, ഗ്രാവൽ ഇട്ട റോഡുകളുടെ സ്ഥിതി വളരെ ശോചനീയമാണ്. കുണ്ടും, കുഴിത്തടങ്ങളുമായി സഞ്ചാരയോഗ്യമല്ലാത്ത പലഭാഗങ്ങളുമുണ്ട്. ഈ റോഡുകൾ മെറ്റൽ ചെയ്തും ടാർ ചെയ്തും ബലപ്പെടുത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തുപ്രദേശത്ത് ആകെയുള്ള 2.259 കി.മീറ്റർ മെറ്റൽ റോഡ്, മെറ്റൽ ഇളകിക്കിടന്നും വലിയ തടങ്ങൾ ഉണ്ടായും വെള്ളം കെട്ടിനിന്നും അതുവഴിയുള്ള ഗതാഗതത്തിനു തടസ്സം സൃഷ്ടിക്കുന്നു. ഇതിന് പരിഹാരമായി റോഡിന്റെ സൈഡുകളിൽകൂടി ഓട കെട്ടിവെള്ളം വിടുകയും ടാർ ചെയ്ത റോഡ് ബലപ്പെടുത്തേണ്ടതുമാണ്.

നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ ആകെ 10.679 കി.മീറ്റർ റോഡ് ടാർ ചെയ്തിരിക്കുന്നതിൽ, പല റോഡുകളുടെയും സ്ഥിതി അതിദയനീയമാണ്. പലഭാഗങ്ങളിലും റോഡുകൾ ഇടിഞ്ഞും ഇളകിയും തടങ്ങൾ ഉണ്ടാകുകയും വെള്ളം കെട്ടിനിന്ന് കുഴിയും കുന്നും തിരിച്ചറിയാൻ വയ്യാത്ത രീതിയിൽ മഴക്കാലത്ത് ഗതാഗതസൗകര്യങ്ങൾ അപകടം നിറഞ്ഞതാകാറുണ്ട്. വേനൽക്കാലത്തും അപകടസ്ഥിതി ഒട്ടും വ്യത്യസ്ഥമല്ല. ഈ റോഡുകളുടെ സൈഡുകളിൽ ഓട കെട്ടിതെളിച്ചും റോഡ് റീ ടാർ ചെയ്തു ബലപ്പെടുത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തു പ്രദേശത്ത് ആകെയുള്ള 17.950 കി.മീറ്റർ പി.ഡബ്ലിയു.ഡി. റോഡിന്റെ ഇപ്പോഴത്തെ സ്ഥിതി മെച്ചമാണെങ്കിലും അറ്റകുറ്റപണികൾ നടത്തേണ്ട ഭാഗങ്ങളും ഉണ്ട്.

എൻ.എച്ച്. റോഡ് പഞ്ചായത്തിൽ തെക്കുഭാഗത്തുകൂടി 5 കി.മീറ്റർ നീളത്തിൽ കടന്നു പോകുന്നു. തട്ടാമല മേവറം ജംഗ്ഷനിൽനിന്നും ആരംഭിക്കുന്ന എൻ.എച്ച്. ബൈപാസ് റോഡ് 2 കി.മീറ്ററോളം നീളത്തിൽ പാലത്തറ, മുള്ളുവിള, പുന്തലത്താഴം, അയത്തിൽ എന്നീ വാർഡുകളിൽകൂടി കടന്നു പോയിട്ടുണ്ട്. എന്നാൽ തുടർന്നുള്ള പണികൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

**പഞ്ചായത്തിലെ റോഡുകളുടെ സ്വഭാവം, നീളം**

| | |
|---|---|
| ആകെ മണ്ണ് റോഡ്, ഗ്രാവൽ റോഡ് | 34—014 കി.മീറ്റർ |
| ടാർ ചെയ്ത റോഡ് | 10,679 കി. മീറ്റർ |
| മെറ്റൽ റോഡ് | 2.239 കി. മീറ്റർ |
| മൊത്തം പഞ്ചായത്ത് റോഡ് | 47.165 കി.മീറ്റർ |
| റോഡുകളുടെ എണ്ണം | 197 |
| പി.ഡബ്ല്യൂ.ഡി. റോഡ് 5എണ്ണം | 17.950 കി. മീറ്റർ |
| എൻ.എച്ച് റോഡ് | 5 കി.മീറ്റർ |
| ബൈപാസ്സ് | 2കി.മീറ്റർ |
| കോൺക്രീറ്റ് റോഡ് | 0.233 കി.മീറ്റർ |
| ആകെ: | 71.929 കി. മീറ്റർ |

വടക്കേവിള റോഡുകളെ സംബന്ധിച്ച് ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള പൊതുനിർദ്ദേശങ്ങൾ താഴെപറയുന്നവയാണ്.

### ഒന്നാം വാർഡ് റോഡുകൾ

1. ചായക്കടമുക്കുമുതൽ റെയിൽവെ റോഡുവരെ (ശിവശങ്കരൻ റോഡ്) കോൺക്രീറ്റ് ചെയ്ത് യാത്രായോഗ്യമാക്കണം.
2. നവോദയ ജംഗ്ഷൻ മുതൽ റെയിൽവേ റോഡുവരെ ഉള്ള ചതുപ്പ് റോഡ് കോൺക്രീറ്റ് ചെയ്ത് സുഖമാക്കണം.

3. പട്ടത്തുവിളമുക്കുമുതൽ ശിവറാം വരെ ഉള്ള റോഡ് ടാർചെയ്ത് സുഖമമാക്കണം.
4. കോഴിശ്ശേരി മുതൽ കൈപ്പള്ളി ജംഗ്ഷൻവരെയുള്ള ചതുപ്പ് റോഡ് കോൺക്രീറ്റ് ചെയ്തു സുഖമമാക്കണം.
5. കൈപ്പള്ളിമുക്ക് മുതൽ നവോദയ ജംഗ്ഷൻവരെയുള്ള റോഡ് ടാർ ചെയ്ത് സുഖമമാക്കണം.
6. എസ്.എൻ.ഡി.പി. ജംഗ്ഷൻ മുതൽ കിഴക്കോട്ട് 450 മീറ്റർ കിഴക്കോട്ട് റെയിൽവെ റോഡിന് പാരലായി ഒരു റോഡ് അത്യന്താപേക്ഷിതമാണ്.
7. വേപ്പാലുംമൂട് റെയിൽവേ ക്രോസിൽ ഒരു ഗെയ്റ്റ് ഏർപ്പെടുത്തണം.

### ഓടകൾ

1. റെയിൽവെ റോഡുമുതൽ കിളികൊല്ലൂർ കന്നിമ്മേൽ ച്ചേരിവരെയുള്ള ഇടിഞ്ഞുപൊളിഞ്ഞു കിടക്കുന്ന ഓട റിപ്പയർ ചെയ്ത് സ്ലാബ് ഇട്ട് ജനങ്ങൾക്ക് ഉപകാരപ്രദമാക്കണം.
2. എസ്.എൻ.ഡി.പി. ജംഗ്ഷൻ മുതൽ വയലിൽവീട് കിളികൊല്ലൂർ ഓടവരെ ഒരു പുതിയ ഓടക്കെട്ടി വാർഡിനെ വെള്ളപ്പൊക്കക്കെടുതിയിൽനിന്നും രക്ഷിക്കണം.
3. ചായക്കടമുക്കു മുതൽ നവോദയ ജംഗ്ഷൻ വരെ ഒരു ചെറിയ ഓടകെട്ടി ആ ഭാഗത്തെ വെള്ളകെടുതിയിൽനിന്നും രക്ഷിക്കണം.

### വാർഡ് — II

1. അമ്മൻനട വേപ്പാലുംമൂട് റോഡ് ടാർ ചെയ്യണം.
2. ഗുഡ്ന്യൂസ് ജംഗ്ഷൻ പൈനുംമൂട് റോഡ് ടാർ ചെയ്ത് സൈഡിൽ ഓട നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കണം.
3. അമ്മൻനട ചിറയിൽകുളം റോഡ് സഞ്ചാരയോഗ്യമാക്കണം.
4. ഓറിയൻറ് ജംഗ്ഷനിൽനിന്നും 300 മീറ്റർ കിഴക്കോട്ട് വീതി കുറഞ്ഞവഴി സഞ്ചാരയോഗ്യമാക്കണം.
5. ശങ്കുപ്പിള്ള ചായക്കട ജംഗ്ഷൻ മുതൽ വേപ്പാലുംമൂട് വരെയുള്ള റോഡ് ടാർ ചെയ്യണം.
6. ഇടയിലവീട് ജംഗ്ഷൻമുതൽ റെയിൽ വേ ലൈൻവരെയുള്ള റോഡ് സഞ്ചാരയോഗ്യമാക്കണം.

### വാർഡ് — III

1. മയിലാടുംകുന്ന് ശ്രീനാരായണപുരം പാട്ടത്തിൽകാവ് റോഡ് സഞ്ചാരയോഗ്യമാക്കണം.
2. മണിച്ചിത്തോട് കുന്നേൽമുക്ക് റോഡ് ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കണം.
3. മംഗലത്തുജംഗ്ഷൻ മുതൽ കടപ്പാൽ ജംഗ്ഷൻ വരെയുള്ള റോഡ് മെയിൻറനൻസ് ചെയ്യുക.
4. മയിലാടുംകുന്ന് ഓടയുടെ നിർമ്മാണം പൂർത്തിയാക്കി സ്ലാബ് ഇടുക.
5. വാറുതൊടി മണിച്ചിതോട് ഓടയിൽ സ്ലാബ് ഇടുക.
6. വാറുതൊടി മയിലാടുംകുന്നു മുതൽ ശ്രീനാരായണപുരം റോഡ് ടാർ ചെയ്യണം.
7. സി.ഡി. ജംഗ്ഷൻ മുതൽ കാരുവള്ളി ജംഗ്ഷൻ
8. മാരിയമ്മൻ ജംഗ്ഷൻ മുതൽ ആമ്പേലിൽ ജംഗ്ഷൻ വരെ
9. പാലയ്ക്കൽ ജംഗ്ഷൻ മുതൽ ഇളങ്ങരച്ചഴികം ജംഗ്ഷൻ
10. ടയർ കമ്പനി മുതൽ തൊടിയിൽ വരെ ഇത്രയും റോഡുകൾ കോൺക്രീറ്റ് ചെയ്യണം.
11. അമ്മൻനടമുതൽ സുബ്രഹ്മണ്യൻകോവിൽവരെ ടാർ ചെയ്യണം.

### വടക്കേവിള 'ഏ' 4—ാം വാർഡ്

1. കലാനഴ്സറി—ജൂപ്പിറ്റർ തിയേറ്റർ—സഞ്ചാരിമുക്ക്—ശ്രീനാരായണപുരം റോഡ് ടാർ ചെയ്യണം.
2. പാട്ടത്തിൽകാവ് ക്ഷേത്രത്തിന് (സ്റ്റേജിന്) തെക്കുകിഴക്കുവശത്തുകൂടി ശ്രീനാരായണപുരത്തിന് തെക്ക് റോഡ് നിർമ്മിച്ച് വെള്ളക്കെട്ടൊഴിവാക്കുവാൻ സൈഡിലൂടെ ഓട നിർമ്മിച്ച് സ്ലാബിട്ട് മെറ്റൽ ചെയ്ത് ടാർ ഇടണം.
3. കാഞ്ഞാംകാട് ഫാക്ടറിക്ക് തെക്ക് കിഴക്കോട്ട്—കൃഷ്ണപിള്ള നഗറിന് തെക്ക് റോഡിലൂടെ ഓടനിർമ്മിച്ച് സ്ലാബിട്ട് മെറ്റൽ ചെയ്ത് ടാർ ചെയ്യുക.
4. കുറുപ്പുസാർ റോഡിന്റെ സൈഡിൽകൂടി ഓട നിർമ്മിച്ച് കോൺക്രീറ്റ് റോഡ് നിർമ്മിയ്ക്കുക.
5. പാലാഴി ജംഗ്ഷൻ മുതൽ ഗിരിജാ ജംഗ്ഷൻവരെയുള്ള റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യണം.
6. ശ്രീനാരായണപുരം—പാട്ടത്തിൽകാവ് റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യണം.
7. പട്ടത്താനം എസ്.എൻ.ഡി.പി. യു.പി. സ്കൂളിന് മുമ്പിലൂടെയുള്ള മണിച്ചിത്തോട് റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യുക.
8. പട്ടത്താനം സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിന് പടിഞ്ഞാറുവശത്തെ വെള്ളക്കെട്ടൊഴിവാക്കുവാനായി ഓട നിർമ്മിയ്ക്കുക.
9. പാലാഴി ജംഗ്ഷൻ തെക്ക് കിഴക്ക് കൊച്ചുവീട് റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യുക.
10. കൃഷ്ണപിള്ള നഗർ റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യുക.
11. പാട്ടത്തിൽകാവ് ക്ഷേത്രത്തിന് വടക്ക്—പടിഞ്ഞാറ് റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യുക.
12. മാലിക്ദിനാർ ITCയ്ക്ക് എതിരെയുള്ള കോണത്തുവയൽ റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യുക.
13. അക്കര തെക്കെമുക്ക്—മേടയിൽമുക്ക് റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യുക.
14. സുബ്രഹ്മണ്യൻ കോവിലിന് പടിഞ്ഞാറ്—വടക്ക് മാരിയമ്മൻ കോവിൽ റോഡ് കോൺക്രീറ്റ് ചെയ്യുക.
15. മണിച്ചിത്തോട് അക്കര തെക്കെമുക്ക് റോഡ് ടാർ ചെയ്തു ശരിയാക്കുക.
16. കാഞ്ഞാംകാട് ഫാക്ടറിക്കു പടിഞ്ഞാറുവശത്തുള്ള ഓടയ്ക്ക് സ്ലാബിട്ട് ശരിയാക്കുക.
17. കൃഷ്ണപിള്ള നഗറിന് വടക്ക്—കൊച്ചു ക്ഷേത്രത്തിന് കിഴക്കോട്ടുള്ള റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യണം.
18. അക്കര തെക്കെ മുക്കിന് വടക്ക് കിഴക്ക് കലാ റോഡ് കോൺക്രീറ്റ് ചെയ്ത് ഓടനിർമ്മിച്ച് വൃത്തിയാക്കുക.
19. ശംഖുംമുഖം, പാട്ടത്തിൽക്കാവ്, കലാ നഴ്സറി ജംഗ്ഷൻ, ആയുർവ്വേദ ജംഗ്ഷൻ വരെയുള്ള ടാർ റോഡ് മെയിൻറനൻസ് ചെയ്യുക.
20. ബജാജ് ജംഗ്ഷന് എതിരെയുള്ള റോഡ് കോൺക്രീറ്റ് ചെയ്യുക.
21. കൃഷ്ണപിള്ള നഗറിന് തെക്ക്—കിഴക്ക് സൈഡിൽ കൂടിയുള്ള ഓടയ്ക്ക് സ്ലാബിട്ട് റോഡ് വൃത്തിയാക്കുക.

22. സഞ്ചാരിമുക്കിന് പടിഞ്ഞാറോട്ടുള്ള വഴി റോഡാക്കുവാനായി മെറ്റൽ ചെയ്ത് ടാർ ചെയ്യുവാൻ വേണ്ടുന്ന സഹായം അനുവദിക്കുക.
23. കൊച്ചുകാവിന്—കിഴക്കോട്ടുള്ള റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യണം.

## V—ാം വാർഡിലെ ഗതാഗത പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ—ഗ്രാമസഭ

1. വാർഡിൻെറ സിംഹഭാഗം കേന്ദ്രീകരിക്കുന്ന വെണ്ടർമുക്ക്—പുളിയത്തുമുക്ക് റോഡ്, മേടയിൽ മുക്ക്—അക്കരതെക്കേമുക്ക് റോഡ് ഇവ പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്തു നടത്തുന്നതിന് ശക്തമായ നടപടി ഉണ്ടാകണം. റോഡ് നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തിയാക്കേണ്ടതാണ്.
2. പെട്ടെന്ന് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
   1. കുളപ്പുരയിടംമുക്ക്—ശ്രീനാരായണപുരം
   2. തേവണക്കൽ—മല്ലൻ തോടത്ത് റോഡ്
   3. നെഹ്റുജംഗ്ഷൻ—പള്ളിമുക്ക് റോഡ്
   4. സഞ്ചാരിമുക്ക്—പ്രിയദർശിനിമുക്ക് റോഡ്
   5. മൗലവിമുക്ക്—കുളങ്ങരറോഡ്

### ഓടനിർമ്മാണം

1. കടകംപള്ളി ഓടനിർമ്മാണം
2. മണ്ണാംവാതുക്കൽ—ഏലാവഴി ഓട നിർമ്മാണം

കൂടാതെ തൈവേലിൽമുതൽ ശ്രീവിലാസംവരെ പുതിയ റോഡ് എത്രയുംപെട്ടെന്ന് നിർമ്മിച്ച് വാർഡിലെ ഗതാഗതപ്രശ്നം പരിഹരിക്കേണ്ടതാണ്.

| റോഡ് | പണി |
|---|---|
| തൈയ്ക്കാവ്—പുതുകുളങ്ങര റോഡ് | ഫില്ലിംഗ് |
| ശ്രീവിലാസം ഗ്രന്ഥശാല മുതൽ ചിത്തിരമുക്ക്വരെയുള്ള റോഡ് | ഗതാഗത യോഗ്യമാക്കുക |
| കലാവേദി—ശ്രീനാരായണപുരം റോഡ് | " |
| ചല്ലിക്കുഴി—കടകംപള്ളി റോഡ് | ഫില്ലിംഗ് |
| പാലവിള തെക്കേയും കോളനിയിൽ നിന്നും പഞ്ചായത്ത് എൽ.പി.എസ്—ലേയ്ക്കുള്ള വഴി | ടാറിംഗ് |
| ചിത്തിരമുക്കിൽനിന്നും ടയർകമ്പനിയുടെ മുന്നിലൂടെ കലാവേദിവരെ | ടാറിംഗ് |

### ഓടനിർമ്മാണം

1. അമ്മവീട്ടിൽ കുന്നുവഴി—മുസ്തഫയുടെ വീട്ടിന് മുമ്പിലൂടെയുള്ള ഓട.
2. ചോങ്കര വയലിൽനിന്നും ഏലായിലേക്കുള്ള ഓട
3. പ്രിയദർശിനിമുക്കിൽനിന്നും കടകം പള്ളിയിലേക്കുള്ള റോഡ്

## വാർഡ് VI

ബി.റ്റി. ജംഗ്ഷനിൽനിന്നും എൻ.എസ്.ക്കോട്ടും, എം.കെ. ജംഗ്ഷനിൽനിന്നും വടക്കോട്ട് ജന്മത്തിൽമുക്കുവരെയുള്ള ഇടവഴി സഞ്ചാരയോഗ്യമാക്കണം. അക്കരവിള അമ്പലത്തിനുമുമ്പിൽ നിന്നും കിഴക്കോട്ടു റോഡുയർത്തി സഞ്ചാരയോഗ്യമാക്കണം. എൻ.എച്ച്.. പള്ളിമുക്കുമുതൽ വെണ്ടർമുക്കുവരെയുള്ള ഓടയ്ക്ക് പൂർണ്ണമായും സ്ലാബിടണം.

## വാർഡ് VII

നടിലത്ത് ജംഗ്ഷനിൽനിന്നും കിഴക്കോട്ടുള്ള റോഡ് ടാർ ചെയ്യുക. ഇക്ബാൽ ലൈബ്രറിയുടെ മുന്നിൽ നിന്നും പണി തുടങ്ങിയ ഓടയിൽ, ബാങ്ക് മോട്ടേഴ്സിൽ നിന്നും റോഡുവഴി വരുന്ന വെള്ളം ഓടയിൽ എത്തിയ്ക്കാനുള്ള ഏർപ്പാടുണ്ടാകണം. കൂറ്റാത്തുവിള ലക്ഷംവീട് റോഡ് വടക്ക് കടുക്കറ റോഡുമായി ബന്ധിപ്പിയ്ക്കുക. വി.വി.എച്ച്.എസ്. ഗ്രൗണ്ടിൽ നിന്നും വടക്കോട്ടു മേടയിൽ മുക്കിൽ എത്തുന്ന റോഡ് വീതി കൂട്ടി ഗതാഗതയോഗ്യമാക്കണം. വേളിക്കാട്ടു തൊടിയിലേയ്ക്കു പോകുന്ന വഴി തെളിയ്ക്കണം. കൂറ്റാത്തുവിള—പോച്ചപ്പള്ളിപുരയിടത്തിനുമുന്നിൽ വരുന്ന റോഡ് വീതികൂട്ടണം.

## വാർഡ് VIII

പള്ളിമുക്ക് പഞ്ചായത്ത് ഓഫീസ് റോഡ് മുള്ളുവിള സാമില്ലിൻെറ മുമ്പിൽനിന്നും പള്ളിമുക്ക് പഞ്ചായത്താഫീസിൽ എത്തുന്ന, പെട്രോൾ പമ്പിൻെറ കിഴക്കുവശത്തു കൂടികരുകുളത്തിലേയ്ക്കുള്ളവഴിയും കൂനമ്പായ്ക്കുളം അമ്പലത്തിൽനിന്നും പഴയാറ്റിൻകുഴിയിൽ എത്തുന്ന റോഡ്, തെക്കേവെളിമുക്കിൽ നിന്നും വടക്കേവിള സഹകരണ ബാങ്കിൽ എത്തുന്ന റോഡ്, എന്നിവ ടാർ ചെയ്ത് സഞ്ചാര യോഗ്യമാക്കണം. പള്ളിമുക്ക് മാർക്കറ്റിൽനിന്നും എൻ. എച്ച്ലേയ്ക്കിറങ്ങുന്ന റോഡിൽ ഒരു ഓട നിർമ്മിയ്ക്കണം. പള്ളിയത്തു ജംഗ്ഷനിൽനിന്നും കിഴക്കോട്ട് പോയി കൂനമ്പായിക്കുളത്ത്വന്നവസാനിക്കുന്ന റോഡ് വീതികൂട്ടി സഞ്ചാരയോഗ്യമാക്കണം.

## വാർഡ് IX

തട്ടാമല ജംഗ്ഷൻ മുതൽ NH ബൈപാസ്വരെയുള്ള റോഡും, തട്ടാമല ഹൈസ്കൂൾ ജംഗ്ഷൻ മുതൽ വാറഴികം മുക്കുവരെയുള്ള റോഡ്, പഴയാറ്റിൻകുഴി ജംഗ്ഷൻമുതൽ കിണററ്റഴികം വരെയുള്ള റോഡ്, പാലത്തറ ബൈപാസ്സിൽ, പാലത്തറ മുള്ളുവിള ഹരിജൻ കോളനിവഴി എസ്.എൻ. പബ്ലിക് സ്കൂളിൽ എത്തിച്ചേരുന്ന റോഡ്, തട്ടാമല ഗൗരികോളനിമുക്കിൽ NH ബൈപാസ്സുവരെയുള്ള റോഡ് എന്നിവ ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കണം. തെക്കേവെളിമുതൽ സംഘംമുക്കുവരെയുള്ള റോഡ് ടാർ ചെയ്യണം. വാഴത്തോടത്തുകാവിൻെറ പടിഞ്ഞാറുവശം പുതിയത്തു മുക്കിൽനിന്നും കിഴക്കുവശം വാഴവിളമുക്കിൽ നിന്നും കിഴക്കോട്ട് കോവിലഴികം മുക്കുവരെ റോഡ് നിർമ്മിക്കണം. തൂമ്പാറ്റുതോട് ഓടകെട്ടി വൃത്തിയാക്കണം. വടക്കേവിള സഹകരണ ബാങ്കിന് കിഴക്കോട്ടുള്ള റോഡിൻെറ സൈഡിൽ ഓട നിർമ്മിക്കണം. ഗൗരി കോളനിയിലെ റോഡുകൾ മെറ്റൽ ചെയ്യണം.

## വാർഡ് X

ചൂരങ്ങൽ ആറ്റിൻതീരത്തുനിന്നും തുടങ്ങി ചേനയ്യത്തുമുക്കിൽ അവസാനിയ്ക്കുന്ന എം.എൽ.ഏ. റോഡ്, വി.വി.എച്ച്.എസിനു സമീപം തുടങ്ങി കിഴക്കോട്ട് മുള്ളുവിള കൈത്തറി റോഡ്, പബ്ലിക്സ്കൂളിനു സമീപത്തു

നിന്നും കിഴക്കോട്ട് പാലത്തറ ചേരുന്ന റോഡ്, കൊച്ചു കൂനമ്പായിക്കുളം അയത്തിൽ എസ്.ജി.എൻ. കമ്പനിയ്ക്കു തെക്കു ചെന്നവസാനിക്കുന്ന റോഡ്, വള്ളുവൻതറ ഹരിജൻ കോളനിയിലേയ്ക്ക് 8 അടി വീതിയിലുള്ള റോഡ്, വള്ളുവൻതറ ബൈപാസിൽനിന്നു തുടങ്ങി എസ്.എൻ. പബ്ലിക് സ്കൂളിൽ ചേരുന്ന റോഡ്, എന്നിവ മെറ്റൽ ചെയ്ത് ടാർ ഇടണം. കുന്നിന്മേൽമുക്കിൽനിന്നും ആരംഭിച്ച് ആറ്റുകാൽവരെ അവസാനിയ്ക്കുന്ന റോഡിന്റെ പണി തീർക്കണം. ഇവിടെയുള്ള പാലത്തിനുവീതി കൂട്ടുകയും, മുള്ളുവിള വാർഡിന്റെ വടക്കേ ഭാഗത്ത് ആറ്റിന്റെ സൈഡിൽകൂടി സൈഡ്‌വാൾ, ചൂരങ്ങൽ പാലത്തിന്റെ സൈഡിൽകൂടി അയത്തിൽപാലംവരെ കോൺക്രീറ്റ് പാലം കെട്ടുകയും വേണം. പബ്ലിക്സ്കൂളിൽ നിന്നു തുടങ്ങി പാലത്തറ കോളനിയിൽ ചേരുന്ന റോഡ് 6 മീറ്റർ വീതിയിൽ മണ്ണിട്ടു നികത്തി റോഡു നിർമ്മിയ്ക്കണം. ചേനഴികത്തു മുക്കിനു വടക്ക് തറാക്കുടിവീട്ടിനുമുമ്പിൽകൂടി കിഴക്കോട്ടു ബൈപാസ്സിൽ റോഡ് മെറ്റലും ടാറും ചെയ്യുകയും, ഇപ്പോൾ വഴിയില്ലാത്തതും കുറ്റിൽനിന്നും പടിഞ്ഞാറ് ഇറങ്ങി അയത്തിൽ പള്ളിമുക്കുമായി ബന്ധിപ്പിക്കുകയും വേണം. കൈത്തറിയുടെ തൊട്ടുകിഴക്കുനിന്നും ബൈപാസ്സിൽ ചേരുന്ന റോഡിനുവീതികൂട്ടുകയും, നിലച്ചിരിയ്ക്കുന്ന ഈ ഭാഗത്തുകൂടി ഓടിക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ പുനർജ്ജീവിപ്പിക്കുകയും, മയ്യനാട് തട്ടാമല, പാലത്തറ, മുള്ളുവിള, പുന്തലത്താഴം, കുറ്റിച്ചിറ, കരിക്കോട്, ചന്ദനത്തോപ്പ്‌വഴി കുണ്ടറയിലേക്കും, തിരിച്ചും ഒരു പുതിയ ബസ് സർവ്വീസ് തുടങ്ങുകയും വേണം. വലിയ കൂനമ്പായിക്കുളത്തുനിന്നും വടക്കോട്ടു മേടേമുക്കിൽ ചെന്നെത്തുന്ന റോഡിന്റെ ഇരുവശത്തും ഓടകെട്ടി റോഡ് ടാർ ചെയ്യണം.

## വാർഡ് XI

പുന്തലത്താഴത്തുനിന്നും എസ്.എൻ. പബ്ലിക്സ്കൂൾ വഴി എൻ.എച്ച് ബൈപാസ്സിൽ എത്തുന്ന റോഡ്, കുന്നുവിളവീട് ജംഗ്ഷൻമുതൽ ശിവാക്ലബ് ജംഗ്ഷൻ വഴി ഏലായിലേയ്ക്കുപോകുന്ന റോഡ്, വാട്ടർ ടാങ്കിനു തെക്ക് കലങ്ങൂരിന്റെ വീട് മുതൽ കുളത്തിൻകരവരെയുള്ള റോഡ്, കുന്നത്തുവീട് ജംഗ്ഷനിൽനിന്നും താഴോട്ട് ഏലായിൽ കൂടെ കിഴക്കുവശത്തുകൂടിയുള്ള റോഡ് ഇവ സഞ്ചാര യോഗ്യമാക്കണം. വൈ.എം.വി.ഏ. വായനശാലയ്ക്ക് പടിഞ്ഞാറു കുന്നിമേൽമുക്കുവരെ തടത്തിൽ റോഡ് ഓടനിർമ്മിക്കുക, പുന്തലത്താഴത്തുനിന്നും മൃഗാശുപത്രിയിലേയ്ക്കു പോകുന്ന ഓട കെട്ടി വൃത്തിയാക്കുകയും, കൊച്ചു ഡീസന്റ് മുക്കുമുതൽ പടിഞ്ഞാറോട്ട് കലങ്കുവരെ പുതുതായി ഒരു ഓട നിർമ്മിയ്ക്കുകയും വേണം. കൊച്ചു ഡീസന്റ് മുക്ക് ശാസ്ത്രിമുക്ക് റോഡ്, കുന്നിവിള മാതേത്തുതടം മുതൽ ചേനയഴികം ലക്ഷംവീട് കോളനിവരെയുള്ള റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യണം.

## വാർഡ് XII

രണ്ടാം നമ്പർ ജംഗ്ഷൻ–ബൈപാസ്സിന്റെ റോഡ് റീ ടാർ ചെയ്യണം. പുന്തലത്താഴത്ത് റേഷൻ കടയ്ക്കു മുമ്പിൽനിന്നും എസ്. എൻ. പബ്ലിക് റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് ടാർ ചെയ്യുക. ശ്രീനാരായണ പ്രാഥമിക വിദ്യാലയത്തിനുമുന്നിലൂടെ കടന്നുപോകുന്ന റോഡ് സൈഡ്, വസൂരിചിറയിലെ വെള്ളം ഒഴുകിപ്പോകുന്നതിനുൾപ്പെടെ 3 ഓടകൾ നിർമ്മിക്കുക, എസ്.എൻ. പബ്ലിക് റോഡിൽനിന്നും ആരംഭിച്ച് ബൈപാസ്സ് രണ്ടാം നമ്പർ റോഡിൽ ചേരുന്ന റോഡ് ടാർ ചെയ്യുകയും വേണം. കാടൻചിറ ഓടശേഷിക്കുന്ന ഭാഗം സൈഡ്കെട്ടി മൊത്തം സ്ലാബ് ഇട്ടുമൂടി റോഡാക്കി മാറ്റുക. ആശാൻമൂലമുക്ക് കാടൻ ചിറ റോഡ് ടാർ ചെയ്യുക, പറിങ്കിമാംവിളമുക്കു മുതൽ പള്ളിവിളമുക്കുവരെയുള്ള റോഡ് ടാർ ചെയ്യുക. അയത്തിൽ ജംഗ്ഷന് കിഴക്കുഭാഗത്തുനിന്നും കാടൻചിറയിലേക്കുള്ള റോഡ് ടാർ ചെയ്യുക. നെടുംപുറത്തുവിള മുക്കുമുതൽ ഷാപ്പു മുക്കുവരെയുള്ള റോഡ് ടാർ ചെയ്യുക.

## വാർഡ് XIII

ഇർഷാദ് ജംഗ്ഷനിൽനിന്നും വേളിക്കാട്ടുവഴി തെക്കേകാവ്, കാട്ടുവിള ജംഗ്ഷനിൽനിന്നും വടക്കോട്ടു ചാണക്യൻ തോടുവഴി കുളത്തിൻകരവരെ, മണിലാൽ മുക്കിൽനിന്നും കിഴക്കോട്ടു ചോളേൽമുക്കുവഴി മിഷ്യൻചിറ മൂല വരെ, കളീലിൽമുക്കിൽനിന്നും വടക്കോട്ടുവിളയിൽ ഭാഗംവരെയുള്ള റോഡുകൾ, മെയിൻറനൻസ് ചെയ്തും ടാർ ചെയ്തും സഞ്ചാരയോഗ്യമാക്കുക. അണ്ടൂർ തെക്കതിൽ വയലിൽനിന്നും ഓടകെട്ടി ചാണിക്കൽ റോഡുമായി ബന്ധിപ്പിക്കുകയും, കൈലാത്തറവയലിൽനിന്നും കിഴക്കോട്ട് ഓടകെട്ടി റോഡു കടന്ന് കുന്നേൽ ഓടയുമായി ബന്ധിപ്പിക്കുകയും വേണം. മുന്നണികുളത്തിൽനിന്നും തെക്കോട്ടുള്ള തോടിന്റെ ബാക്കിഭാഗം കെട്ടിച്ചാണിക്കൽതോടുമായി ബന്ധിപ്പിക്കുകയും, തെക്കേകാവ് ഭാഗത്ത് നിലവിൽകെട്ടി നിർത്തിയിരിക്കുന്ന തോടിന്റെ ഇരുകരകളും എറ്റുകടവുവരെ കെട്ടി സ്ലാബ് ഇടുക. ചാണിക്കൽതോട് സ്ലാബ് ഇട്ട് റോഡാക്കി മാറ്റുക.

കാഷ്യൂ കോർപ്പറേഷന് തെക്കുവശത്തുകൂടി മിഷ്യൻ ചിറമൂലയിൽ നിലവിലുള്ള റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് ടാർ ചെയ്യണം. അണ്ടൂർ തെക്ക്നിന്നും തെക്കോട്ട് പുതുവയൽ കോളനിവരെയുള്ള റോഡ് ടാർ ചെയ്ത് ചാണിക്കൽ തോടിൽ കലങ്ങും നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കണം.

താഴത്തുവിള ലക്ഷംവീട് കോളനിയിൽനിന്നും പടിഞ്ഞാറോട്ടുള്ള റോഡ് കോൺക്രീറ്റു ചെയ്യുക. അയത്തിൽ മുസ്ലീം പള്ളിക്കുപടിഞ്ഞാറ് മിഷ്യൻ ചിറക്ക് തെക്കുവശത്തുകൂടിയുള്ള റോഡ് ടാർ ചെയ്യണം. കിളിത്തട്ട് ജംഗ്ഷനിൽനിന്നും പടിഞ്ഞാറോട്ട് ലക്ഷംവീട്ടിലേക്കുള്ള റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യണം. എസ്.വി.ഏ.സിയുടെ മുൻവശത്തുനിന്നും കിഴക്കോട്ടുള്ള റോഡ്, കുന്നേൽമുക്കിൽനിന്നും കൈലാത്തറ വയലിലേക്കുള്ള റോഡ്, പാട്ടത്തുവിള പടിഞ്ഞാറുനിന്നും വടക്കോട്ടുള്ള റോഡ് ഇവ മെറ്റൽ ചെയ്ത് ടാർ ചെയ്യണം.

## വാർഡ് XIV

1. ഗുരുമന്ദിരം ഏ.കെ.ജി. ജംഗ്ഷൻ, ഓടകെട്ടി സ്ലാബിട്ട് മെറ്റൽ ചെയ്ത് ടാർ ചെയ്യണം.
2. ഗുരുമന്ദിരം കാവുങ്ങൽ ജംഗ്ഷൻ ഏകദേശം 50 മീറ്ററോളം തോടിന്റെ ഇരുവശവും കെട്ടി സ്ലാബ് ഇട്ട് മെറ്റൽ ചെയ്തതിനുശേഷം ടാർ ചെയ്യണം.

3. കാഞ്ഞിരംമൂട് (നായർകുളം) കരുത്തറ മെറ്റൽ ചെയ്ത് ടാർ ചെയ്യണം ഇടയ്ക്ക് കലങ്ക് കെട്ടണം.
4. 36 കുന്ന് ആരതി ജംഗ്ഷൻ മെറ്റൽ ചെയ്ത് ടാർ ചെയ്യണം.
5. പുതുവീട്ടിൽ ജംഗ്ഷൻ കാവുങ്ങൽ ജംഗ്ഷൻ മെറ്റൽ ചെയ്ത് ടാർ ചെയ്യണം.
6. അമ്മവീട് ജംഗ്ഷൻ (തൈക്കാവ്) മെറ്റൽ ചെയ്ത് ടാർ ചെയ്യണം.
7. ചാങ്ങയിൽ ലക്ഷംവീടിനുള്ളിൽ ഉള്ള റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യണം.
8. 36 കുന്നിൻെറ പടിഞ്ഞാറുനിന്നും, ചാണിക്കൽ ജംഗ്ഷനിൽഎത്തുന്ന തോട് സൈഡുവാൾ കെട്ടി സ്ലാബിടണം.
9. ചെറുകുന്നത്തുമുക്കിൽ നിന്നും 36 കുന്നിൽ അവസാനിക്കുന്ന നടപ്പാത എർത്തിട്ട് നിരപ്പാക്കണം.
10. ആരതി റോഡിൽ വന്നുകയറുന്ന നടപ്പാത കോൺക്രീറ്റ് ചെയ്യണം. (36 കുന്നിനു തെക്കുവശം വന്നുകയറുന്ന റോഡ്)
11. അമ്മവീട്ടിൽ മുക്കിനു തെക്കുവശം പടിഞ്ഞാറോട്ടു പോകുന്ന നടപ്പാത എർത്ത് ചെയ്യണം.
12. കാഞ്ഞിരമൂടിനു കിഴക്കുവശം ചാണയിൽ ലക്ഷംവീടിൻെറ പടിഞ്ഞാറുവശത്തുകൂടി പോകുന്ന നടപ്പാത എർത്തിട്ട് നിരപ്പാക്കണം.

## വാർഡ് XV

**ദുർഗ്ഗാ സ്റ്റോർ കലാവേദി ആരതി ജംഗ്ഷൻ റോഡ്, അപ്സര ജംഗ്ഷൻ കരുത്തറ റോഡ്, മാടൻവിള റോഡ് ഇവ സഞ്ചാരയോഗ്യമാക്കുവാനും, കെട്ടിക്കിടക്കുന്ന വെള്ളം ഒഴുകിപ്പോകുന്നതിനുമായി ഒരു ഓട അത്യാവശ്യമാണ്. കാക്കോട്ടുവയൻ കൊച്ചമ്മൻനട ഓടയിൽ വരത്തക്കവണ്ണവും, കളിയിലിൽമുക്കു മലനട ജംഗ്ഷൻ വരെയുള്ള നിലവിലുള്ള ഓട അപ്സരജംഗ്ഷനിൽ കൊണ്ട് എത്തിയ്ക്കത്തക്കവണ്ണവും ഓട നിർമ്മിയ്ക്കണം. നിലവിലുള്ള ഓടകൾ വൃത്തിയാക്കുകയും, അറ്റകുറ്റപ്പണികൾ നടത്തുകയും വേണം. പാർവത്യാർ ജംഗ്ഷൻ മുതൽ കലങ്കുവരെ ഓടവരുമ്പോഴേയ്ക്കും വെള്ളക്കെട്ടുകൾ ഇല്ലാതാകും.**

# പാർപ്പിടം

**സാക്ഷരത**യിൽ കൊല്ലം ജില്ലയിൽ ഏറെ മുൻപന്തിയിൽ നിൽക്കുന്ന ഈ പഞ്ചായത്ത് കൊല്ലം ടൗണിനോട് ചേർന്ന് സ്ഥിതി ചെയ്യുന്നു. കശുവണ്ടി, കയർ, കൈത്തറി മേഖലകളിലും പരമ്പരാഗത ചെറുകിട കുടിൽ വ്യവസായ മേഖലയിലും ജോലിചെയ്യുന്നവരാണ് ജനസംഖ്യയിൽ ഭൂരിപക്ഷവും. ടൗണിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പ്രദേശമായതിനാൽ താമസ സൗകര്യം മുന്നിൽക്കണ്ട് ഉദ്യോഗസ്ഥരും മറ്റ് മേഖലകളിൽ പ്പെട്ടവരുമായ ധാരാളം ആളുകൾ കഴിഞ്ഞ 10 വർഷ ത്തിനുള്ളിൽ ഈ പഞ്ചായത്തിൽ താമസം തുടങ്ങിയിട്ടുണ്ട്. ദ്രുതഗതിയിലുള്ള ഭവന നിർമ്മാണം, നെൽപ്പാടങ്ങൾ നികത്തിയാണ് നടത്തിയിട്ടുള്ളത്. ആവശ്യക്കാരുടെ തള്ളിക്കയറ്റം മൂലം ഭൂമിയ്ക്ക് അനുദിനം വില വർദ്ധിക്കുന്നു. പൊതുവെ ധനികരുടെ കോൺക്രീറ്റ് കെട്ടിടങ്ങളും നിർദ്ധനരായ ആളുകളുടെ കുടിലുകളും കൂടാതെ ഇടത്തരക്കാരായ ആളുകളുടെ ഓടും ടെറസും ചേർന്ന വീടുകളുമാണ് കാണുന്നത്. അധിവസി ക്കാനെത്തുന്നവരുടെ ക്രമാതീതമായ വർദ്ധനവനുസരിച്ച് പാർപ്പിടസൗകര്യം ഉണ്ടാകണം. അല്ലാത്തപക്ഷം അംഗസംഖ്യകൂടുതലാകുമ്പോൾ സുഖസൗകര്യ ലഭ്യത കുറയുന്നു. ആരോഗ്യപ്രശ്നങ്ങൾ ഉടലെടുക്കുന്നു. കൂടുതൽ കോൺക്രീറ്റ് ഇരുനിലകെട്ടിടങ്ങൾ ഉള്ളത്. പ്രകൃതിക്ഷഭകെടുതികളിൽ കൂടുതൽ വീട് നഷ്ടപ്പെടുന്നത് V, XV, X-വാർഡുകളിലാണ്. പഞ്ചായ ത്തിലെ 15 വാർഡുകളിലും കശുവണ്ടി തൊഴിലാളികളുണ്ട്. കൈത്തറി, കുടിൽ വ്യവസായ മേഖലകളിൽ ഏർപ്പെ ട്ടിരിക്കുന്ന തൊഴിലാളികൾ കൂടുതലായി താമസിക്കുന്നത് IV, V, VIII, X, XI, XIII, XV വാർഡിലാണ് ഏറ്റവും കൂടുതൽ വീടുകൾ I, II, VI നമ്പർ വാർഡിലാണ് ഏറ്റവും കുറവ് വീടുകൾ ഉള്ളത്.

പഞ്ചായത്തിലെ 15 വാർഡുകളിലും വാടകയ്ക്ക് ഉദ്യോഗസ്ഥരും മറ്റുള്ളവരും താമസിക്കുന്നുണ്ട്. പഞ്ചായത്തിൽ 15 വാർഡുകളിലും സ്ഥിരതാമസക്കാരും സ്വന്തം ഭൂമിയില്ലാത്തവരും വീടില്ലാത്തവരും ആയിട്ടുള്ള ധാരാളം ആളുകളുണ്ട്.

വിവിധ ഏജൻസികൾ വഴിയായുള്ള ഭവന നിർമ്മാണ പദ്ധതികളും കഴിഞ്ഞ കാലങ്ങളിൽ പഞ്ചാ യത്തിൽ നടന്നിട്ടുണ്ട്. 1991 മുതൽ 1996 വരെയുള്ള കാലയളവിൽ IAY, MWS, JRY എന്നീ ഭവന നിർമ്മാണ പദ്ധതികൾ മുഖത്തല ബ്ലോക്ക് ഓഫീസ് വഴിയേ നടന്നിട്ടുണ്ട്. സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, സഹകരണസംഘങ്ങൾ വഴിയുള്ള വായ്പാ പദ്ധതി,

**പട്ടിക 1**
**വീടുകളുടെ തരംതിരിവ്**

| വാർഡ് | ഓട് | ഓല | കോൺക്രീറ്റ് | ഇരുനില | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| I | 1170 | 95 | 162 | 27 | 6 | 460 |
| II | 201 | 120 | 167 | 19 | 6 | 513 |
| III | 231 | 114 | 273 | 18 | 14 | 650 |
| IV | 381 | 180 | 417 | 49 | 40 | 1067 |
| V | 407 | 358 | 299 | 6 | 3 | 1073 |
| VI | 303 | 133 | 356 | 16 | 9 | 817 |
| VII | 293 | 104 | 213 | 5 | 33 | 648 |
| VIII | 323 | 145 | 421 | 26 | 29 | 958 |
| IX | 286 | 136 | 266 | 25 | 18 | 731 |
| X | 432 | 198 | 224 | 2 | 46 | 903 |
| XI | 482 | 158 | 308 | 8 | 17 | 974 |
| XIII | 390 | 169 | 310 | 6 | 16 | 891 |
| XIII | 431 | 301 | 191 | 5 | 42 | 970 |
| XIV | 282 | 237 | 147 | 7 | 29 | 702 |
| XV | 308 | 369 | 293 | 14 | 78 | 1062 |

പഞ്ചായത്തിന്റെ 15 വാർഡുകളിലായി ആകെ വീടുകളുടെ എണ്ണം 12419, ഓലകുടിലുകൾ 2817, ഓട് മേഞ്ഞ വീടുകൾ 4920, മറ്റുള്ളവ 386, കോൺക്രീറ്റ് 4047, ഇരുനിലകെട്ടിടങ്ങൾ 233

പഞ്ചായത്തിലെ V, XV-നമ്പർ വാർഡുകളിലാണ് ഏറ്റവും കൂടുതൽ കുടിലുകളുള്ളത് IV, VIII-വാർഡിലാണ് രാജീവ് ദശലക്ഷപാർപ്പിട പദ്ധതി തുടങ്ങിയ പദ്ധതികൾ ഈ പഞ്ചായത്തിൽ ഇന്നുവരെയും നടപ്പാക്കിയിട്ടില്ല. വളരെയേറെ ജാഗ്രതയോടെ വികസനത്തിന് പുതിയ തുടക്കം കുറിക്കുന്ന വേളയിൽ മുഴുവൻ ജനങ്ങളുടേയും ലക്ഷ്യം മുൻനിർത്തി "പഞ്ചായത്തിൽ അഞ്ചുവർഷത്തി നുള്ളിൽ സ്ഥിര താമസക്കാർക്ക് എല്ലാവർക്കും വീട്"

## പഞ്ചായത്തിലെ ലക്ഷം വീടുകളുടെ വിവരം

| നമ്പർ | പേര്—സ്ഥലം | വാർഡ് |
|---|---|---|
| 1 | കൃഷ്ണപിള്ള നഗർ | IV |
| 2 | കൂറ്റാത്ത്വിള | VII |
| 3 | പുന്തലത്താഴം | Xi |
| 4 | തെക്കയ്യം | V |
| 5 | കുറുമൂട്ടിൽ | III |
| 6 | ചാങ്ങയിൽ | XIV |
| 7 | മൂപ്പനാർ | V |

എന്നൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് പ്രത്യേക താൽപര്യം ഉണ്ടാകേണ്ടതാണ്.

പഞ്ചായത്തിലെ ഭവനനിർമ്മാണ പ്രവർത്തനങ്ങൾ ഇന്ന് വളരെ മന്ദഗതിയിലാണ്. ഗ്രാമസഭാറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട പ്രധാന പ്രശ്നങ്ങൾ.

1. പട്ടണത്തിനോട് ചേർന്ന പ്രദേശമായതിൽ ഭൂമിയ്ക്ക് അനുദിനം വില വർദ്ധിക്കുന്നു. ഭവന നിർമ്മാണ സാധന സാമഗ്രികളുടെ വിലവർദ്ധനവ്.
2. വിവിധ ഏജൻസികൾവഴി ലഭ്യമാകുന്ന വായ്പകളുടെ ഉയർന്ന പലിശനിരക്ക്.
3. സർക്കാർ ലഭ്യമാക്കുന്ന വായ്പകൾക്കുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ.
4. വിവിധ ഏജൻസികളുടെ വായ്പാ ഈട്— വ്യവസ്ഥകൾ.
5. സർക്കാർ ലഭ്യമാക്കുന്ന വായ്പാതുക പര്യാപ്തമല്ല.
6. സഹകരണ സംഘങ്ങൾ ഭവനനിർമ്മാണരംഗത്ത് യാതൊരു സംഭാവനയും ചെയ്യുന്നില്ല.

ഭവനനിർമ്മാണരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗ്രാമസഭാ ചർച്ചകളിൽ ഉയർന്ന നിർദ്ദേശങ്ങൾ.

1. പഞ്ചായത്ത് തലത്തിൽ ഭവനനിർമ്മാണ സഹകരണ സംഘം രൂപീകരിക്കുകയും, സ്വന്തമായി വീടില്ലാത്തവരെ സഹായിക്കുകയും വേണം.
2. ചെലവുകുറഞ്ഞ വീടുകളുടെ പ്രചരണം, ബോധവൽക്കരണം.
3. ഭവനനിർമ്മാണ സാധനസാമഗ്രികൾ മിതമായ വിലയ്ക്ക് ഭവന നിർമ്മാണ സഹകരണ സംഘത്തിലൂടെ ലഭ്യമാക്കണം, വിദഗ്ദ്ധരായ തൊഴിലാളികളേയും സംഘം വഴി ഭവന നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആക്കുക.
4. വിവിധ സാമൂഹ്യ—സാംസ്ക്കാരിക സംഘടനകൾ വഴി "പാവപ്പെട്ടവർക്ക് വീട്" എന്ന പദ്ധതിക്ക് പഞ്ചായത്ത് തലത്തിൽ രൂപം നൽകണം.
5. ഭവന നിർമ്മാണ ഏജൻസികളുടെയും, നിലവിലുള്ള ഗവൺമെൻറു തലത്തിലെ ഭവന നിർമ്മാണ വായ്പ പ്രവർത്തന സംവിധാനം പഞ്ചായത്ത് കേന്ദ്രീകരിച്ച് നടപ്പാക്കുക.
6. കാലാകാലങ്ങളിൽ വന്നിട്ടുള്ള സാധനവില വർദ്ധനവ്, കൂലിവർദ്ധനവ് അടിസ്ഥാനമാക്കി വായ്പാതുക 50 മുതൽ 100%വരെ വർദ്ധിപ്പിക്കുക.
7. വിധവകൾ, വികലാംഗർ വിഭാഗങ്ങളിൽപ്പെടുന്ന സാമ്പത്തിക പിന്നോക്കാവസ്ഥക്കാർക്കും മറ്റാരും തുണയില്ലാത്തവരുമായ ആളുകൾക്ക് ഭവന നിർമ്മാണത്തിന് പ്രത്യേകം പദ്ധതിക്ക് രൂപം നൽകേണ്ടതാണ്.
8. IAY, MWS, JRY, RLEGP ഇവ ആനുകാലികാടിസ്ഥാനത്തിൽ പരിഷ്ക്കരിക്കുക.
9. പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി തുക ഉയർത്തുക.
10. ഭവന നിർമ്മാണ വായ്പക്കുള്ള ഈട് — നിർമ്മിക്കുന്ന ഭവനം എന്ന് തീരുമാനിക്കേണ്ടതാണ്.
11. മൈത്രീഭവന പദ്ധതി—പൂർണ്ണമായും പഞ്ചായത്ത്വഴി നടപ്പിലാക്കുക.
12. ഓലക്കുടിലുകൾ കാലാകാലങ്ങളിൽ കെട്ടിമേയുന്നതിനുള്ള തുക കൃത്യമായി ഗുണഭോക്താവിന് നൽകണം.
13. സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തവരായ എല്ലാ വിഭാഗം ആളുകൾക്കും (സാമ്പത്തികനില അടിസ്ഥാനമാക്കി) പഞ്ചായത്തുവഴി വീടും ഭൂമിയും നൽകണം.
14. പുറംപോക്കിൽ താമസിക്കുന്നവരെ തിരിച്ചറിഞ്ഞ് പുനരധിവസിപ്പിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്.
15. പഞ്ചായത്തിലെ സഹകരണ ബാങ്കുകളേയും, വനിതാ സഹകരണ ബാങ്ക്, ഹരിജൻ സഹകരണ ബാങ്കിനേയും ഉൾപ്പെടുത്തി ചെലവു കുറഞ്ഞ ഭവന നിർമ്മാണ പദ്ധതി തയ്യാറാക്കുക.

നമ്മുടെ പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കുവാൻ നമുക്ക് കൂട്ടായി ആത്മാർത്ഥതയോടെ പ്രവർത്തിക്കാം.

### പഞ്ചായത്തിലെ ഹരിജൻ കോളനികളുടെ വിവരം

| വാർഡ് | കോളനി |
|---|---|
| XIV | കാവുങ്ങൽ |
| IX | ന്യൂകോളനി |
| XI | പുന്തലത്താഴം |
| I | കുന്നത്ത് |
| XV | കൊച്ചമ്മൻനട |
| XV | പ്രിയദർശിനി, മലനട |

### അംഗീകൃതമല്ലാത്തതും അംഗീകാരം നൽകേണ്ടതുമായ കോളനികൾ

| | |
|---|---|
| | പുത്തൻവിള |
| XIII | താഴത്തുവിള |
| V | തൈവേലിതെക്കതിൽ |
| II | ഓറിയൻറ് ജംഗ്ഷൻ |

### I.H.D.P. കോളനികൾ

| | |
|---|---|
| XI | പുന്തലത്താഴം |
| | ജയന്തികോളനി |
| XV | പ്രിയദർശിനി |

# ക്ഷേമ പ്രവർത്തനങ്ങൾ

നമ്മുടെ സമൂഹത്തിൽ സാമ്പത്തികമായി ദുരിതം അനുഭവിക്കുന്ന എല്ലാ വിഭാഗം ജനങ്ങൾക്കും ആശ്വാസം പകർന്നുകൊടുക്കേണ്ടത് ഏറ്റവും പ്രാധാന്യമേറിയ ആവശ്യമാണ്. പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ ഭൂരിഭാഗവും കശുവണ്ടി, കൈത്തറി, മേഖലയിലെ തൊഴിലാളികളാണ്. കാർഷികമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം കുറവാണ്. കെട്ടിട നിർമ്മാണ തൊഴിലാളികളും, പരമ്പരാഗത കുടിൽ—വ്യവസായ മേഖലയിലും ജോലി ചെയ്യുന്നവരും പഞ്ചായത്ത് പരിധിയിൽ താമസിക്കുന്നു.

ഗ്രാമവികസന വകുപ്പുവഴി ഗവൺമെൻറ് നടപ്പിലാക്കുന്ന സംയോജിത ഗ്രാമവികസന പരിപാടി (IRDP)യും, പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷൻ വഴി നൽകുന്ന ക്ഷേമ ആനുകൂല്യങ്ങളും വനിതാ വികസന കോർപ്പറേഷൻ വഴിയുള്ള സഹായ പദ്ധതികളുമാണ് പഞ്ചായത്തിലെ ജനങ്ങളുടെ ക്ഷേമത്തിനും അവരുടെ സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിനും വേണ്ടി ഇന്ന് നിലവിലുള്ള പദ്ധതികൾ. IRDP ലോൺ സഹായം വർഷംതോറും ധാരാളം കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തുന്നു എന്നാണ് റിപ്പോർട്ട് കാണുന്നത്. വസ്തുനിഷ്ഠമായ വിലയിരുത്തലിൽ വളരെ ചെറിയ സംഖ്യയിൽപ്പെടുന്ന കുടുംബങ്ങൾ മാത്രം സാമ്പത്തികമായി ഉയർന്നിട്ടുള്ളു എന്നു കാണാം. ശരിയായ വിലയിരുത്തലിലൂടെ പ്രശ്നങ്ങൾ അപഗ്രഥിക്കുകയും ആവശ്യമായ പരിഹാര നിർദ്ദേശങ്ങൾ സ്വരൂപിച്ച് തികച്ചും ക്രിയാത്മകമായ പ്രശ്നപരിഹാര സമീപനം ഉണ്ടാകണം. അല്ലാത്ത പക്ഷം IRDP സഹായ പദ്ധതി ദുർബല ജനതയ്ക്ക് ഭാരമായി ത്തീരുമെന്നാണ് കാണുന്നത്.

സമൂഹത്തിലെ ജനതയുടെ മാനസികവും ശാരീരികവുമായ ദുരിതങ്ങൾക്ക് പ്രധാന കാരണങ്ങളായ അന്ധവിശ്വാസങ്ങളും ജാതിചിന്തയും അയിത്താചരണവും ഭാഗികമായെങ്കിലും നമ്മുടെ പഞ്ചായത്തിലും ബാധിച്ചിട്ടുണ്ട്. ശക്തമായ ബോധവൽക്കരണ ക്യാമ്പുകൾ വഴി ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും അവരെ സാമ്പത്തിക ചൂഷണത്തിൽനിന്ന് മോചിപ്പിക്കുന്നതിനും ശ്രമിക്കേണ്ടതാണ്.

## IRDP വിവരങ്ങൾ

| വാർഡ് | കുടുംബങ്ങൾ 1991, 1993 സർവ്വേപ്രകാരം | SC, ST വിഭാഗം | 1991 മുതൽ 96 വരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | SC/ST |
|---|---|---|---|---|
| 1 | 222 | 12 | 13 | 4 |
| 2 | 250 | 25 | 20 | 11 |
| 3 | 236 | 11 | 14 | 5 |
| 4 | 277 | 18 | 10 | 3 |
| 5 | 631 | 27 | 16 | 9 |
| 6 | 233 | 3 | 6 | 3 |
| 7 | 247 | 15 | 8 | 5 |
| 8 | 242 | 24 | 18 | 9 |
| 9 | 176 | 27 | 14 | 8 |
| 10 | 370 | 31 | 20 | 11 |
| 11 | 427 | 68 | 19 | 9 |
| 12 | 427 | 41 | 17 | 7 |
| 13 | 546 | 66 | 27 | 15 |
| 14 | 404 | 47 | 18 | 11 |
| 15 | 493 | 46 | 11 | 6 |

മുഖത്തല ബ്ലോക്ക് ഓഫീസ് വഴിയാണ് നടപ്പാക്കുന്നത്. പഞ്ചായത്തിൽ 1 മുതൽ 7 വരെ വാർഡുകളിലെ IRDP ബന്ധപ്പെട്ട കാര്യം വടക്കേവിള സർക്കിൾ, 8 മുതൽ 15 വരെ വാർഡുകളിൽ അയത്തിൽ സർക്കിൾ വഴിയായിട്ടാണ് നടന്നുവരുന്നത്. ഉദ്യോഗസ്ഥരുടേയും ബന്ധപ്പെട്ട ഓഫീസുകളിലേയും രേഖകളിൽ IRDP സഹായത്തിലൂടെ

IRDP സഹായ പദ്ധതി ദാരിദ്ര നിർമ്മാർജ്ജനവും സാമ്പത്തികാഭിവൃദ്ധിയും ലക്ഷ്യമാക്കിയുള്ളതാണെങ്കിലും, പഞ്ചായത്തിൻെറ പരിധിയിലുള്ള ദേശസാൽകൃത ബാങ്കുകളുടെ നിസഹരണം, പദ്ധതിയെക്കുറിച്ച് ഗുണഭോക്താവിനുള്ള അറിവില്ലായ്മ തുടങ്ങിയ കാര്യങ്ങളാൽ പദ്ധതി പഞ്ചായത്തിൽ ഇനിയും ഫലപ്രദമായിട്ടില്ല.

**IRDP പദ്ധതി വിജയകരമാക്കുന്നതിന് ഗ്രാമസഭാ ചർച്ചകളിൽ ഉയർന്ന നിർദ്ദേശങ്ങൾ.**

1. IRDP ഗുണഭോക്താക്കളെ കണ്ടെത്തുന്ന സർവ്വേ ഫലപ്രദമായ രീതിയിൽ ഓരോ വർഷത്തേയ്ക്കും പ്രത്യേകം നടത്തുക.
2. IRDP വായ്പ അനുവദിക്കുന്നതിനുമുൻപ് ഗുണഭോക്താവിന് ഫലപ്രദമായി നടത്തുവാൻ കഴിയുന്ന യൂണിറ്റിനെക്കുറിച്ച് ശരിയായ ബോധവൽക്കരണം നടത്തേണ്ടിയിരിക്കുന്നു.
3. വായ്പാ തുക വിനിയോഗം കൃത്യമായി നിരീക്ഷിക്കുക.
4. പ്രത്യേക യൂണിറ്റുകൾക്ക് നിശ്ചയിച്ചിട്ടുള്ള വായ്പാ തുക ആനുകാലികമായി ഉയർത്തുക.
5. വായ്പാ—ഗുണഭോക്താവ് ഗവൺമെൻറ് ഉദ്യോഗസ്ഥരേയും ബാങ്ക് ഉദ്യോഗസ്ഥരേയും തിരഞ്ഞ് നടക്കുന്ന രീതി അവസാനിപ്പിക്കണം. ഗവൺമെൻറ് ഉദ്യോഗസ്ഥരും ബാങ്ക് ഉദ്യോഗസ്ഥരും ഉപഭോക്താവിനെ അന്വേഷിച്ച് എത്തുന്ന സമ്പ്രദായം നിലവിൽ വരണം. പദ്ധതിയുടെ പൂർണ്ണവിജയത്തിന് ഈ രീതി വളരെ അത്യാവശ്യമാണ്.
6. ബോധവൽക്കരണ ക്യാമ്പുകൾ — എല്ലാവിഭാഗം ഉദ്യോഗസ്ഥരുടേയും പങ്കാളിത്തത്തോടെ പൊതുസ്ഥലങ്ങളിൽ ആവശ്യമായി പ്രചരണത്തോടെ നടത്തുക.
7. കാലാകാലങ്ങളിൽ ഉദ്യോഗസ്ഥർ—ഗുണഭോക്താവുമായി പദ്ധതി പ്രവർത്തനം അവലോകനം ചെയ്ത്—പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കേണ്ടതാണ്.
8. ദേശസാൽകൃത ബാങ്കുകളെക്കൊണ്ട് ഗുണഭോക്താക്കളെ സഹായിക്കുവാൻ സർക്കാർ തലത്തിൽ നടപടി ഉണ്ടാകണം.
9. സഹകരണ മേഖലയിൽ കൂടുതൽ ഫണ്ട് നൽകുന്നതിന് സഹകരണ ബാങ്കുകൾ തയ്യാറാകണം.

## DWCRA സഹായ ലഭ്യത

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിൽ പത്ത്, അതിലധികം സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ്.

DWCRA യൂണിറ്റുകൾ രൂപീകരിച്ച് ഫലപ്രദമായി നടത്തുന്നതിന് ധാരാളം വനിതാസംഘടനകൾ തയ്യാറാണ്. ഗ്രാമവികസന വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, വ്യവസായ വകുപ്പ്, വനിതാ വികസന കോർപ്പറേഷൻ ഇവയുടെ ഉദ്യോഗസ്ഥർ പഞ്ചായത്ത് തലത്തിൽ വനിതകൾക്ക് പ്രത്യേകം ബോധവൽക്കരണക്യാമ്പുകൾ നടത്തേണ്ടതാണ്.

ഒരു വാർഡിൽ ഒരു DWCRA യൂണിറ്റ് എന്ന രീതിയിൽ നടപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ

| വാർഡ് | തൊഴിൽ സംരംഭത്തിൻെറ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| VI | ലെതർ ബാഗ്, മറ്റ് ലെതർ ഉൽപന്നങ്ങൾ നിർമ്മാണം ഉഷസ് പള്ളിമുക്ക് | 1996 | 10 |
| XIV | കാഷ്യൂ ട്രേഡിംഗ് സ്റ്റാൾ—അയത്തിൽ | | |

വനിതാ വികസന സമിതിയ്ക്ക് രൂപം നൽകേണ്ടതാണ്.

വനിത വികസന കോർപ്പറേഷൻെറ പ്രതിനിധി ഉദ്യോഗസ്ഥൻ പഞ്ചായത്ത് ഓഫീസ് കേന്ദ്രമാക്കി പ്രവർത്തിക്കണം.

## ട്രൈസം (TRYSEM), C.P.S.

പഞ്ചായത്ത് അതിർത്തിയിൽ സ്ഥിരതാമസക്കാരായ 18 വയസ്സുമുതൽ 35 വരെയുള്ള യുവതീയുവാക്കൾക്ക് (IRDP സർവ്വേയിൽ ഉൾപ്പെട്ട കുടുംബാംഗങ്ങൾ) സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം.

ട്രൈസം വിവിധ യൂണിറ്റുകളിലായി വിദഗ്ദ്ധരായ ആളുകൾ യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നു. തയ്യൽ, ഐ.റ്റി.ഐ. കോഴ്സുകൾ, ടി.വി., റേഡിയോ മെക്കാനിസം തുടങ്ങിയ വിഭാഗങ്ങളിലാണ് നമ്മുടെ പഞ്ചായത്തിൽനിന്നും കൂടുതൽ യുവതീ—യുവാക്കൾ പരിശീലനം നേടിയിട്ടുള്ളത്. പരിശീലനം നേടുന്നവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പ്രത്യേകം വായ്പയും അനുവദിക്കുന്നുണ്ട്.

പഞ്ചായത്തിലെ ട്രൈസം പരിശീലനവും തുടർന്നുള്ള സഹായവും അവലോകനം ചെയ്യുമ്പോൾ ഈ പരിപാടിയുടെ വിജയത്തിന് ഗ്രാമസഭയുടെ നിർദ്ദേശങ്ങൾ.

1. ട്രൈസം ട്രെയിനികൾക്കുള്ള സ്റ്റൈപ്പൻറ് തുക ഉയർത്തണം.
2. പരിശീലനം പൂർത്തിയാക്കുന്നതിനും പ്രയോജനം കണ്ടെത്തുന്നതിനും ട്രെയിനികളെ ബോധവൽക്കരിക്കുക.
3. സി.പി.എസ്—ൽ ചേരുന്ന കുട്ടികൾക്കും സ്റ്റൈപ്പൻറ് കിട്ടണം.

## ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി(ആർ.ഏ.പി.)

ഐ.ആർ.ഡി.പി. സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രാമീണ കൈത്തൊഴിലുകാർക്ക് അവരുടെ പ്രവർത്തനമേഖലയിൽ പുരോഗതി ലക്ഷ്യമാക്കി ആധുനിക തൊഴിലുപകരണങ്ങൾ വിതരണം ചെയ്യുന്ന പ്രത്യേക പദ്ധതിയാണ് ആർ.ഏ.പി.

## ക്രിയാത്മകമായി RAP നടപ്പാക്കുന്നതിന് ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. RAP പദ്ധതിയുമായി ബന്ധപ്പെടുത്തി ഗ്രാമീണ കൈത്തൊഴിലുകാരുടെ സമിതി പഞ്ചായത്ത്തലത്തിൽ രൂപം നൽകേണ്ടതാണ്.
2. ആവശ്യമായ അപേക്ഷകൾ ബന്ധപ്പെട്ട ഓഫീസുകളിൽ എത്തിക്കുന്നതിന് അറിയിപ്പ്, നിർദ്ദേശം ഇവ മുൻകൂട്ടി വാർഡ് തലത്തിൽ കൃത്യമായി ഗുണഭോക്താക്കളിൽ എത്തിക്കുക.
3. RAP പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ—തൊഴിൽ മേഖലയിൽ അവരുടെ സംഭാവന വിലയിരുത്തുക.
4. പ്രാദേശികാടിസ്ഥാനത്തിൽ എല്ലാത്തരം കൈത്തൊഴിലുകളും വികസിപ്പിക്കുന്നതിന് വരുംവർഷങ്ങളിൽ നിശ്ചിത എണ്ണം ആളുകളെ തൊഴിലുപകരണങ്ങൾ നൽകി സഹായിക്കുന്ന പദ്ധതി തയ്യാറാക്കുക.

ട്രൈസം—തൊഴിൽ പരിശീലനം നേടിയവരുടെ എണ്ണം

| വാർഡ് | വർഷം | വിഷയം | പരിശീലനം ലഭിച്ചവർ |
|---|---|---|---|
| 3 | 1991—92 | കമ്പോസിംഗ് | 1 |
| 5 | | പ്ലാസ്റ്റിക് വർക്ക് | 1 |
| | | വെൽഡിങ്ങ് | 1 |
| 7 | | ടി.വി. റിപ്പയറിംഗ് | 1 |
| 8 | | തയ്യൽ | 1 |
| 9 | | തയ്യൽ | 1 |
| 15 | | ഇലക്ട്രീഷ്യൻ | 1 |
| | | വെൽഡിംഗ് | 1 |
| 3 | 1992—93 | തയ്യൽ | 1 |
| 5 | | തയ്യൽ | 1 |
| 10 | | കമ്പ്യൂട്ടർ ട്രെയിനിംഗ് | 1 |
| 14 | | തയ്യൽ | 1 |
| 11 | | കമ്പോസിംഗ് | 1 |
| 2 | 1993—94 | പ്രിൻറിംഗ് | 1 |
| 7 | | നെയ്ത് | 1 |
| 14 | | തയ്യൽ | 2 |
| 15 | | ടൂവീലർ റിപ്പയറിംഗ് | 1 |
| | | കമ്പോസിംഗ് | 1 |
| 3 | 1994—95 | തയ്യൽ | 1 |
| 6 | | വാച്ച് റിപ്പയറിംഗ് | 1 |
| 12 | | ബുക്ക, ബൈൻഡിംഗ് | 1 |
| 2 | 1995—96 | കംപ്യൂട്ടർ കോഴ്സ് | 1 |
| 10 | | പ്ലാസ്റ്റിക് വർക്ക് | 1 |
| 13 | | പ്ലാസ്റ്റിക് വർക്ക് | 1 |
| 15 | | പ്രിൻറിംഗ് | 1 |
| | | ഹാൻഡ്‌ലൂം | 1 |

## വില്ലേജ് ഓഫീസ് വഴിയായുള്ള ക്ഷേമപദ്ധതികൾ

എല്ലാ വിഭാഗത്തിലും ഉൾപ്പെടുന്ന സാധാരണ ജനങ്ങളെ പ്രായത്തിൻേറയും പ്രത്യേക ജീവിത സാഹചര്യങ്ങളുടേയും അടിസ്ഥാനത്തിൽ വന്നിട്ടുള്ള ജീവിതക്ലേശങ്ങൾ ദൂരീകരിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ പെൻഷൻ ക്ഷേമ പദ്ധതികൾ നമ്മുടെ പഞ്ചായത്തിലും നടപ്പിലാക്കി വരുന്നു. പ്രകൃതിക്ഷോഭം, വരൾച്ച തുടങ്ങിയ പ്രശ്നങ്ങളിൽ പ്രത്യേകമായി ലഭിക്കുന്ന ധനസഹായ പദ്ധതിയും പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്.

വിവിധ മേഖലകളിൽ ജോലിചെയ്തിരുന്ന 60 വയസ്സിൽ കൂടുതൽ പ്രായമുള്ള ജീവിച്ചിരിക്കുന്ന തൊഴിലാളികൾക്ക് സാമ്പത്തികാശ്വാസമായി സർക്കാർ നൽകുന്ന കശുവണ്ടി തൊഴിലാളി പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, കൈത്തറി തൊഴിലാളി പെൻഷൻ എന്നിവ പഞ്ചായത്തിലും വിതരണം ചെയ്യുന്നുണ്ട്. അവശകലാകായിക താരങ്ങൾക്ക് പെൻഷൻ ലഭിക്കുന്നില്ല.

വാർദ്ധക്യത്തിലെത്തിയവർക്കുള്ള സാമ്പത്തികാശ്വാസം വടക്കേവിള പഞ്ചായത്തിൽ നിലവിൽ 33 ആളുകൾക്ക് ലഭിക്കുന്നു.

**വിധവ/അഗതി പെൻഷൻ:**

വിധവകളേയും അഗതികളേയും സഹായിക്കുന്ന പദ്ധതിപ്രകാരം 181 സ്ത്രീകൾക്ക് സഹായം ലഭിച്ചുകൊണ്ടിരിക്കുന്നു.

**വികലാംഗപെൻഷൻ:**

പഞ്ചായത്തിൽ വികലാംഗരുടെ ക്ഷേമം മുൻനിർത്തി അർഹരായ 54 പേർക്ക് നിലവിൽ സഹായം ലഭിക്കുന്നു.

**രോഗികൾക്കുള്ള സഹായ പദ്ധതി—ക്ഷയരോഗം:**

ക്ഷയരോഗികളായ 35 ആളുകൾക്ക് നിലവിൽ സഹായം നൽകുന്നു.

**ക്യാൻസർ രോഗികൾക്കുള്ള സഹായം:**

ക്യാൻസർ രോഗികളായ 12 ആളുകൾക്ക് ഇപ്പോൾ സഹായം ലഭിക്കുന്നു.

**തൊഴിലില്ലായ്മ വേതനം:**

തൊഴിൽ രഹിതരായ യുവതീ—യുവാക്കൾക്ക് ഗവൺമെൻറ് നൽകുന്ന സാമ്പത്തിക സഹായം ഇപ്പോൾ 815 പേർക്ക് ലഭിക്കുന്നു.

**വിവിധ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമസഭാ നിർദ്ദേശങ്ങൾ:**

1. വിവിധ പെൻഷൻ പദ്ധതികളുടെ നല്ലരീതിയിലുള്ള നടത്തിപ്പിന് ക്ഷേമവിഭാഗം—ഉദ്യോഗസ്ഥർ പഞ്ചായത്ത് ഓഫീസ് കേന്ദ്രമാക്കി പ്രവർത്തിക്കണം.
2. നിലവിലുള്ള ക്ഷേമ ആശ്വാസ സഹായതുക ആനുകാലികമായി പുതുക്കി നിശ്ചയിക്കുക.
3. തൊഴിലില്ലായ്മ വേതന വിതരണം സംബന്ധിച്ച് കാലാകാലങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൃത്യമായ അന്വേഷണം നടത്തി ലിസ്റ്റ് പുനഃനിർണ്ണയം ചെയ്യേണ്ടതാണ്.
4. രോഗികൾക്ക് ആശ്വാസം നടപടികളിലെ കാലതാമസം ഒഴിവാക്കുക. കാലതാമസം—ശരിയായ രീതിയിലുള്ള സഹായത്തിന് തടസ്സമാകും.
5. 60 വയസ്സിൽ കൂടുതൽ പ്രായമുള്ള സ്ത്രീ പുരുഷൻമാരുടെ ലിസ്റ്റ് പഞ്ചായത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കണം. ക്ഷേമ—ആശ്വാസ പദ്ധതി വിതരണം കാലാകാലങ്ങളിൽ വികസനസമിതി വിലയിരുത്തുക.

പ്രത്യേക ജീവിതസാഹചര്യങ്ങളിൽ, പലതരം മാറാരോഗങ്ങൾ ബാധിച്ചും, നിരവധി ആളുകൾ നിസ്സഹായരായി നമ്മുടെ സമൂഹത്തിൽ ജീവിക്കുന്നു. സ്വന്തക്കാരും ബന്ധുക്കളും ഉണ്ടെങ്കിലും ഭിക്ഷക്കാരേക്കാൾ കഷ്ടമായി ജീവിക്കുന്നവരാണ് അധികവും. അവരുടെ കണ്ണുനീർ തുടയ്ക്കുന്നതിനും അൽപം ആശ്വാസം പകരുന്നതിനുമാണ് വികലാംഗ പെൻഷൻ, വിധവ പെൻഷൻ, ക്യാൻസർ രോഗികൾക്കുള്ള സഹായം, മാറാരോഗ ബാധിതർക്കുള്ള ധനസഹായ പദ്ധതി, തുടങ്ങിയ സാമൂഹ്യ സുരക്ഷിത പെൻഷനുകൾ നടപ്പിലായിട്ടുള്ളത്. വാർദ്ധക്യകാല സഹായം, ക്ഷയരോഗികൾക്കുള്ള സാമ്പത്തിക സഹായം

കുഷ്ഠരോഗികൾക്കുള്ള സാമ്പത്തിക സഹായം ഇവ വളരെയേറെ പ്രാധാന്യം നൽകി യഥാർത്ഥത്തിൽ സഹായം ലഭിക്കേണ്ടവരെ കണ്ടെത്തി ജീവിതത്തിന്റെ അവസാന നാളുകളിൽ അവരെ സഹായിക്കേണ്ടത് മാനുഷികധർമ്മമായി കാണുക. ഇതിനായി "നിസ്സഹായരായിട്ടുള്ളവർക്ക് ആശ്വാസം" എന്ന പദ്ധതി പഞ്ചായത്ത് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് ആലോചിക്കേണ്ടതാണ്.

എം.പി.യുടെ പ്രത്യേക ചികിത്സാഫണ്ട് രീതിയിൽ എം.എൽ.എ, ജില്ലാ പഞ്ചായത്ത് അംഗം, ബ്ലോക്ക് പഞ്ചായത്ത് അംഗം, ഗ്രാമ പഞ്ചായത്ത് അംഗം എന്നിവർക്കും രോഗികളും അർഹരായ നിസ്സഹായരായവർക്കും" സഹായം പദ്ധതി നടപ്പിൽ വരണം.

പഞ്ചായത്ത് തലത്തിൽ ക്ഷേമപ്രവർത്തനങ്ങൾക്ക് പ്രത്യേക സമിതി രൂപംകൊള്ളണം. സാമൂഹിക—സാംസ്ക്കാരിക രംഗവുമായി ബന്ധപ്പെട്ട വിവിധ സമിതികൾ ഉൾക്കൊള്ളുന്ന ക്ഷേമ സംഘടന നിലവിൽ വരണം.

## അംഗൻവാടി, ബാലവാടി

സാമൂഹ്യക്ഷേമപരിപാടിയനുസരിച്ച് കുട്ടികളുടേയും, അമ്മമാരുടേയും ക്ഷേമത്തെ മുൻനിർത്തി പ്രവർത്തിക്കുന്ന അംഗൻവാടികൾ പഞ്ചായത്തിലില്ല. മുഖത്തല ബ്ലോക്ക് അംഗൻവാടി ബ്ലോക്കായി പ്രഖ്യാപിച്ച് അംഗൻവാടികൾ സ്ഥാപിച്ച് പുരോഗതിക്ക് സഹായകരമാക്കേണ്ടതാണ്.

നിലവിൽ പഞ്ചായത്തിലെ 15 വാർഡുകളിലായി 2 ബാലവാടികൾ മാത്രമാണുള്ളത്. കർഷകത്തൊഴിലാളി സ്ത്രീകളും കശുവണ്ടി തൊഴിലാളി സ്ത്രീകളും ധാരാളമായി വസിക്കുന്ന ഈ പഞ്ചായത്തിൽ കൂടുതൽ ബാലവാടികളും അംഗൻവാടികളും സ്ഥാപിക്കേണ്ടത് ഏറ്റവും ഗൗരവമേറിയ ആവശ്യങ്ങളിൽ ഒന്നാണ്. സൗജന്യമായി ലഭിക്കുന്ന പരിചരണവും പോഷകാഹാരവും ഔഷധങ്ങളും ഒരു പരിധിവരെ സാധുക്കൾക്ക് സഹായകരമാകുന്നതാണ്. ബാലവാടി—അംഗൻവാടി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങളും കുറവാണ്.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ 2—ാം വാർഡിൽ ചിറയിൻകുളത്തിനോട് ചേർന്നുള്ള 20 സെന്റ് തരിശായ പഞ്ചായത്ത് ഭൂമിയിൽ പഞ്ചായത്ത് മുൻകൈയെടുത്ത് കെട്ടിടം നിർമ്മിച്ച് ബാലവാടി—അംഗൻവാടി ആരംഭിക്കണം.
2. നിലവിലുള്ള ബാലവാടികളുടെ ശോചനീയാവസ്ഥ മാറ്റുന്നതിന് പഞ്ചായത്ത്തലത്തിൽ സംരക്ഷണ സമിതി പ്രവർത്തിക്കണം.
3. ബാലവാടി പ്രവർത്തന ബോധവൽക്കരണം വാർഡുതലങ്ങളിൽ നടത്തുക.
4. ബാലവാടി അദ്ധ്യാപികമാരുടെ ന്യായമായ ആവശ്യങ്ങൾക്ക് മാന്യമായ പരിഹാരമാർഗ്ഗങ്ങൾ കൂട്ടായ ചർച്ചയിലൂടെ നടപ്പാക്കണം.
5. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി, ഫർണിച്ചർ വിതരണം, പഠനോപകരണ വിതരണം ഇവ കൃത്യമായി നടത്തുക.
6. പഞ്ചായത്തിൽ ബാലവാടി വഴി പോഷകാഹാരം ലഭിക്കുന്നവരുടെ എണ്ണം 780 മാത്രമാണ്. കൂടുതൽ കുട്ടികൾക്ക് ലഭിക്കുന്ന തരത്തിൽ പ്രവർത്തനം പുനരുദ്ധരിക്കണം.
7. കൂടുതൽ വാർഡുകളിൽ ബാലവാടികൾ ആരംഭിക്കുന്നതിന് മഹിളാ സമാജങ്ങൾ മുൻകൈയെടുക്കുക.

## സാമൂഹ്യവനവൽക്കരണം

1992 മുതൽ 1995 കാലയളവിൽ സാമൂഹ്യവനവൽക്കരണ പദ്ധതിപ്രകാരം വടക്കേവിള പഞ്ചായത്തിൽ ഫലവൃക്ഷ തൈകൾ ഉൽപാദിപ്പിച്ചിട്ടില്ല. മറ്റുസ്ഥലങ്ങളിൽ ഉൽപാദിപ്പിച്ചിട്ടുള്ള പലയിനം തൈകൾ വിതരണം ചെയ്തിട്ടുണ്ട്. 1994—95 കാലയളവിൽ വിതരണം നടന്നിട്ടില്ല.

| വർഷം | വിതരണം നടത്തിയ തൈകളുടെ ആകെ എണ്ണം |
|---|---|
| 1991 | 50 |
| 1992 | 79 |
| 1993 | 237 |
| 1994 | — |
| 1995 | — |

ഫലപ്രദമായ രീതിയിൽ സാമൂഹ്യവനവൽക്കരണം നടപ്പിലാക്കുന്നതിന് വനം—പഞ്ചായത്ത് ഉദ്യോഗസ്ഥരുടേയും പൊതുജനങ്ങളുടേയും സംയുക്ത സമിതി രൂപീകരിച്ച് പ്രവർത്തിക്കണം.

## കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

ആരോഗ്യമേഖലയിലേയും ശുചിത്വ സംബന്ധമായ കാര്യങ്ങളുടേയും പ്രാധാന്യം കണക്കിലെടുത്ത് ഓരോ വീടിനും കക്കൂസ് ഉണ്ടായിരിക്കണം. നമ്മുടെ പഞ്ചായത്തിൽ കക്കൂസില്ലാത്ത ധാരാളം വീടുകളുണ്ട്. കഴിഞ്ഞ കാലങ്ങളിലെ ആരോഗ്യപഠന റിപ്പോർട്ടുകൾ വിശകലനം ചെയ്യുമ്പോൾ നിർബന്ധമായും ഒരു വീടിന് ഒരു കക്കൂസ് എന്ന പ്രസക്തി വ്യക്തമാകും.

കഴിഞ്ഞ കാലങ്ങളിൽ JRY, ലോകബാങ്ക് പദ്ധതി, Untied Fund വിനിയോഗത്തിലൂടെ കുടുംബാംഗങ്ങൾക്ക് ഒരു കക്കൂസ് എന്ന നിലയിൽ നൽകിയിട്ടുണ്ട്. എങ്കിലും "എല്ലാ വീടിനും കക്കൂസ്" എന്നത് നടപ്പിലായിട്ടില്ല.

മുഖത്തല ബ്ലോക്ക് ഓഫീസ് മുഖേന വടക്കേവിള പഞ്ചായത്തിൽ അനുവദിച്ചിട്ടുള്ളത് 92 മുതൽ 96 വരെ ആകെ 58 കക്കൂസുകളാണ്.

ലോകബാങ്ക് സഹായ പദ്ധതി പ്രകാരം 92 മുതൽ 95 വരെ ഏകദേശം 500 കക്കൂസുകൾ സ്ഥാപിച്ചിട്ടുണ്ട്. JRY, Untied Fund മുഖേനയും കക്കൂസുകൾ സ്ഥാപിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ ഇന്നത്തെ ആരോഗ്യ—ശുചിത്വ മേഖലയിലെ പ്രശ്നങ്ങൾ കണക്കിലെടുത്ത് കക്കൂസ് ഇല്ലാത്ത എല്ലാ വീടിനും കക്കൂസ് എന്ന പദ്ധതിയ്ക്ക് വികസന സമിതി രൂപം നൽകേണ്ടതാണ്.

## പൊതുവിതരണം

പഞ്ചായത്തിലാകെ 13 റേഷൻകടകൾ പ്രവർത്തിക്കുന്നു. ഇതിൽ 6487 കാർഡുകളുണ്ട്. ജനസംഖ്യയിൽ

ഏറിയപങ്കും സാധാരണ വിഭാഗവും തൊഴിലാളികളും ആയതിനാൽ പൊതുവിതരണ മേഖലയാണ് മുഖ്യ ആശ്രയം. പഞ്ചായത്തിലെ പൊതുവിതരണ സമ്പ്രദായം പൂർണ്ണമായും ഫലപ്രദമല്ലെങ്കിലും ജനങ്ങൾക്ക് ഒരു പരിധി വരെ ആശ്വാസം നൽകുന്നു. പൊതുവിതരണരംഗത്ത് ഒരു മാവേലി സ്റ്റോർ ആണ് പഞ്ചായത്തിലുള്ളത്.

സഹകരണ ബാങ്കുൾ ഓണക്കാലത്ത് നടത്തുന്ന ഓണചന്തകൾ ജനങ്ങൾക്ക് ആശ്വാസമേകുന്നതാണ്. ടൗണിനോട് അടുത്ത പഞ്ചായത്ത് ആയതിനാൽ കൂടുതൽ ആളുകളും പച്ചക്കറി, പലചരക്ക് സാധനങ്ങൾ കൂടുതൽ വാങ്ങേണ്ടി വരുമ്പോൾ ടൗണിലേയ്ക്ക് പോകുന്നു.

വെളിച്ചത്തിന് മണ്ണെണ്ണ വിളക്കിനെ ആശ്രയിക്കുന്ന ധാരാളം വീടുകൾ ഉള്ളതിനാൽ മണ്ണെണ്ണയുടെ ഉപയോഗം വളരെക്കൂടുതലാണ്. പാചക ആവശ്യത്തിന് ഗ്യാസ് ഉപയോഗിക്കുന്നവരുടെ എണ്ണം കുറവാണ്.

എല്ലാ വിഭാഗം ജനങ്ങൾക്കും ഉപകാരപ്രദമായ രീതിയിൽ പൊതുവിതരണ സമ്പ്രദായം ശക്തമാക്കുന്നതിന് ഗ്രാമസഭാ നിർദ്ദേശങ്ങൾ:

1. റേഷൻകടകൾവഴി ഗുണനിലവാരമുള്ള ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുക.
2. പാചകാവശ്യത്തിന് മണ്ണെണ്ണ 15 ലിറ്റർ പെർമിറ്റ് നൽകുന്നതിനുള്ള നിശ്ചിത വരുമാന പരിധിയിൽ പരമാവധി ഇളവ് വരുത്തുക.
3. വൈദ്യുതീകരിച്ച വീടുകൾക്ക് 5 ലിറ്ററും വൈദ്യുതീകരിക്കാത്ത വീടുകൾക്ക് കുറഞ്ഞത് 10 ലിറ്റർ വീതവും മണ്ണെണ്ണ നൽകണം.
4. പഞ്ചായത്ത് കേന്ദ്രമാക്കി ധാന്യപ്പൊടികളും കറി പൗഡറുകളും ഉണ്ടാക്കി വിൽക്കുന്ന സഹകരണ സ്റ്റോറുകൾ ആരംഭിക്കുക.
5. ഉപഭോക്തൃഫോറം പ്രവർത്തനം ശക്തമാക്കുക.
6. ഹോട്ടലുകൾ, പലചരക്കുകടകൾ, മലക്കറിക്കടകൾ തുടങ്ങിയ വിപണന കേന്ദ്രങ്ങളിലെല്ലാം വിലവിവര പട്ടിക എഴുതി പ്രദർശിപ്പിക്കുന്നതിന് പഞ്ചായത്ത് വികസന സമിതി ശക്തമായ നടപടി സ്വീകരിക്കണം.
7. പച്ചരി, പഞ്ചസാര, ഗോതമ്പ് കൂടുതലായി പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾക്ക് അനുവദിക്കണം.
8. അളവും തൂക്കവും സംബന്ധിച്ച കുറ്റങ്ങൾക്കെതിരെ ഉപഭോക്തൃ സമിതിവഴി ശക്തമായ ബോധവൽക്കരണം സംഘടിപ്പിക്കുക.
9. റേഷൻകടകൾ പരിശോധിക്കുന്നതിനും ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിനും അവശ്യസാധനങ്ങൾ പൂഴ്ത്തിവയ്ക്കുന്നതിനെതിരെയും ഉപഭോക്തൃസമിതിവഴി നടപടി ഉണ്ടാകണം.
10. റേഷൻകടകളിലൂടെ നിത്യോപയോഗ പലചരക്ക് സാധനങ്ങൾ ന്യായവിലയ്ക്ക് വിതരണം ചെയ്യണം.
11. ജനകീയാസൂത്രണ പദ്ധതിപ്രകാരം ആരംഭിക്കുന്ന പച്ചക്കറിത്തോട്ടങ്ങളിലൂടെയും സമഗ്രകൃഷി പരിപാടിയിലൂടെയും ഉൽപാദിപ്പിക്കുന്ന പച്ചക്കറി, പഴവർഗ്ഗങ്ങൾ, മുട്ട ഇവ സംഭരിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള കേന്ദ്രങ്ങൾ പഞ്ചായത്തിൽ കുറഞ്ഞത് 3 മേഖലകളിൽ ഒന്നുവീതം ആരംഭിക്കണം.
12. പഞ്ചായത്തിൽ നിലവിലുള്ള മാവേലി സ്റ്റോറിൽ ആവശ്യാനുസരണം എല്ലാവിധ നിത്യോപയോഗ പലചരക്ക് സാധനങ്ങളും കൃത്യമായി സ്റ്റോക്ക് ചെയ്ത് വിതരണം ചെയ്യേണ്ടതാണ്.
13. പുന്തലത്താഴം കേന്ദ്രമാക്കി ഒരു പോസ്റ്റാഫീസ് സ്ഥാപിക്കുക.
14. വടക്കേവിള പോസ്റ്റ്ഓഫീസ് വടക്കേവിളയിൽ സൗകര്യപ്രദമായ സ്ഥലത്ത് മാറ്റി സ്ഥാപിക്കുക.
15. പഞ്ചായത്തിൽ ഒരു പോലീസ് ഔട്ട്പോസ്റ്റ് സ്ഥാപിക്കണം.

# സഹകരണ സംഘം

ഇൻഡ്യയിൽ ഏറ്റവും കൂടുതൽ സഹകരണ സംഘങ്ങൾ ഉള്ളത് കേരളത്തിലാണ്. ഏകദേശം 14000ത്തോളം സഹകരണ സംഘങ്ങൾ വിവിധ തുറകളിലായി രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്നു. സഹകരണം ഏതുവിധത്തിലുമുള്ള ചൂഷണത്തെയും ഇല്ലാതാക്കുന്നു. ഉള്ളവരും ഇല്ലാത്തവരുമായുള്ള മത്സരം ഒഴിവാക്കുന്നു. എല്ലാവർക്കും തുല്യപരിഗണന കിട്ടുന്നു. സഹകരണസംഘം വ്യക്തികൾ തമ്മിലുള്ള ഒത്തു ചേരലാണ്. പരസ്പരസഹായത്തിലൂടെ സ്വാശ്രയത്വം നേടാൻ സമൂഹത്തിലെ ദുർബലർ ഒന്നിച്ചു ചേർന്ന് രൂപീകരിച്ച സംഘങ്ങളുടെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് നാം ആത്മപരിശോധന നടത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ ഗുണഭോക്താക്കൾക്കുവേണ്ടി 3 സർവ്വീസ് സഹകരണ ബാങ്കുകൾ പ്രവർത്തിച്ചുവരുന്നു. 1961ൽ ആരംഭിച്ച വടക്കേവിള സർവ്വീസ് സഹകരണ ബാങ്കും, കൊല്ലൂർവിള സർവ്വീസ് സഹകരണ ബാങ്കും, 1993—ൽ പ്രവർത്തനമാരംഭിച്ച പട്ടത്താനം സർവ്വീസ് സഹകരണ ബാങ്കുമാണവ. കൂടാതെ വടക്കേവിള കൈത്തറി നെയ്ത്ത് വ്യവസായ സഹകരണ സംഘം, മുള്ളുവിള ഹാൻറ്ലൂം വീവേഴ്സ് (വർക്ക്ഷോപ്പ് ഇൻഡസ്ട്രിയൽ സഹകരണ സംഘം, വടക്കേവിള ഹരിജൻ സർവ്വീസ് സഹകരണ സംഘം, വടക്കേവിള വനിതാസഹകരണ സംഘം, പ്രിയദർശിനി ആട്ടോ റിക്ഷാ തൊഴിലാളി സഹകരണസംഘം, പുളിയത്തുമുക്ക് ക്ഷീരവ്യവസായ സഹകരണ സംഘം, വടക്കേവിള ക്ഷീരോൽപാദക സഹകരണ സംഘം (അപ്കോസ്), പുന്തലത്താഴം ക്ഷീരോൽപാദക സഹകരണ സംഘം (അപ്കോസ്) എന്നിവ പ്രവർത്തിച്ചുവരുന്നു.

| പേര് | പ്രവർത്തന പരിധി | ആകെ അംഗങ്ങൾ | ഓഹരി മൂലധനം | സർക്കാർ ഓഹരി | പരമാവധി കടം എടുക്കാവുന്ന തുക |
|---|---|---|---|---|---|
| വടക്കേവിള സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ Q 2292 | പാലത്തറ, തട്ടാമല, മണക്കാട്—സി, മുള്ളുവിള, പുന്തലത്താഴം—ഏ, ബി, അയത്തിൽ—ഏ | 4546 | 20 ലക്ഷം രൂപ | 1333827 | 6669135 രൂപ |
| കൊല്ലൂർവിള സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ Q 214 | വടക്കേവിള—ഏ, ബി പട്ടത്താനം—സി, അയത്തിൽ—ബി, സി മണക്കാട്—ഏ, മണക്കാട്—ബി, മണക്കാട്—സിയുടെ ഒരു ഭാഗം | 6442 | 15 ലക്ഷം രൂപ | ഉണ്ട് | 5000000 രൂപ |
| പട്ടത്താനം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ Q. 1145 | പട്ടത്താനം—ഏ, ബി, സി വാർഡും അയത്തിൽ—സി വാർഡിൻെറ പകുതിയും | 575 | 2,40000 രൂപാ | | |

## പഞ്ചായത്തിലെ വിവിധ സഹകരണ സംഘങ്ങൾ വഴി നൽകിയിട്ടുള്ള വായ്പ വിവരങ്ങൾ

| | കാർഷിക വായ്പ | മറ്റ് വായ്പകൾ | | | പ്രത്യേക വായ്പകൾ | |
|---|---|---|---|---|---|---|
| | ലക്ഷം | പട്ടികജാതി TNA | വെള്ളപ്പൊക്കം STNA | MTNA | സ്വർണ്ണ പണയം | ഭവന നിർമ്മാണം |
| കൊല്ലൂർവിള സഹകരണ ബാങ്ക് | 1,64,945 | | 23402 | | 16,88,170 | |
| വടക്കേവിള സർവ്വീസ് സഹകരണ ബാങ്ക് | 1,23,320 | 894946 | 11854 | 1800 | 10,67,136 | 12019 |
| പട്ടത്താനം സർവ്വീസ് സഹകരണ ബാങ്ക് | 1,50,000 | | | | 3,60,000 | |
| വടക്കേവിള പഞ്ചായത്ത് ഹരിജൻ സർവ്വീസ് സഹകരണ സംഘം | | 1,20,000 | | | | |

കൊല്ലം ജില്ലാ സഹകരണ കാർഷിക വികസന ബാങ്കിൽനിന്നും 95—96 കാലയളവിൽ വടക്കേവിള പഞ്ചായത്തിൽ കാർഷികാവശ്യ ത്തിന് അനുവദിച്ച തുക 1,14,000 രൂപ

## ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ

പഞ്ചായത്ത് അതിർത്തി പ്രദേശത്ത് ഉൽപാദിപ്പിക്കുന്ന പാൽ ഇവിടെതന്നെ സംഭരിക്കുന്നതിനും, ജനങ്ങളുടെ ആവശ്യത്തിലേയ്ക്ക് പ്രയോജനപ്പെടുത്തുന്നതിനും വേണ്ടി നിലവിൽ 3 ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു.

ക്ഷീരോൽപാദകർക്ക് ന്യായമായ വില ലഭിക്കുന്നതിനും പശു, ആട്, എരുമ തുടങ്ങിയ പാൽ നൽകുന്ന മൃഗങ്ങളെ പരിപാലിക്കുന്നതിനുള്ള പ്രോത്സാഹനവും സംഘങ്ങൾ വഴി ലഭ്യമാണ്.

കൊല്ലം ടൗണിനോട് ചേർന്ന് ജനസാന്ദ്രത കൂടുതലുള്ള നമ്മുടെ പഞ്ചായത്തിൽ എല്ലാവർക്കും ആവശ്യത്തിനുള്ള പാൽ ലഭ്യമല്ലാത്തതിനാൽ അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽനിന്നാണ് ട്രെയിനിൽ പാൽ എത്തുന്നത്.

പഞ്ചായത്തിലെ ഹോട്ടലുകൾക്കും വീടുകൾക്കും ആവശ്യമായ പാൽ ഇവിടെതന്നെ ഉൽപാദിപ്പിക്കുന്നതിന് സമഗ്രമായ ക്ഷീരവികസന പദ്ധതി നടപ്പാക്കണം.

### സംഘങ്ങൾവഴി സംഭരിച്ച് വിതരണം ചെയ്യുന്ന പാലിന്റെ വിവരം

| സൊസൈറ്റിയുടെ പേര് | മൊത്തം ശേഖരിക്കുന്ന പാൽ | പഞ്ചായത്തിൽ വിൽക്കുന്നത് | പുറത്തേക്ക് കൊടുക്കുന്നത് |
|---|---|---|---|
| പുന്തലത്താഴം | 41950 | 19075 | 22875 |
| പുളിയത്തുമുക്ക് | 19356 | 19356 | — |
| വടക്കേവിള | 51872 | 21652 | 30220 |
| | 1,13,178 | 60083 | 53095 |

പഞ്ചായത്ത് പരിധിയിലുള്ള 2 ഹൈസ്കൂളിലും ഉപഭോക്തൃ സഹകരണ സംഘം പ്രവർത്തിക്കുന്നു.

| സംഘത്തിന്റെ പേര് | പ്രവർത്തന പരിധി | ക്രെഡിറ്റ്/നോൺ ക്രെഡിറ്റ് | പിരിഞ്ഞു കിട്ടിയ മൂലധനം | സർക്കാർ ഓഹരി |
|---|---|---|---|---|
| V.V.H.S CSQ.417 | സ്കൂൾ | ക്രെഡിറ്റ് | 10016 | 10000 |

പഞ്ചായത്തിലെ 8, 9, 10, 11, 12 വാർഡുകളിൽ താമസിക്കുന്ന കൈത്തറി മേഖലയിൽ ജോലി നോക്കുന്ന തൊഴിലാളികളേയും മയ്യനാട്, ഇരവിപുരം പഞ്ചായത്തിലെ കൈത്തറി മേഖലയിലുള്ളവരുടേയും ക്ഷേമം മുൻനിർത്തി 2 സഹകരണ സംഘങ്ങൾ നിലവിൽ പ്രവർത്തിക്കുന്നു.

1. മുള്ളുവിള കൈത്തറി നെയ്ത്ത് വ്യവസായ (വർക്ക്ഷോപ്പ്)
2. വടക്കേവിള കൈത്തറി നെയ്ത്ത് വ്യവസായ (ഉൽപാദക വിക്രയ) സഹകരണ സംഘം

കൈത്തറി മേഖല പൊതുവെ പ്രതിസന്ധിയെ നേരിടുന്ന ഇക്കാലത്ത് മുള്ളുവിള കൈത്തറി സംഘവും കടുത്ത പ്രതിസന്ധിയെ നേരിടുന്നു

## പ്രധാനപ്രശ്നങ്ങൾ

1. രാസപദാർത്ഥങ്ങൾ, ചായങ്ങൾ, നൂല് തുടങ്ങിയ അസംസ്കൃത പദാർത്ഥങ്ങളുടെ വില വർദ്ധനവ്
2. കൂലിചെലവ് വർദ്ധനവ്
3. ഉൽപന്നങ്ങളുടെ വിപണനത്തിലുള്ള മാന്ദ്യം
4. സ്പിന്നിംഗ് മില്ലിൽനിന്നും കടമായി ലഭിക്കുന്ന നൂൽവിലയുടെ പലിശ, ടെക്സ്റ്റൈൽ കോർപ്പറേഷൻ ഈടാക്കുന്ന പലിശ, NHDC ഈടാക്കുന്ന പലിശ.
5. ഗവ. വായ്പകളുടെയും ബാങ്ക് വായ്പകളുടെയും പലിശ വർദ്ധനവ്

## വടക്കേവിള സഹകരണ സംഘം (കൈത്തറി) നേരിടുന്ന പ്രശ്നങ്ങൾ

1. ജൗളി സംഭരണ രംഗത്തുണ്ടായിരിക്കുന്ന കുറവ്
2. സി.സി. ലോണിന് ജില്ലാ ബാങ്ക് ഈടാക്കുന്ന ഭീമമായ പലിശ
3. റിബേറ്റ് ഇപ്പോൾ വളരെ താമസിച്ചാണ് ലഭിക്കുന്നത്. പ്രത്യേക കാലങ്ങളിൽ നടക്കുന്ന വിപണന റിബേറ്റ്— 30 ദിവസത്തിനുള്ളിൽ ലഭിക്കണം.

#### പഞ്ചായത്തിലെ കൈത്തറി വ്യവസായത്തേയും ബന്ധപ്പെട്ട തൊഴിലാളികളേയും സംരക്ഷിക്കുന്നതിന് ഗ്രാമസഭയിൽ ഉയർന്ന നിർദ്ദേശങ്ങൾ:

1. കൈത്തറി തുണി നിർമ്മാണത്തിനാവശ്യമായ രാസപദാർത്ഥങ്ങൾ, ചായങ്ങൾ, നൂല് ഇവ വ്യവസായ കേന്ദ്രംവഴി സബ്സിഡി നിരക്കിൽ നൽകേണ്ടതാണ്.
2. ബാങ്ക് വായ്പാ നിബന്ധനകൾ ഉദാരമാക്കി കൈത്തറി വ്യവസായം സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്യണം.
3. ഉൽപന്നങ്ങളുടെ വിപണന സൗകര്യം—ജില്ലാ വികസന സമിതിയുടെ ആഭിമുഖ്യത്തിൽ സ്ഥിരം വിപണനകേന്ദ്രവും—സഞ്ചരിക്കുന്ന വിപണന സ്റ്റോറും ആരംഭിക്കണം.
4. വിവിധ വായ്പകൾക്ക് ഇന്ന് ഈടാക്കുന്ന ഭീമമായ പലിശയിൽ സാരമായ ഇളവ് അനുവദിക്കണം.
5. 60 വയസ്സിൽ പ്രായമേറിയ എല്ലാ കൈത്തറി തൊഴിലാളികൾക്കും പെൻഷൻ നൽകുന്നതിന് നടപടി ഉണ്ടാകണം.
6. സ്വദേശി—വസ്ത്രധാരണത്തിന് വ്യാപകമായ പ്രചരണം നടത്തണം.
7. കൈത്തറി തൊഴിലാളികളുടെ കുട്ടികൾക്ക് പഞ്ചായത്ത് തലത്തിൽ പത്താംക്ലാസ് പഠനത്തിന് സ്കോളർഷിപ്പ് ഏർപ്പെടുത്തുക.
8. എല്ലാത്തരം പ്രദർശനമേളകളിലും കൈത്തറി സ്റ്റാൾ— വിപണന കേന്ദ്രം നിർബ്ബന്ധമായും സംഘടിപ്പിക്കണം.
10. സഹകരണാടിസ്ഥാനത്തിൽ കൂടുതൽ കൈത്തറി വസ്ത്രനിർമ്മാണ യൂണിറ്റുകൾ ആരംഭിക്കണം.

## ഹരിജൻ സർവ്വീസ് സഹകരണ സംഘം

പഞ്ചായത്തിലെ പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഈ ക്ഷേമം അടിസ്ഥാനമാക്കി രൂപീകരിച്ചിട്ടുള്ള സംഘമാണ്. 1060 അംഗങ്ങളുള്ള സൊസൈറ്റിയുടെ പ്രവർത്തനമൂലധനം 1,20,000 രൂപയാണ്. സർക്കാർ ഓഹരി 25000 രൂപയാണ്. 1983ൽ സംഘം പ്രവർത്തനം ആരംഭിച്ചു നിക്ഷേപരംഗത്ത് കാര്യമായ പ്രവർത്തനം നിലവിലില്ല. വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നതിന് ശരിയായ ബോധവൽക്കരണവും നടത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ പട്ടികജാതി–പട്ടികവർഗ്ഗവിഭാഗത്തിലെ എല്ലാവർക്കും പ്രയോജനകരമായ രീതിയിൽ കൂടുതൽ നിക്ഷേപങ്ങൾ സമാഹരിച്ച് സംഘത്തിന്റെ പ്രവർത്തനം കൂടുതൽ ചിട്ടയായി നടത്തേണ്ടതാണ്.

## പ്രിയദർശിനി ആട്ടോറിക്ഷ തൊഴിലാളി സഹകരണ സംഘം, വടക്കേവിള

ആട്ടോറിക്ഷ ഡ്രൈവിംഗ് ലൈസൻസുള്ള സ്ത്രീ–പുരുഷന്മാർക്ക് (കൊല്ലം താലൂക്ക് പരിധിയിൽ താമസിക്കുന്നവർക്ക്) സ്വന്തമായി റിക്ഷാവാങ്ങുന്നതിന് വായ്പക്കനുവദിക്കുന്നു എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള സംഘമാണ്. 1988ൽ പ്രവർത്തനം ആരംഭിച്ച സംഘത്തിൽ 126 അംഗങ്ങളുണ്ട്. ആകെ ഓഹരിമൂലധനം ഒരു ലക്ഷത്തി അൻപതിനായിരം രൂപയാണ്. നാളിതുവരെ നൂറോളം ആട്ടോറിക്ഷകൾ സംഘംവഴി വായ്പ അനുവദിച്ചു വാങ്ങിയിട്ടുണ്ട്. സംഘത്തിന്റെ സാമ്പത്തിക പരാധീനത പ്രവർത്തനത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്.

കൂടുതൽ ആളുകളെ അംഗങ്ങളാക്കുന്നതിനും, ജില്ലാ സംസ്ഥാന സഹകരണ ബാങ്കുകൾ വഴി കൂടുതൽ തുക പ്രവർത്തന ആവശ്യത്തിലേക്ക് ലഭിക്കുന്നതിനും ആവശ്യമായ നടപടി ഉണ്ടാകണം.

**പഞ്ചായത്തിലെ സഹകരണ മേഖല ശക്തമല്ലാത്തതിനാൽ സഹകരണ മേഖല ശക്തമാക്കുന്നതിനും അതുവഴി പഞ്ചായത്തിന്റെ വിഭവസമാഹരണത്തിന് വഴിയൊരുക്കുന്നതിനും ഗ്രാമസഭയിൽ ഉയർന്ന നിർദ്ദേശങ്ങൾ:**

1. ഓരോ വാർഡിലും സഹകരണാടിസ്ഥാനത്തിൽ ഏതെങ്കിലും (പ്രദേശത്തിന്റെ പ്രത്യേകത കണക്കിലെടുത്ത്) ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കുക.
2. സഹകരണ മേഖലയിൽ അയത്തിൽ, പുന്തലത്താഴം, കേന്ദ്രമാക്കി സഹകരണ ബാങ്കുകൾ ആരംഭിക്കുക. ഇതിന് സഹകരണ വകുപ്പിന്റേയും ബന്ധപ്പെട്ട മറ്റുവകുപ്പുകളുടേയും ഉദ്യോഗസ്ഥരുടെ സഹകരണ ആവശ്യമാണ്.
3. സഹകരണ ബാങ്കിലെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും, അതിലൂടെ പഞ്ചായത്തിന്റെ സമഗ്രപുരോഗതിയിൽ എല്ലാവരേയും പങ്കാളിയാക്കുന്നതിനുള്ള തീവ്രശ്രമം വികസനസമിതി മുഖേന ഉണ്ടാകണം.
4. വനിതകൾക്കും, പട്ടികജാതി–വർഗ്ഗവിഭാഗത്തിലുള്ളവരെ സഹകരണ മേഖലയിൽ ആകർഷിക്കുന്നതിന് ബാങ്കുകളും, വിവിധ വ്യവസായ യൂണിറ്റുകളും ആരംഭിക്കുന്നതിന് വികസന സമിതിയിൽ മുൻഗണന ഉണ്ടാകണം.
5. സഹകരണ മേഖലയെ കൂടുതൽ പുഷ്ടിപ്പെടുത്തുന്നതിന് കഴിയുംവിധം പഞ്ചായത്തിൽ കുറഞ്ഞത് 15 കേന്ദ്രങ്ങളിലും സോപ്പ്, തീപ്പെട്ടി, കുടനിർമ്മാണം, കറിപൗഡർ നിർമ്മാണം തുടങ്ങിയ ധാരാളം വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് വികസന സമിതിവഴി തീരുമാനം ഉണ്ടാകണം.
6. സഹകരണ മേഖലയിൽ എൻജിനീയറിംഗ് വർക്ക് ഷോപ്പ്, മോട്ടോർ ആട്ടോ വർക്ക്ഷോപ്പ്, പ്രിൻറിംഗ് പ്രസ് ഇവ ആരംഭിക്കണം.
7. ആകെയുള്ള സഹകരണ ബാങ്കുകളിലും സ്ഥിരമായ പലചരക്കു പച്ചക്കറി വിപണന കേന്ദ്രം ആരംഭിക്കണം.
8. പഞ്ചായത്തിന്റെ കിഴക്ക്–പടിഞ്ഞാറ് മേഖലകളെ കേന്ദ്രമാക്കി കൺസ്യൂമർ സഹകരണ സംഘം രൂപീകരിക്കണം.

# വനിതാക്ഷേമം

പഞ്ചായത്തിലെ സ്ത്രീകളുടെ സാമൂഹ്യപദവി പൊതുവേ പരിശോധിച്ചാൽ വളരെ താഴെയാണെന്നു പറയാനാവില്ല. പട്ടണ പ്രദേശങ്ങളോടു ചേർന്നു കിടക്കുന്ന പഞ്ചായത്തിൻെറ പടിഞ്ഞാറൻ മേഖലയിലെ സ്ത്രീകളുടെ സ്ഥിതി താരതമ്യേന ഉയർന്നതാണ്. പക്ഷേ കിഴക്കൻ മേഖലയിലെ സ്ത്രീകൾ പ്രധാനമായും കശുവണ്ടി മേഖലയിലാണ് ജോലി ചെയ്യുന്നത്. കശുവണ്ടിരംഗത്തെ ദുഃസ്ഥിതിയും മറ്റു തൊഴിൽ സാദ്ധ്യതകൾ ലഭ്യമല്ലാത്തതും, ഈ മേഖലയിലെ സ്ത്രീകളുടെ സാമൂഹ്യസാമ്പത്തികസ്ഥിതിയെ വളരെയധികം പ്രതികൂലമായി ബാധിക്കുന്നു. വിദ്യാഭ്യാസപരമായി സ്ത്രീകൾ മുൻകാലങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട അവസ്ഥയിലാണെങ്കിലും, അവരുടെ തൊഴിൽ ലഭ്യത ആനുപാതികമായി താഴ്ന്ന നിലയിലാണ്. അതിനാൽ തൊഴിൽ രഹിതരുടെ ഇടയിൽ വനിതകളുടെ സ്ഥാനം വളരെ ഉയർന്നതാണ്. മദ്യപാനദുരന്തത്തിൻെറ അനന്തരഫലങ്ങൾ ഏറിയപങ്കും അനുഭവിക്കേണ്ടി വരുന്നതും സ്ത്രീകളാണ്. വിലക്കയറ്റത്തിൻെറ ഭീഷണിയും കൂടുതൽ അലട്ടുന്നത് സ്ത്രീകളെയാണ്. പഞ്ചായത്തു പ്രദേശത്ത് സ്ത്രീകളുടെ നേർക്കുള്ള അതിക്രമങ്ങൾ പ്രായേണ കുറവാണെങ്കിലും സ്ത്രീധനപീഡനങ്ങൾക്കു വിധേയരാകുന്ന സ്ത്രീകൾ ഇല്ലെന്നു പറഞ്ഞുകൂടാ.

ഇവിടെ ആകെ ജനസംഖ്യ 50165—ഉം അതിൽ സ്ത്രീകളുടെ എണ്ണം 25267—മാണ്. ഇതിൽ നിന്ന് സംസ്ഥാനത്തിൻെറ പൊതുസ്ഥിതിയ്ക്കനുസരിച്ചുതന്നെ പുരുഷന്മാരെക്കാൾ സ്ത്രീകൾ കൂടുതലാണെന്ന് കാണാം. എങ്കിലും സാമൂഹ്യ രാഷ്ട്രീയരംഗത്തെ സ്ത്രീകളുടെ പങ്കാളിത്തം വളരെ താഴെയാണ്. മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങൾ എല്ലാ പ്രദേശങ്ങളിലും ലഭ്യമല്ല. പ്രവർത്തനങ്ങളുള്ള മേഖലകളിൽപ്പോലും സാമൂഹ്യപ്രശ്നങ്ങളിൽ സജീവമായി ഇടപെടുന്നതിന് മഹിളാപ്രസ്ഥാനങ്ങൾക്ക് കാര്യമായി കഴിയുന്നില്ല. ഈ പഞ്ചായത്തിൽ സാമാന്യം തൃപ്തികരമായി പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾ ഉണ്ടെങ്കിലും അവിടങ്ങളിലെ സ്ത്രീകളുടെ പങ്കാളിത്തം ഏതാണ്ട് ശൂന്യമാണ്. ബോധപൂർവ്വമായ പരിശ്രമത്തിലൂടെ മാത്രമേ അർഹിക്കുന്ന രീതിയിൽ ഒരു സാമൂഹ്യശക്തിയായി സ്ത്രീകളെ മാറ്റിയെടുക്കാൻ സാധിക്കുകയുള്ളു.

## പ്രശ്നങ്ങൾ

1. സ്ത്രീകൾ താരതമ്യേന തൊഴിൽ രഹിതരാണ്.
2. കുടുംബവരുമാനത്തിലുള്ള കുറവും, വിലക്കയറ്റവും വലിയ പ്രശ്നങ്ങളാണ്.
3. തൊഴിൽരംഗത്തെ വേതനനിരക്കിലുള്ള വ്യത്യാസം സ്ത്രീകളെ അലട്ടുന്ന പ്രശ്നമാണ്.
4. സ്ത്രീധനംമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ വലുതാണ്.
5. പെൺകുഞ്ഞുങ്ങളോടുള്ള അവഗണന ഇന്നും സമൂഹത്തിലെ ഒരു പ്രവണതയായി നിലനിൽക്കുന്നു.
6. അനാചാരങ്ങൾക്ക് വിധേയരാകുന്നവർ അധികവും വനിതകളാണ്.
7. ആരോഗ്യപ്രശ്നങ്ങൾ താരതമ്യേന സ്ത്രീകളെയാണ് കൂടുതൽ ബാധിക്കുന്നത്.

## നിർദ്ദേശങ്ങൾ

1. വനിതകളുടെ തൊഴിൽ സംരംഭങ്ങൾ മെച്ചപ്പെടുത്തുന്നതിന് വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിക്കണം.
2. സാമൂഹ്യസേവന രംഗത്ത് കരുത്താർജ്ജിക്കുന്നതിന് സ്ത്രീകളെ സജ്ജരാക്കുന്നതിനുള്ള സ്ഥിരം സംവിധാനങ്ങൾ ഉണ്ടാക്കുക.
3. അദ്ധ്വാനത്തിന് ആനുപാതികമായ വേതനം സ്ത്രീ തൊഴിലാളികൾക്ക് നേടിയെടുക്കുന്നതിന് വേണ്ടിയുള്ള സമഗ്ര നിയമനിർമ്മാണത്തിനായി ശക്തമായി ബഹുജന ഇടപെടലുകൾ വളർത്തിയെടുക്കുക.
4. ചുറ്റുപാടുകളിൽനിന്ന് സ്ത്രീകൾക്ക് അനുഭവിക്കേണ്ടി വരുന്ന പീഡനങ്ങൾക്കറുതി വരുത്തുവാൻ വനിതാ സെല്ലുകളുടെ പ്രവർത്തനം താഴെത്തലത്തിൽവരെ എത്തിക്കുക.
5. സ്ത്രീകളുടെ നഗ്നത പ്രദർശിപ്പിക്കുന്ന പോസ്റ്ററുകളുടേയും, സിനിമകളുടേയും നിർമ്മാണവും വിതരണവും കർശനമായി നിരോധിക്കുക.
6. 'മദ്യനിരോധനം' പഞ്ചായത്തിലെ എല്ലാ വാർഡുകളിൽ നിന്നുംവന്ന നിർദ്ദേശങ്ങളിൽ പ്രധാനമായ ഒന്നാണ്. അത് പ്രാവർത്തികതലത്തിൽ എത്തിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
7. ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ശേഷമുള്ള പെൺകുട്ടികളുടെ കൊഴിഞ്ഞുപോകൽ തടയാൻ ആവശ്യമായ ബോധവല്ക്കരണവും, സാമൂഹിക അവബോധവും വളർത്തിയെടുക്കുക.
8. ക്ഷീരസംഘങ്ങൾ, പൗൾട്രിഫാം, സോപ്പ്, ചന്ദനത്തിരി, മെഴുകുതിരി എന്നീ യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം അനുവദിക്കുക.
9. വനിതാവികസന കോർപ്പറേഷൻെറ ഒരു ഉദ്യോഗസ്ഥൻ പഞ്ചായത്ത് കേന്ദ്രമാക്കി പ്രവർത്തിക്കണം.
10. പഞ്ചായത്തു തലത്തിൽ ഒരു വൃദ്ധസദനും സ്ഥാപിച്ചു പ്രവർത്തിപ്പിക്കുക.
11. തൊഴിൽ രഹിതരായ സ്ത്രീകൾക്ക് പെൻഷൻ പദ്ധതി ആവിഷ്ക്കരിക്കുക.

ഇപ്പോൾ പ്രവർത്തിച്ചു വരുന്ന ചില DWCRA യൂണിറ്റുകളാണ്. പള്ളിമുക്കിലെ ഉഷസ് മഹിളാ സംഘം, സ്റ്റാർ കാഷ്യൂ ഗ്രേഡിംഗ് യൂണിറ്റ്, അയത്തിൽ ഇതിനു പുറമേ പ്രിയമഹിളസമാജം, അനാർഘലി മഹിളാസംഘം, അയത്തിൽ ജ്യോതി, കസ്തൂർബാ, മുള്ളുവിള നവജീവൻ, പാലത്തറ മഹിളാ സമാജം, കൂനമ്പായിക്കുളം വനിതാ സമാജം തുടങ്ങിയവ.

# പട്ടികജാതി—പട്ടികവർഗ്ഗക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 8.37 ശതമാനം പട്ടികജാതി വിഭാഗമാണ്. 652 കുടുംബങ്ങളിലായി 4607 പട്ടികജാതിക്കാർ വടക്കേവിള പഞ്ചായത്തിൽ അധിവസിക്കുന്നു. ആറ് അംഗീകൃത കോളനികൾ നിലവിലുണ്ട്. ഇതിൽ പുന്തലത്താഴം ജയന്തികോളനി, അയത്തിൽ പ്രിയദർശനി കോളനി എന്നിവ I.H.D.P. വിഭാഗത്തിൽപെട്ടതാണ്. അയത്തിൽ കാവുങ്ങൽ കോളനി, തട്ടാമല ന്യൂ കോളനി, പട്ടത്താനം 'ഏ' വാർഡിലെ കുന്നത്തുകോളനി, പട്ടത്താനം കൊച്ചമ്മൻനട കോളനി എന്നിവയാണ് മറ്റ് അംഗീകൃതകോളനികൾ. വിദ്യാഭ്യാസ സാമൂഹ്യ മേഖലയിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തികരംഗത്ത് വളരെ പിന്നിലാണ്. ഭൂരിപക്ഷം ആളുകളും ദാരിദ്ര്യരേഖക്കു താഴെയാണ്. സാമൂഹ്യ സാമ്പത്തിക രംഗത്ത് നിരവധി കാലം ചൂഷണത്തിനുവിധേയമായിരുന്ന പട്ടികജാതി വിഭാഗത്തിന് കുടികിടപ്പുകിട്ടിയ 10 സെന്റ് ഭൂമിയാണ് ഭൂസ്വത്തായിട്ടുള്ളത്. സാമൂഹ്യചടങ്ങുകളിലും, എല്ലാ ജാതിമത ചടങ്ങുകളിലും, വിവാഹചടങ്ങുകളിലും മറ്റു പരിപാടികളിലും ഉച്ചനീചത്വങ്ങളില്ലാത്ത വ്യവസ്ഥിതിയാണ് നിലവിലുള്ളത്.

ഈ വിഭാഗത്തിന്റെ ഉന്നമനത്തിനുവേണ്ടി സർക്കാർ നടപ്പാക്കി വരുന്ന പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര ബോധവാൻമാരല്ലാത്തതുകൊണ്ട് അവർക്കു ലഭിക്കേണ്ട ആനുകൂല്യങ്ങൾ മറ്റു വിഭാഗക്കാർ തട്ടി എടുക്കുന്നു. ഇതിനു പരിഹാരമായി പട്ടികജാതി പട്ടികവർഗ്ഗക്ഷേമ പദ്ധതികളെപ്പറ്റി ബോധവൽക്കരണം ആവശ്യമാണ്. പഞ്ചായത്തിൽ ഒരു ഹരിജൻ സൊസൈറ്റി രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തി വരുന്നു.

## നടപ്പു പദ്ധതികൾ

1. ഭൂരഹിത ഭവനരഹിത പട്ടികജാതിക്കാരുടെ പുനരധിവാസ പദ്ധതി.
2. ഭവന നിർമ്മാണ ധനസഹായം
3. പാർപ്പിട സൗകര്യം മെച്ചപ്പെടുത്തൽ
4. കിണറുകളും ശുദ്ധജല വിതരണവും
5. വിവാഹവും, ചികിത്സാ ധനസഹായവും
6. ഓലമേച്ചിൽ, ഓടുമേച്ചിൽ ധനസഹായം
7. മിശ്രവിവാഹ ധനസഹായം
8. പലിശ രഹിത ഭവന നിർമ്മാണവായ്പാ പദ്ധതി
9. പലിശ രഹിത വ്യവസായ വായ്പ
10. അഡ്വക്കേറ്റ് ലോൺ/ഗ്രാന്റ്
11. തീവ്രസങ്കേത വികസനം
12. വിദ്യാഭ്യാസ പരിപാടി
13. പട്ടികജാതി അതിക്രമങ്ങൾ തടയൽ തുടങ്ങിയവയാണ് പട്ടികജാതി പട്ടികവർഗ്ഗക്ഷേമ നടപ്പു പദ്ധതികൾ

## പോരായ്മകൾ

ഈ വിഭാഗത്തിൽപ്പെട്ടവർ പൊതുവേ സാമൂഹപരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നതിനാൽ അർഹമായ സാമ്പത്തിക സഹായങ്ങൾ നേടുന്നതിനോ, അത് ഫലപ്രദമായി വിനിയോഗിക്കുന്നതിനോ ബോധവാന്മാരല്ല. ഉദ്യോഗസ്ഥതലങ്ങളിൽനിന്നു അർഹരായവർക്ക് കിട്ടേണ്ട സഹായങ്ങൾ യഥാസമയം കിട്ടുന്നതിനുള്ള കാല താമസം. തൊഴിലധിഷ്ഠിത സഹകരണ സംഘങ്ങളുടെ അഭാവം, പട്ടികജാതി—പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള വായ്പാ സൗകര്യങ്ങളുടെ അപര്യാപ്തത.

## ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന പ്രധാന നിർദ്ദേശങ്ങൾ

1. പട്ടികജാതി ക്ഷേമപ്രവർത്തനങ്ങൾ ഊർജിതമാക്കാന പഞ്ചായത്തുതല വിദഗ്ദ്ധ സമിതി രൂപീകരിക്കണം.
2. ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിൽപെട്ടവരെ സ്ഥലം കണ്ടെത്തി കോളനി രൂപീകരിച്ച് പുനരധിവസിപ്പിക്കണം.
3. ഭൂരഹിതരായവർക്ക് സർക്കാർ നൽകുന്ന സഹായം വടക്കേവിള പഞ്ചായത്തിനെ സംബന്ധിച്ച് വളരെ തുച്ഛം ആണ്. ടൗണിനോടു ചേർന്നുകിടക്കുന്ന പഞ്ചായത്തെന്ന നിലയിലും മറ്റു കാരണങ്ങളാലും ഭൂമിവില അടിക്കടി ഉയർന്നുകൊണ്ടിരിക്കുന്നു. ഇത് കണക്കിലെടുത്ത് വേണ്ട നടപടികൾ കൈക്കൊള്ളണം.
4. ഹരിജനങ്ങൾക്ക്, അവരുടെ വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളണം.
5. അർഹരായവർക്ക് കിട്ടേണ്ട സാമ്പത്തിക സഹായങ്ങൾ യഥാസമയം കിട്ടുന്നതിനുവേണ്ട നടപടി ഉണ്ടാകണം.
6. സമുദായ സംഘടനയിൽ അംഗമല്ലാത്ത അംഗങ്ങൾക്ക് സമുദായ സർട്ടിഫിക്കറ്റിന് ആവശ്യം വരുമ്പോൾ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ സാക്ഷ്യപത്രം മതിയാകും എന്ന നിബന്ധന ഏർപ്പെടുത്തുക.
7. ഹരിജനങ്ങൾക്ക് 60 വയസ്സ് കഴിഞ്ഞാൽ വാർദ്ധക്യകാല പെൻഷൻ ഏർപ്പെടുത്തണം.
8. ഹരിജൻ വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസം വരെ സൗജന്യ പഠനസൗകര്യങ്ങൾ ഏർപ്പെടുത്തണം.
9. ഹരിജൻ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസത്തിന് ബോർഡിംഗ് സ്കൂൾ നടപ്പിൽവരുത്തുകയും കോളേജുകളിൽ അഡ്മിഷനുവേണ്ടിയുള്ള സീറ്റ് റിസർവേഷൻ ക്വോട്ട വർദ്ധിപ്പിക്കുകയും വേണം.
10. ഉന്നതവിദ്യാഭ്യാസം കരസ്ഥമാക്കുന്ന ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുവാൻ നടപടി ഉണ്ടാകണം.

11. പി.ഇ.റ്റി.സി, സിവിൽ സർവ്വീസ് പരീക്ഷകൾക്ക് ബ്ലോക്ക്തലത്തിൽ കോച്ചിംഗ് സെൻറർ ആരംഭിക്കണം.
12. ഹരിജൻ കുട്ടികൾക്ക് കലാസാംസ്കാരിക രംഗത്ത് വളരുന്നതിനുവേണ്ട സഹായങ്ങൾ ചെയ്യണം.
13. ലക്ഷം വീടുകളിൽ ഇപ്പോൾ നിലനിന്നുകാണുന്ന കൂട്ടുകുടുംബ സമ്പ്രദായം അവസാനിപ്പിച്ച് ഒരു കുടുംബത്തിന് ഒരു വീട് എന്ന സ്ഥിതി വരുത്തണം.
14. കോളനികളിൽ കുട്ടികൾക്ക് കളിസ്ഥല സൗകര്യം ഒരുക്കണം.
15. വനിതാക്ഷേമം മുൻനിർത്തി, ടെയ്‌ലറിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കറിപൗഡർ നിർമ്മാണം, പർപ്പടകം നിർമ്മാണം, അടുക്കളത്തോട്ടം, ആടുമാടുകളെ വളർത്തുന്നതിന്, ബീഡി നിർമ്മാണം, റെഡിമെയ്ഡ് ഉൽപ്പന്നങ്ങളുടെ വിപണനകേന്ദ്രം തുടങ്ങിയവ ഒറ്റയ്ക്കും യൂണിറ്റടിസ്ഥാനത്തിലും തുടങ്ങുന്നതിന് സർക്കാരിൽനിന്നും സാമ്പത്തിക സഹായങ്ങൾ ഉണ്ടാകണം.
16. ഹരിജൻ കോളനികൾ പൂർണ്ണമായും വൈദ്യുതീകരിക്കുകയും റോഡുകൾ ഗതാഗതയോഗ്യമാക്കുകയും, കുടിവെള്ളം എത്തിക്കുകയും വേണം.
17. പഞ്ചായത്തിലെ ഹരിജൻ സൊസൈറ്റിയ്ക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തതിനാൽ മാറിമാറി വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുമൂലവും, വാടകവർദ്ധനവുമൂലവും സൊസൈറ്റിയുടെ സുഗമമായ നടത്തിപ്പിന് തടസ്സം നേരിടുന്നു. സുഗമമായ നടത്തിപ്പിനുവേണ്ടുന്ന നടപടി ക്രമങ്ങൾ ഉണ്ടാകണം.

## സാദ്ധ്യതകൾ—പരിഹാരങ്ങൾ

1. സംയോജിത ഭവനനിർമ്മാണ ധനസഹായം, ഭൂരഹിത ഭവനരഹിത പദ്ധതി ധനസഹായം തുടങ്ങി പട്ടികജാതി വികസനവകുപ്പ് നടപ്പിലാക്കുന്ന വിവിധതരം ധനസഹായത്തിന് അർഹതയുള്ളത് 8000 രൂപവരെ വാർഷികവരുമാനം ഉള്ള പട്ടികജാതി കുടുംബങ്ങൾക്കാണ്. വാർഷികവരുമാനം 11,000 രൂപ ആയി ഉയർത്തണം.
2. ഗ്രാമവികസനവകുപ്പിൽനിന്നും, പട്ടികജാതി വികസനവകുപ്പിൽനിന്നും ഗ്രാമപഞ്ചായത്ത് മുഖേന അനുവദിക്കുന്ന ഭവന നിർമ്മാണ ഗ്രാൻറ് തുക ഏകീകരിച്ച് 25,000 രൂപയായി ഉയർത്തണം.
3. ഭൂരഹിത പദ്ധതിക്ക് ഇപ്പോൾ 10,000 രൂപയാണ് സഹായമായി നൽകുന്നത്. നിലവിലുള്ള സാഹചര്യത്തിൽ മിനിമം നാലു സെൻറ്സ്ഥലം 10,000 രൂപയ്ക്കു വാങ്ങുന്നത് അപ്രായോഗികമായതിനാൽ 20,000 രൂപ ആയി തുക ഉയർത്തണം.
4. പാർപ്പിട സൗകര്യം മെച്ചപ്പെടുത്തൽ പദ്ധതി പ്രകാരം കക്കൂസ് ഒന്നിന് 2500 രൂപ, കുളിമുറി ഒന്നിന് 2500 രൂപ, ഓട, അഴുക്കുചാൽ ഇവയ്ക്ക് 500 രൂപ, വൈദ്യുതീകരണത്തിന് 1500 രൂപ എന്നീ ക്രമത്തിൽ ആകെ 7,000 രൂപയായി അത് വർദ്ധിപ്പിക്കണം.
5. ഓലമേച്ചിലിന് 500 രൂപയും, ഓട് മേച്ചിലിന് 3000 രൂപയും സഹായമായി ഇപ്പോൾ നൽകുന്നു. അത് യഥാക്രമം 1000 രൂപയും, 5000 രൂപയും ആയി വർദ്ധിപ്പിക്കണം.
6. സാധുക്കളായ പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിന് ഇപ്പോൾ 2000 രൂപ ധനസഹായം നൽകുന്നത് 5000 രൂപ ആയി വർദ്ധിപ്പിക്കുകയും അത് യഥാസമയം കിട്ടുന്നതിന് വേണ്ട ഊർജിത നടപടികളും ഉണ്ടാകണം.
7. പലിശരഹിത വ്യവസായ വായ്പ 15000 രൂപയിൽ നിന്നും 30,000 രൂപയായിട്ടെങ്കിലും വർദ്ധിപ്പിക്കേണ്ടതാണ്.
8. മിശ്രവിവാഹധനസഹായം 2000 രൂപയിൽനിന്നും 5000 രൂപയായി വർദ്ധിപ്പിക്കേണ്ടതാണ്.
9. പ്രീ—പ്രൈമറി വിദ്യാഭ്യാസത്തിന് പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളെ ചേർത്ത് പഠിപ്പിക്കുന്നതിന് ഒരു നഴ്സറി സ്കൂളോ, സ്കൂൾ കുട്ടികൾക്ക് ഒരു പ്രീ—മെട്രിക് ഹോസ്റ്റലോ പഞ്ചായത്തിൽ ആരംഭിക്കണം.
10. വടക്കേവിളയിലുള്ള ഹരിജൻ സൊസൈറ്റിക്ക് സ്വന്തമായി ഭൂമിവാങ്ങുന്നതിനും, കെട്ടിടം നിർമ്മിക്കുന്നതിനും ആവശ്യമായ തുക അടിയന്തിരമായും ഉണ്ടാകണം.
11. 5—ാം വാർഡിലെ തൈവേലിൽ തെക്കതിൽ കോളനി, 8—ാം വാർഡിലെ കൂട്ടിങ്ങൽ കോളനി, 10—ാം വാർഡിലെ വള്ളുവൻതറ കോളനി, 13—ാം വാർഡിലെ താഴത്തുവിള പുതുവയൽ കോളനി, 2—ാം വാർഡിലെ ചിറയിൽ കുളം കോളനി, 7—ാം വാർഡിലെ കുറ്റാത്തുവിള കോളനി എന്നിവ 1—ാം വാർഡിലെ കുന്നത്ത് കോളനി പട്ടികജാതികോളനി (ഹരിജൻ കോളനി) ആയി അംഗീകരിക്കണം.
12. പട്ടികജാതി—പട്ടികവർഗ്ഗ വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കൊടുക്കണം.
13. കോളനി നിവാസികൾക്ക് ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തണം.

# വിഭവ സമാഹരണം

വിഭവങ്ങൾ പരിമിതമാക്കുമ്പോഴാണല്ലോ ആസൂത്രണത്തിന് പ്രസക്തി വർദ്ധിക്കുന്നത്. ജനകീയാസൂത്രണ പ്രസ്ഥാനം വിപുലമായ വിഭവ സമാഹരണ യജ്ഞത്തിനുകൂടി തുടക്കം കുറിക്കുകയാണ്. നമ്മെ പൊതുവായി ബാധിക്കുന്ന പല പ്രശ്നങ്ങൾക്കും കൂട്ടായ പ്രവർത്തിച്ച മുൻപരിചയം മുഴുവൻ വികസന മേഖലകൾക്കും നാം പ്രയോജനപ്പെടുത്താൻ പ്രതിജ്ഞാബദ്ധമാണ്. അതിനാൽ നിലവിലുള്ള വിഭവശേഷി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ നിലവിലുള്ള ശുഷ്കമായ വരുമാനംകൊണ്ട് മാത്രം വികസന മേഖലകളെ പുഷ്ടിപ്പെടുത്താൻ കഴിയുകയില്ല. ഇതിന് വിപുലമായ വിഭവസമാഹരണം ആവശ്യമാണ്. ഇത് അടിസ്ഥാനമാക്കിക്കൊണ്ട് പഞ്ചായത്തിലെ പ്രധാന വരുമാന മാർഗ്ഗങ്ങളെ വിലയിരുത്തണം.

പഞ്ചായത്തിൻെറ പ്രധാന വരുമാനമാർഗ്ഗങ്ങളാണ് കെട്ടിട നികുതി തൊഴിൽ കരം, ചന്തലേലം, ഷോപ്പിംഗ് കോംപ്ലക്സ് വാടക, കമ്മ്യൂണിറ്റിഹാൾ വാടക, വിനോദ നികുതി, ലൈസൻസ് ഫീസ് ഇവയും ഗവൺമെൻറ് കാലാകാലങ്ങളിൽ അനുവദിക്കുന്ന ഫണ്ടും ഉപയോഗിച്ചാണ് വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. പഞ്ചായത്തിലെ ഒരു നിശ്ചിത ശതമാനം ആളുകൾ ജോലി അന്വേഷിച്ച് വിദേശങ്ങളിൽ പോയിട്ടുണ്ട്. ഇത് അവരുടേയും അവരുൾപ്പെടുന്ന സമൂഹത്തിൻെറയും ജീവിത നിലവാരം ഉയർത്താൻ സാഹായിച്ചിട്ടുണ്ട്. വിദേശങ്ങളിൽ നിന്നു ലഭിക്കുന്ന ഈ പണം ഉപയോഗിച്ച് നമ്മുടെ നാട്ടിലെ സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഈ പണം നാഷണൽ ബാങ്കുകളിലേയ്ക്ക് ഒഴുകി പോകുന്നതിനാൽ സഹകരണ ബാങ്കുകൾ പ്രതിസന്ധിയിൽ നിൽക്കുന്നു. നമ്മുടെ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വടക്കേവിള സർവ്വീസ് സഹകരണ ബാങ്ക്, ഈ പഞ്ചായത്തിൽ പ്രവർത്തന പരിധി ഉള്ള കൊല്ലൂർവിള സർവ്വീസ് സഹകരണ ബാങ്ക്, പട്ടത്താനം സർവ്വീസ് സഹകരണ ബാങ്ക് ഇവയാണ് പഞ്ചായത്തിലെ മൂന്ന് പ്രധാന സർവ്വീസ് സഹകരണ ബാങ്കുകൾ ഇവ കൂടാതെ ചില ചിട്ടിഫണ്ടുകളും നിലവിലുണ്ട്.

പഞ്ചായത്തിലെ വരുമാന സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നില്ല; ഭരണച്ചിലവുകളിലെ വർദ്ധനവ്, കോൺട്രാക്ടർമാരും മറ്റിടത്തട്ടുകാരും തട്ടിയെടുക്കുന്ന അമിതലാഭം, വായ്പകളുടെ ലക്ഷ്യം വിട്ടുള്ള വിനിയോഗം, സന്നദ്ധ പ്രവർത്തനങ്ങളുടെ താല്പര്യകുറവ്, സർവ്വീസ് സഹകരണ ബാങ്കുകളിൽ ആളുകൾക്ക് പണം നിക്ഷേപിക്കുന്നതിന് വൈമനസ്യം, സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ മുഖേനയുള്ള ചൂഷണത്തിൽനിന്ന് പാവപ്പെട്ടവരെ രക്ഷിക്കുന്നതിന് കർശനമായ നിയമനടപടികൾക്ക് പഞ്ചായത്ത് തലത്തിൽ രൂപ നൽകേണ്ടതാണ്. ഭരണച്ചിലവിലെ വർദ്ധനവ് കുറയ്ക്കാൻ നടപടി സ്വീകരിക്കുക പ്രാദേശിക സമിതികൾ രൂപീകരിച്ച് പഞ്ചായത്തിൽ വരുന്ന ജോലികൾ അവരെ ഏൽപ്പിക്കുക.

വായ്പകളുടെ ഉപയോഗം പരിശോധിച്ച് ഉറപ്പു വരുത്തുക, സന്നദ്ധ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന പ്രസ്ഥാനങ്ങൾക്ക് മാത്രമായി ഗ്രാൻറ് ചുരുക്കുക, വീടിന് ചെലവാകുന്ന തുക കണക്കാക്കി നികുതി ഈടാക്കുക; കച്ചവടക്കാരിൽ നിന്ന് വിറ്റുവരവിനനുസൃതമായി നികുതി ഈടാക്കണം. ഒരു വിഭാഗം തൊഴിലാളികളിൽനിന്നുമാത്രം തൊഴിൽക്കരം പിരിക്കുന്ന രീതി മാറണം. സ്വകാര്യ സ്ഥാപനങ്ങളിൽ പണിയെടുക്കുന്നവരിൽ നിന്നും നികുതി ഈടാക്കണം.

പാരലൽ കോളേജുകൾക്കും പ്രൈവറ്റ് ആശുപത്രികൾക്കും മറ്റ് സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വാർഷിക രജിസ്ട്രേഷൻ ഫീസ് ചുമത്തി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്, നിർമ്മാണ പ്രവർത്തനത്തിലൂടെയുള്ള വിഭവ സമാഹരണത്തിലൂടെ പഞ്ചായത്ത് സ്ഥലത്ത് ഒരു പൊതുശ്മശാനം നിർമ്മിക്കുക, പഞ്ചായത്തിലെ മുഴുവൻ ബഹുജനസംഘടനകളേയും, കലാസാംസ്കാരിക സമിതികളേയും നേരിട്ട് പങ്കാളികളാക്കുക, പഞ്ചായത്തിൽ നൽകുന്ന അപേക്ഷകളിൻമേലുള്ള ഫീസ് പഞ്ചായത്തിനു ലഭിക്കത്തക്ക തരത്തിൽ ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തുക; നികുതി പിരിക്കാൻ നേതൃത്വം കൊടുക്കാൻ വാർഡ് പ്രതിനിധികളും വാർഡ് വികസന സമിതിയും തയ്യാറാവണം. ഇതും ഒരു വികസന പ്രവർത്തനമാണെന്ന ധാരണ പഞ്ചായത്തിലെ ബഹുജനനേതാക്കൾക്കുണ്ടാവണം. സ്റ്റാമ്പ് ഡ്യൂട്ടി വിഹിതം വർദ്ധിപ്പിക്കണം. സന്നദ്ധ സേവന പ്രവർത്തനങ്ങൾക്ക് തയ്യാറായി വന്നിട്ടുള്ള എല്ലാ ആളുകളേയും ഉൾപ്പെടുത്തി കർമ്മസേന രൂപം നൽകുന്നതാണ്.

**വരവ് ചെലവ് വിവരം 91—96**



# VADAKKEVILA GRAMA PANCHAYATH












അവലംബം : വിദവദൂപടം, സെസ്സ്